
ജോൺ കച്ചിറമററം



# വലിയകപ്പിത്താനും ദൈവദാസൻ ദേവസഹായംപിള്ളയും

www.malankaralibrary.com

# വലിയകപ്പിത്താനും ദേവസഹായംപിള്ളയും

ജോൺ കച്ചിറമറ്റം

www.malankaralibrary.com

MALAYALAM

**VALIYA KAPPITHANUM DEVASAHAYAMPILLAUM**

**By JOHN KACHIRAMATTAM**


| | | |
|---|---|---|
| FIRST PUBLISHED | : | 31-10-2007 ( 10th Birth day of Johns Kachiramattam, the grand daughter of the author) |
| PUBLISHED BY | : | DR. KACHIRAMATTAM FOUNDATION |
| COPY RIGHT | : | DR. KACHIRAMATTAM FOUNDATION |
| DTP SETTING | : | C-CAD GRAPHICS, ERATTUPETTA Ph: 272852 |
| COVER DESIGN | : | JOSEPH FRANCIES PALA Ph: 04822 212066 |
| PRINTED AT | : | PENTA OFFSET, KOTTAYAM |
| PRICE | : | Rs 65/- |


## ഡോ.കച്ചിറമററം ഫൗണ്ടേഷന്റെ പ്രസിദ്ധീകരണങ്ങൾ

1. വലിയകപ്പിത്താനും ദേവസഹായംപിള്ളയും - ജോൺകച്ചിറമറ്റം
2. ഇടിമുഴക്കം കേട്ടതെപ്പോൾ - ജോൺകച്ചിറമററം
3. നിധീരിക്കലച്ചനും ജാതൈ്യക്യസംഘവും - ജോൺ കച്ചിറമറ്റം
4. കാത്തലിക് ഗ്രീവൻസസ് - ജോൺകച്ചിറമറ്റം
5. കേരള സഭാപ്രതിഭകൾ - ജോൺകച്ചിറമറ്റം
6. നായർ ഈഴവ ഐക്യം - ജോൺകച്ചിറമറ്റം
7. തിരഞ്ഞെടുക്കപ്പെട്ട മുഖപ്രസംഗങ്ങൾ - ജോൺകച്ചിറമറ്റം
8. തച്ചിൽ മാത്തുത്തരകൻ - ജീവചരിത്രം - ജോൺകച്ചിറമറ്റം
9. പാപ്പായുടെ നാട്ടിൽ - യാത്രാവിവരണം - ജോൺകച്ചിറമറ്റം
10. പ്രസിഡണ്ടിന്റെ കത്തുകൾ - ജോൺകച്ചിറമറ്റം
11. കേരള സഭാരത്നങ്ങൾ - ഒന്നാംഭാഗം - ജോൺകച്ചിറമറ്റം
12. കേരള സഭാരത്നങ്ങൾ - രണ്ടാംഭാഗം - ജോൺകച്ചിറമറ്റം
13. ഷെവ. ഇലഞ്ഞിക്കൽ കുഞ്ഞിത്തൊമ്മൻ ജീവചരിത്രം - ജോൺകച്ചിറമറ്റം
14. ക്രൈസ്തവരും ദേശീയപ്രസ്ഥാനങ്ങളും - ജോൺകച്ചിറമറ്റം
15. വചനപ്രകാശം - ഡോ. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
16. കുരിശിന്റെ വഴി - ഡോ. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
17. Homilies and Reflections (Part I) - Rev.Dr.A.Kachiramattam
18. Homilies and Reflections (Part II) - Rev.Dr.A.Kachiramattam
19. Why American youth Turn to Budha "
20. Evolution in the human concept of God "
21. Re-discovery of India "
22. Catholic Eastern Churches "
23. Prepare the way of the Lord "
24. ഓശാന - ഗവേഷണങ്ങളുടെ തനിനിറം - ജോൺകച്ചിറമററം

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# സമർപ്പണം



എന്റെ പ്രിയ പിതൃസഹോദരി ദിവംഗതയായ റവ. സി. ജോസഫീനാ കച്ചിറമറ്റം എഫ്. സി.സി അവർകളുടെ പാവനസ്മരണയ്ക്ക് ഈ ഗ്രന്ഥം സവിനയം സമർപ്പിക്കുന്നു.

www.malankaralibrary.com

# ഉള്ളടക്കം


പുറം

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ
അവതാരിക - റവ. ഡോ. കുര്യൻ മാതോത്ത്
ആമുഖം

ഭാഗം I

**വലിയകപ്പിത്താൻ**

1. അന്നത്തെ കേരളം ..... 13
2. വിദേശീയർ കേരളത്തിൽ ..... 16
3. കുളച്ചൽയുദ്ധം ..... 17
4. ഡച്ചു തടവുകാർ ..... 20
5. യുദ്ധരംഗത്ത് ..... 25
6. വലിയ കപ്പിത്താൻ ..... 33
7. ദളവായുടെയും മഹാരാജാവിന്റെയും നിര്യാണം ..... 35
8. കൊച്ചി രാജ്യത്തെപ്പറ്റി ..... 39
9. ഡിലെനോയിയുടെ അന്ത്യം ..... 44
10. ഡിലെനോയിയുടെ കുടുംബജീവിതം ..... 50
11. ചരിത്രഗ്രന്ഥങ്ങളിൽ ..... 54
12. രാമയ്യൻ ദളവയും ഡിലെനോയിയും ..... 58

ഭാഗം II

**ദൈവദാസൻ ദേവസഹായംപിള്ള**

1. ജനനവും ബാല്യവും ..... 61
2. ക്യാപ്റ്റൻ ഡിലെനോയി ..... 61
3. നീലകണ്ഠപ്പിള്ളയുടെ മാനസാന്തരം ..... 62
4. ഭാര്യയുടെ വാദമുഖങ്ങൾ ..... 64
5. സന്യാസ ജീവിതം ..... 65
6. രാജസന്നിധിയിൽ ..... 67
7. കരാഗൃഹത്തിൽ ..... 69
8. കവിയോടൊപ്പം ജയിലിൽ ..... 70
9. ഉണക്കമരം തളിർക്കുന്നു ..... 73
10. ദേവസഹായംപിള്ളയുടെ രക്തസാക്ഷിത്വം ..... 76


www.malankaralibrary.com

# ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ



കേരള ക്രൈസ്തവ സഭയ്ക്ക് പല പ്രഗല്ഭ രായ വൈദികരെയും കന്യാസ്ത്രീകളെയും അൽമായ പ്രമുഖരെയും സംഭാവന ചെയ്തിട്ടുള്ള രാമപുരത്തെ കച്ചിറമററം കുടുംബത്തിൽ (ശങ്കരപുരി കുടുംബശാഖ) 1934 ജൂൺ 12 –ന് ഫാ. അഗസ്റ്റിൻ ഭൂജാതനായി. 1961 മാർച്ച് 15 –ന് അഗസ്റ്റിൻ പൗരോ ഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

ഫിലോസഫി, തിയോളജി, കാനൻ ലോ എന്നിവയിൽ അഗാ ധമായ പാണ്ഡിത്യം നേടിയ ഫാ. അഗസ്റ്റിൻ മദ്രാസ് ലയോള കോളേ ജിൽ നിന്ന് ബി.എസ്സി.യും ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്ന് എം.എസ്സി.യും കർണ്ണാടക യൂണിവേഴ്സിററിയിൽ നിന്ന് തത്വശാ സ്ത്രത്തിൽ എം.എ.യും, ബൽഗാം ലോകോളേജിൽ നിന്ന് എൽ.എൽ.ബി.യും മൈസൂർ റീജണൽ കോളേജിൽ നിന്ന് ബി.എഡും. ബിരുദങ്ങൾ സമ്പാദിച്ചു. അമേരിക്കയിലെ നോട്ടർഡാം യുണിവേഴ്സിററിയിൽ നിന്ന് കൗൺസലിംഗിൽ ഡോക്ടർ ബിരുദവും ഗ്രാഡ്വേററ് തിയോളജിക്കൽ ഫൗണ്ടേഷന്റെ ഫെലോഷിപ്പും കരസ്ഥ മാക്കി. ഏഷ്യാ, ആഫ്രിക്ക, യുറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡ ങ്ങളിലെ നിരവധി രാജ്യങ്ങൾ അദ്ദേഹം സന്ദർശിക്കുകയും വിവിധ ജനപദങ്ങളും സംസ്കാരങ്ങളുമായി ഇടപഴകുകയും അവരുടെ ഭാഷകളും ആചാരരീതികളും പരിചയപ്പെടുകയും ചെയ്തു.

അറാമിക്ക്, ഗ്രീക്ക്, ലാറ്റിൻ, ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീ ഭാഷകളിൽ അവഗാഹം നേടിയ ഡോ. അഗസ്റ്റിൻ "കിക്കാമ്പ്", "കിസ്ഹിലി", തമിഴ് എന്നീ ഭാഷകൾ ഏറെക്കുറെ സ്വായത്തമാക്കു കയുണ്ടായി.

പാലാ രൂപതയ്ക്കുവേണ്ടി വൈദികപട്ടമേറ്റ അദ്ദേഹം രൂപതാ ദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം മദ്രാസ്, ബൽഗാം (ഇന്ത്യ), മച്ചാ ക്കോസ് (ആഫ്രിക്ക), ന്യൂയോർക്ക്, ക്യാനഡ, ഡെൻവർ (നോർത്ത് അമേരിക്ക) എന്നീ രൂപതകളിൽ സേവനം അനുഷ്ഠിച്ചു. ആശു പത്രികൾ, നേഴ്സിംഗ് ഹോമുകൾ, കന്യകാലയങ്ങൾ ഫോർമേഷൻ ഹൗസുകൾ എന്നിവയുടെ ചാപ്ലയിൻ ആയി പ്രവർത്തിച്ചിട്ടുള്ള ഡോ. അഗസ്റ്റിൻ, കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ രൂപതാ ഡയറക്ടർ, കർണ്ണാടക സ്റ്റേററ് കാത്തലിക് സ്കൂൾ മാനേജ്മെന്റ് അസോസി യേഷൻ എക്സിക്യൂട്ടിവ് അംഗം, ബൽഗാം ഡയോസിഷൻ ബോർഡ്

www.malankaralibrary.com

ഓഫ് എഡ്യൂക്കേഷൻ സ്ഥാപക സെക്രട്ടറി, ഹൈസ്കൂൾ ഹെഡ് മാസ്റ്റർ, പ്രിൻസിപ്പൽ, കേരളത്തിലെ അംഗീകൃത ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ പ്രസിഡന്റ്, കേരള കാത്തലിക്ക് ട്രസ്റ്റ് ട്രഷറർ, വൈസ് പ്രസിഡന്റ് എന്നിങ്ങനെ വിവിധ നിലകളിൽ സേവനം അനുഷ്ഠിക്കുകയുണ്ടായി.

അമേരിക്കയിലെ വിശ്വവിഖ്യാതമായ നൈററ്സ് ഓഫ് കൊളംബസ് എന്ന സംഘടനയുടെ ആയുഷ്കാലാംഗമായിരുന്ന ഡോ.കച്ചിറമറ്റത്തിന് അദ്ദേഹത്തിന്റെ നിസ്തുല സേവനങ്ങളെ ആദരിച്ച് ഫോർത്ത് ഡിഗ്രി അംഗത്വം നല്കി. പ്രസ്തുത സംഘടനയുടെ ചാപ്ലിനായി തുടർന്ന് നിയമിക്കപ്പെട്ടു.

ബുദ്ധിജീവികളെ മാത്രം അംഗങ്ങളായി സ്വീകരിക്കുന്ന അമേരിക്കയിലെ ടോർച്ച് ക്ലബ് ഇന്റർനാഷണലിന്റെയും ബോൾഡർ നഗരത്തിലെ ചരിത്ര സാംസ്കാരിക ഗ്രൂപ്പിന്റെയും അംഗമെന്ന നിലയിൽ പ്രവർത്തിച്ച അദ്ദേഹം അമേരിക്കൻ സാമൂഹിക ജീവിതത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചു.

1990 -ൽ അമേരിക്കയിൽ നിന്നും മടങ്ങിയെത്തിയ ഡോ. അഗസ്റ്റിൻ പാലാ രൂപതയിലെ അരുണാപുരം പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ നേതൃത്വത്തിൽ അരുണാപുരം പള്ളി പണിയാരംഭിച്ചു. ദേവാലയത്തിന്റെ പണി പൂർത്തിയാക്കുന്നതിനു മുമ്പേ 1993 മാർച്ച് 27 -ന് അദ്ദേഹം നിര്യാതനായി. മൃതദേഹം സ്വന്തം ഇടവകയായ പിഴക് ഉറുമ്പുകാവ് ദേവാലയ സിമിററിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ മാർച്ച് 28-ന് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്ക്കരിക്കപ്പെട്ടു.

യശഃശ്ശരീരനായ റവ.ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ പാവനസ്മരണ നിലനിർത്താനായി രൂപീകരിച്ചതാണ് ഡോ. കച്ചിറമററം ഫൗണ്ടേഷൻ 1993 ജൂൺ 12 -ന് ആരംഭിച്ച ഫൗണ്ടേഷന്റെ ഔപചാരികമായ ഉത്ഘാടനം അത്യുന്നത കർദ്ദിനാൾ മാർ ആന്റണി പടിയറ 1994 ജനുവരി 8-ാം തീയതി നിർവ്വഹിച്ചു. ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഇതിനകം ഇരുപത്തിമൂന്ന് ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. "വലിയകപ്പിത്താനും ദേവസഹായംപിള്ളയും" എന്ന ഈ ഗ്രന്ഥം ഇരുപത്തിനാലാമത്തെ പുസ്തകമാണ്.

www.malankaralibrary.com



# അവതാരിക

ധീരന്മാരും ദേശസ്നേഹികളുമായ മഹദ്വ്യക്തികളുടെ ചരിത്രം പഠിക്കുമ്പോൾ മാത്രമേ, മുൻതലമുറകൾ അനുഷ്ഠിച്ച ത്യാഗങ്ങളും അവർ നൽകിയ നേതൃത്വവും എത്ര മഹത്തരമായിരുന്നുവെന്ന് മനസ്സിലാകയുള്ളു. മതപരവും ദേശീയവും സാമൂഹ്യവുമായ മണ്ഡലങ്ങളിലെല്ലാം ചുരുക്കം ചില വ്യക്തികൾ അവസരത്തിനൊത്തു പരിശ്രമിച്ചിരുന്നില്ലെങ്കിൽ ഇന്നു വിവിധ മണ്ഡലങ്ങളിൽ നാം കൈവരിച്ചിട്ടുള്ള നേട്ടം ഉണ്ടാകുമായിരുന്നില്ല. എങ്കിലും ചരിത്രവസ്തുതകൾ എഴുതി സൂക്ഷിക്കുന്ന കാര്യത്തിൽ നാം എക്കാലവും പിന്നിലായിരുന്നു എന്നത് ഒരു പരമാർത്ഥമാണ്. അതുകൊണ്ട് അവശ്യം അറിഞ്ഞിരിക്കേണ്ട പലസംഭവങ്ങളെയും അവയ്ക്കെല്ലാം നേതൃത്വം കൊടുത്ത ആളുകളെയും പറ്റിയുള്ള വിവരങ്ങൾ ഇന്നു ലഭ്യമല്ല. ഇപ്രകാരം വിസ്മൃതിയിൽ ആണ്ടുകിടക്കുന്ന കാര്യങ്ങളെപ്പെറ്റി അന്വേഷണം നടത്തി, അവയെല്ലാം ജനമദ്ധ്യേ അവതരിപ്പിക്കുന്നതിന് ശ്രീ. ജോൺ കച്ചിറമറ്റം ചെയ്യുന്ന പരിശ്രമം അഭിനന്ദനാർഹമാണ്.

വലിയ കപ്പിത്താൻ എന്ന പേരിലറിയപ്പെടുന്ന തിരുവിതാംകൂർ സൈന്യാധിപൻ ഡിലനോയി, രക്തസാക്ഷിയായി മരിച്ച ദേവസഹായംപിള്ള എന്നീ രണ്ടു ശ്രേഷ്ഠ വ്യക്തികളുടെ ജീവചരിത്രം 'വലിയകപ്പിത്താനും ദേവസഹായംപിള്ളയും' എന്ന ലഘുഗ്രന്ഥത്തിലൂടെ അനാവരണം ചെയ്തിരിക്കയാണിവിടെ.

തിരുവിതാംകൂർ രാജാവായിരുന്ന മാർത്താണ്ഡവർമ്മ ഡച്ചുകാരുമായി കുളച്ചലിൽ ഏറ്റുമുട്ടിയപ്പോൾ, പരാജിതരായ വിദേശികളിൽ നിന്ന് തടവുകാരായി പിടിക്കപ്പെട്ട പടയാളികളിലൊരുവനായിരുന്നു യുസ്റ്റേഷ്യസ് ബനഡിക്ട് ഡിലനോയി. മഹാരാജാവിന്റെ പ്രത്യേക പരിഗണനക്കു പാത്രീഭൂതനായ 26 കാരൻ ഡിലനോയിയെ അദ്ദേഹം സർവ്വസൈന്യാധിപനായി നിയമിച്ചു.

ബൽജിയത്തെ ഒരു കത്തോലിക്കാ കുടുംബത്തിൽ 1714 ലാണ് ഡിലനോയിയുടെ ജനനം. യൂറോപ്യൻ മാതൃകയിൽ തിരുവിതാംകൂർ സൈന്യത്തിനു പരിശീലനം നൽകിയ കപ്പിത്താൻ, മാർത്താണ്ഡവർമ്മയുടെ പടയോട്ടങ്ങളിൽ മുഖ്യസാരഥിയായി മുപ്പത്താറുവർഷം

www.malankaralibrary.com

സേവനം ചെയ്തു. മാതൃകാപരമായി ക്രൈസ്തവ ജീവിതം നയിച്ച അദ്ദേഹം കത്തോലിക്കാ സമുദായത്തിന്റെ വളർച്ചയിൽ അതീവ തൽപരനായിരുന്നു. 1765 സെപ്തംബർ 16-ന് ഉദയഗിരിക്കോട്ട യിൽവച്ചു നിര്യാതനായി; അവിടെത്തന്നെ സംസ്കരിക്കുകയും ചെയ്തു.

വലിയ കപ്പിത്താനായ ഡിലനോയിയുടെ ജീവിത മാതൃകയും സാരോപദേശങ്ങളും ഉത്തമ ക്രൈസ്തവ സാക്ഷ്യംതന്നെയായിരുന്നു. അതുവഴി ജ്ഞാനസ്നാനം സ്വീകരിച്ച് സഭയിലേക്കു വന്നവരിൽ പ്രമുഖനായിരുന്നു ദേവസഹായംപിള്ള. ഉയർന്ന ജാതിക്കാരനായ പിള്ള ക്രിസ്തുമതക്കാരനായത് വലിയ എതിർപ്പിനു കാരണമായി. ബന്ധുക്കളും മിത്രങ്ങളുമെല്ലാം അദ്ദേഹത്തെ പിന്തിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും അദ്ദേഹം തന്റെ വിശ്വാസത്തിൽ ഉറച്ചുനിന്നു. എല്ലാ ശ്രമങ്ങളും, വിഫലമായപ്പോൾ രാജാവുതന്നെ അദ്ദേഹത്തെ വധശിക്ഷക്കുവിധിച്ചു. ഘോരമായ പീഡനങ്ങൾക്കുശേഷം രാജഭടന്മാർ കാറ്റാടിമലയിൽവച്ച് ദേവസഹായംപിള്ളയെ വെടിവച്ചുകൊലപ്പെടുത്തി. 1752 ജനുവരി 4 ന് ആയിരുന്നു അദ്ദേഹം രക്തസാക്ഷി മകുടം ചൂടിയത്.

ആ ധീര രക്തസാക്ഷിയുടെ നാമകരണ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

മലയാള നാടിന്റെ നന്മയ്ക്കുവേണ്ടി പടപൊരുതുകയും വിശ്വാസ സംരക്ഷണത്തിനുവേണ്ടി ജീവാർപ്പണം ചെയ്യുകയും ചെയ്ത ഈ മഹാത്മാക്കളെപ്പോലും ചില ആധുനിക ചരിത്രകാരന്മാർ അവഗണിക്കുകയാണ്. ചരിത്രകാരന്മാരുടെ നെറ്റിപ്പട്ടം കെട്ടുന്ന ചിലർ മൺമറഞ്ഞ മഹാന്മാരെ അംഗീകരിക്കാൻ മടിക്കുന്നത് ഖേദകരമാണ്. ഇന്നലെകളിലൂന്നിയാണ് ഇന്ന് നിൽക്കുന്നതെന്ന് അവർക്ക് മനസ്സിലാകുന്നില്ലെന്നു തോന്നുന്നു. ഇന്ന് ഇന്നലെകളായി നാളെ മാറുമ്പോൾ, ഇന്നത്തെ മാന്യന്മാരുടെ സ്ഥിതിയും വ്യത്യസ്ഥമായിരിക്കില്ലെന്ന് അവർ ഗ്രഹിച്ചിരുന്നെങ്കിൽ!

ഇവിടെയാണ് ശ്രീ. ജോൺ കച്ചിറമറ്റത്തിന്റെ വിജയം. ഉത്കൃഷ്ട സേവനം ചെയ്തവരെങ്കിലും വിസ്മൃതിയിലാണ്ടുപോയ മഹത്വ്യക്തികൾക്ക് പുനർജന്മം നൽകുകയാണ് ശ്രീ. കച്ചിറമറ്റം തന്റെ ഗവേഷണ പഠനങ്ങളിലൂടെ. ഗ്രന്ഥകർത്താവിന് അഭിനന്ദനങ്ങളും പുസ്തകത്തിന് പ്രചുരപ്രചാരവും ആശംസിക്കുന്നു.

രാമപുരം
31-10-2007

ഡോ. കുര്യൻ മാതോത്ത്
സെന്റ് അഗസ്റ്റ്യൻസ് ഫൊ. പള്ളി

www.malankaralibrary.com

# ആമുഖം

ആധുനിക തിരുവിതാംകൂറിന്റെ സൃഷ്ടാവ് എന്നപേരിനർഹനായി തീർന്ന ഒരു മഹാപുരുഷനാണ് ക്യാപ്റ്റൻ ഡിലെനോയി. തിരുവിതാംകൂറിലെ അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെയും അദ്ദേഹത്തിന്റെ അനന്തരഗാമിയായിരുന്ന കാർത്തിക തിരുനാൾ രാമവർമ്മ മഹാരാജാവിന്റെയും സർവ്വസൈന്യാധിപനായിരുന്ന് ആധുനിക തിരുവിതാംകൂറിനെ കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായകമായ പങ്കു വഹിച്ച ക്യാപ്റ്റൻ ഡിലെനോയിയുടെ മഹത്വത്തെയും സേവനങ്ങളെയും പറ്റി യഥാർത്ഥ പഠനം നടത്തുവാൻ ആരും തന്നെ തയ്യാറായിട്ടില്ല. അദ്ദേഹം ഒരു വിദേശിയായിരുന്നതു കൊണ്ടും ഒരു കത്തോലിക്കനായിരുന്നതു കൊണ്ടും അദ്ദേഹത്തിന്റെ സേവനങ്ങളെ നിസ്സാരീകരിക്കുന്നതിനാണ് പല ചരിത്രകാരന്മാരും പരിശ്രമിച്ചിട്ടുള്ളത്.

മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ദിഗ്വിജയത്തിന് പ്രധാനമായുംസഹായിച്ചത് ഡിലെനോയി എന്ന യൂറോപ്യൻ കത്തോലിക്കനും രാമയ്യൻഎന്ന തമിഴ് ബ്രാഹ്മണനുമായിരുന്നു. എന്നാൽ അതുകൊണ്ട് രാഷ്ട്രീയമായ മുതലെടുപ്പു നടത്തിയത് രാമയ്യൻ മാത്രമായിരുന്നു. രാമയ്യൻ ദളവായോടൊപ്പം മഹാരാജാവിനെ സേവിച്ച ക്യാപ്റ്റൻ ഡിലെനോയി രാജ്യകാര്യങ്ങളിൽ മാത്രം ശ്രദ്ധപതിപ്പിച്ചു. വ്യക്തിപരമായ നേട്ടങ്ങൾക്കുവേണ്ടി തന്റെ അധികാരവും സ്വാധീനവും വിനിയോഗിക്കുന്നതിൽ ഒട്ടും താല്പര്യമില്ലാത്തവനുമായിരുന്നു അദ്ദേഹം.

ഡിലെനോയി ഒരു ഉറച്ച കത്തോലിക്ക വിശ്വാസിയായിരുന്നു. അന്ന് തെക്കൻ തിരുവിതാംകൂറിൽ പ്രവർത്തിച്ചിരുന്ന പല ഈശോസഭാവൈദീകരുമായി അടുത്തബന്ധം സ്ഥാപിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. അദ്ദേഹത്തിന്റെ ക്രൈസ്തവജീവിതം വളരെയേറെപ്പേരെ ആകർഷിക്കുകയും ചെയ്തു. മാതൃകാപരമായ ക്രൈസ്തവ ജീവിതം നയിച്ച ഡിലെനോയിയുടെ ആത്മസുഹൃത്തായിരുന്നു രാജകൊട്ടാരത്തിൽ വളരെയേറെ സ്വാധീനവും സമുദായത്തിൽ സമുന്നതമായ സ്ഥാനവും ഉണ്ടായിരുന്ന നീലകണ്ഠപിള്ള. ഡിലെനോയുമായിട്ടുള്ള സമ്പർക്കത്തിന്റെ ഫലമായി ക്രൈസ്തവ മതത്തെപ്പറ്റി കൂടുതൽ അറിയുന്നതിനും പഠിക്കുന്നതിനും അദ്ദേഹത്തിന് സാധിച്ചു. ഭൗതിക നേട്ടങ്ങളുടെ അസ്ഥിരതയും സ്വർഗ്ഗീയ

www.malankaralibrary.com

സമ്പത്തിന്റെയും സുസ്ഥിരതയും മനസ്സിലാക്കിയ നീലകണ്ഠപിള്ള വടക്കൻകുളം പള്ളിവികാരിയിൽ നിന്നും ജ്ഞാനസ്നാനം സ്വീകരിച്ചു. അദ്ദേഹത്തിന്റെ മാതൃകാപരമായ ജീവിതവും ഉൽബോധനങ്ങളും അനേകം ഹിന്ദുക്കളെ കത്തോലിക്കാ സഭയിലേക്ക് ആനയിച്ചു. നീലകണ്ഠപിള്ള ലാസറസ് എന്ന പേരാണ് സ്വീകരിച്ചത്. അദ്ദേഹം ദേവസഹായംപിള്ള എന്ന പേരിലാണ് അറിയപ്പെട്ടത്. അധികം താമസിയാതെ ഭാര്യയും ക്രൈസ്തവമതം സ്വീകരിച്ചു.

ക്യാപ്റ്റൻ ഡിലെനായിയേയും ദേവസഹായംപിള്ളയേയും തിരുവിതാംകൂറിനും ഇവിടുത്തെ ക്രൈസ്തവർക്കും ഒരിക്കലും വിസ്മരിക്കാനാവില്ല. തിരുവിതാംകൂറിലെ പല ചരിത്രകാരന്മാരും സത്യത്തെ മറച്ചുവക്കുകയും ഈ പുണ്യാത്മാക്കളെ ആക്ഷേപിക്കുകയും ചെയ്യുന്നതിൽ പ്രത്യേക വൈദഗ്ദ്ധ്യം കാണിച്ചിട്ടുണ്ട്. ആ മഹാപുരുഷന്മാരുടെ അപദാനങ്ങൾ യഥാതഥം ഗ്രഹിക്കത്തക്കവണ്ണം അവരുടെ ജീവിതത്തിലേക്ക് ഒന്ന് എത്തിനോക്കുകയാണ് ഈ ഗ്രന്ഥത്തിൽ.

ഈ ഗ്രന്ഥത്തിന് പണ്ഡിതോചിതമായ ഒരു അവതാരിക എഴുതിത്തന്ന് സഹായിച്ചത് പ്രമുഖ ചരിത്രകാരനും നിരവധി ഗ്രന്ഥങ്ങളുടെ കർത്താവുമായ റവ. ഡോ. കുര്യൻ മാതോത്ത് അവർകളാണ്. അദ്ദേഹത്തോടുള്ള നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.

ഈ ഗ്രന്ഥത്തിന്റെ ഡി.റ്റി.പി. ജോലി ഭംഗിയായും കൃത്യസമയത്തും തയ്യാറാക്കി തന്ന സി-കാഡ് കമ്പ്യൂട്ടേഴ്സ് (ഈരാറ്റുപേട്ട) പ്രവർത്തകരോടും ഭംഗിയായി അച്ചടിച്ചുതന്ന പെന്റാ ഓഫ്സെറ്റ് പ്രവർത്തകരോടും നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.

ജോൺ കച്ചിറമറ്റം

രാമപുരം
പിഴക്
31-10-2007

www.malankaralibrary.com

# ഭാഗം - 1

# വലിയകപ്പിത്താൻ

## 1. അന്നത്തെ കേരളം

ഭാരതത്തിലെ മറ്റേതുപ്രദേശത്തിലുമെന്നപോലെ കേരളത്തിലും രാജപദവി ഒന്നാം നൂറ്റാണ്ടുമുതൽ നിലവിലിരുന്നു. വിശാല തമിഴകത്തിന്റെ ഭാഗമായിരുന്ന കേരളത്തിൽ സുശക്തമായ രാജഭരണമുണ്ടായിരുന്നു. എ.ഡി. 800-1102 രണ്ടാം ചേരസാമ്രാജ്യഭരണകാലം എല്ലാംകൊണ്ടും നല്ലകാലമായിരുന്നു. (ഒന്നാം ചേരസാമ്രാജ്യത്തെപ്പറ്റി വ്യക്തമായ അറിവുകൾ നമുക്ക് ലഭിച്ചിട്ടില്ല) മഹോദയപുര (തിരുവഞ്ചിക്കുള)മായിരുന്നു രണ്ടാം ചേരസാമ്രാജ്യത്തിന്റെ തലസ്ഥാനം. സംസ്കൃതം, മലയാളം, തമിഴ് ഭാഷകൾ അഭിവൃദ്ധി നേടിയതും ഹിന്ദുമതത്തിന് അടിത്തറിയിട്ടതും ശങ്കരാചാര്യർ (788-820) അദ്വൈത വേദാന്തം പ്രചരിപ്പിച്ചതും മലയാള കൊല്ലവർഷം നിലവിൽവന്നതും (825 ൽ) രണ്ടാംചേരസാമ്രാജ്യത്തിന്റെ കാലത്താണ്

ചോള-പാണ്ഡ്യരാജ്യങ്ങൾ തുടർച്ചയായി ചേരസാമ്രാജ്യത്തെ ആക്രമിച്ചുകൊണ്ടിരുന്നു. ആ ആക്രമണഫലമായി ചേരസാമ്രാജ്യം തകർന്നു. അതോടെ പല പ്രദേശങ്ങളും സ്വതന്ത്രമാവുകയും ഈ പ്രദേശങ്ങളുടെ ഭരണകർത്താക്കളായി നാടുവാഴികൾ രംഗത്തുവരുകയും ചെയ്തു. ഒരുതരം ഫ്യൂഡലിസമാണ് ഇവിടെ നിലവിൽ വന്നത്. മദ്ധ്യകാലങ്ങളിൽ യൂറോപ്പിൽ ഉണ്ടായിരുന്ന പ്രഭുഭരണമെന്നുതന്നെ പറയാം. അന്നത്തെ സ്ഥിതിഗതികളുടെ ചരിത്രം മനസ്സിലാക്കണമെങ്കിൽ വേണാടിന്റെ ചരിത്രം പഠിച്ചാൽ മതിയാകും. കേരളത്തിന്റെ തെക്കേയറ്റത്തെ ചെറിയ ഭൂവിഭാഗമായിരുന്നു വേണാട്. കന്യാകുമാരി മുതൽ ഇടവാ വരെയുള്ള ഈ രാജ്യത്തിന്റെ ഭരണാധികാരി രാജാവായിരുന്നുവെങ്കിലും അവിടെ ഭരണം നിർവ്വഹിച്ചിരുന്നത് ഏതാനും നായർ പ്രഭുക്കളായിരുന്നു. ശ്രീപത്മനാഭസ്വാമിക്ഷേത്രം സംബന്ധിച്ചുള്ള സകല ഭരണാധികാരങ്ങളും ജന്മിമാരായ എട്ടുപോറ്റിമാർക്കായിരുന്നു. പങ്കജാക്ഷൻ നായരുടെ തിരുവിതാംകൂർ ചരിത്രത്തിൽ (പേജ് 23,24) ഇപ്രകാരം എഴുതിയിരിക്കുന്നു. "ക്ഷേത്രം വക അനവധി സ്വത്തുക്കൾ ഇവരുടെ കൈവശത്തിലായി. ഈ എട്ടുപോറ്റിമാരുടെയും കാര്യസ്ഥനായി അതിശക്തന്മാരായ എട്ടു പ്രഭുക്കന്മാരുണ്ടായിരുന്നു. ക്ഷേത്രവസ്തുക്കളുടെ ആദായം എടുത്തുവന്നിരുന്നതും ക്ഷേത്രത്തോടനുബന്ധിച്ചുള്ള ഗ്രാമങ്ങളിൽനിന്ന് കരം പിരിച്ചിരുന്നതും കരനാഥന്മാരും സൈനികബലം ഉള്ളവരുമായ ഈ എട്ടുവീ

www.malankaralibrary.com

ട്ടിൽപിള്ളമാരത്രേ. ഇവർക്ക് ധനബലവും സൈനീക ബലവും നാൾക്കുനാൾ വർദ്ധിച്ചുവന്നതോടെ മഹാരാജാവിന്റെ അധികാരങ്ങൾ കുറഞ്ഞുവന്നു. എട്ടു വീട്ടിൽപിള്ളമാരുടെ കീഴിൽ നിരവധി മാടമ്പിമാരും ഇടപ്രഭുക്കന്മാരും ഇവർക്ക് സഹായികളായി പ്രവർത്തിച്ചുകൊണ്ടിരുന്നു."

ദേവസ്വം നികുതി പിരിക്കുന്നതിന് ചുമതലപ്പെടുത്തിയിരുന്ന എട്ടു വീട്ടിൽ പിള്ളമാരുടെമേൽ രാജാവിന് യാതൊരു അധികാരവും ഇല്ലാത്ത നില വന്നു. വേണാടിന് ഇക്കാലത്ത് പാണ്ഡ്യരാജാക്കന്മാരുമായി തുടരെ തുടരെ യുദ്ധത്തിലേർപ്പെടേണ്ടി വന്നു. ഈ സാഹചര്യം പിള്ളമാർക്ക് കൂടുതൽ അധികാരം കൈവശപ്പെടുത്തുന്നതിനുള്ള സുവർണ്ണാവസരമായിരുന്നു. ശങ്കുണ്ണി മേനോൻ രചിച്ച തിരുവിതാംകൂർ ചരിത്രഗ്രന്ഥത്തിന്റെ 9-ാം പേജിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "187 വർഷം നീണ്ടു നിന്ന 17 രാജാക്കന്മാരുടെ ഭരണകാലത്ത് യോഗക്കാരുടെയും എട്ടുവീട്ടിൽ പിള്ളമാരുടെയും സിൽബന്തികളായ മാടമ്പിക്കാരുടെയും എതിർപ്പും ഉപദ്രവങ്ങളും തുടർന്നുകൊണ്ടേയിരുന്നു. (ആദിത്യ വർമ്മയുടെ കാലത്ത്) ഇവർ രാജപക്ഷക്കാരെ എതിർക്കുകയും രാജകുടുംബത്തിന് ഏറ്റവും ഉപദ്രവം ഉണ്ടാകത്തക്കവണ്ണം എല്ലാത്തരം മർദ്ദനങ്ങളും അഴിച്ചുവിടുകയും ചെയ്തു. രാജാവ് അവരുടെ അക്രമപ്രവർത്തനങ്ങൾക്ക് ശാന്തനായി കീഴടങ്ങി."

തച്ചിൽ മാത്തുതരകന്റെ ജീവചരിത്രഗ്രന്ഥത്തിൽ ശ്രീ. എം.ഒ. ജോസഫ് നെടുംകുന്നം ഇങ്ങനെ എഴുതിയിരിക്കുന്നു. (പേജ് 27, 28) "രാജസ്ഥാനം തന്നെ ഉന്മൂലനം ചെയ്യുന്നതിനുള്ള ശ്രമത്തിൽ അവർ ഏർപ്പെട്ടു. ഒരു ദിവസം ആദിത്യവർമ്മ രാജാവിന്റെ കൊട്ടാരം അഗ്നിക്കിരയായി. അടുത്തുതന്നെ യോഗക്കാർ നൽകിയ നിവേദ്യം കഴിച്ച് രാജാവ് വിഷബാധയേറ്റു നിര്യാതനായി. ആദിത്യവർമ്മയുടെ അനന്തിരവളായ ഉമയമ്മറാണിയുടെ അഞ്ചുകുമാരന്മാർ കളിപ്പാൻ കുളത്തിൽ വച്ച് വധിക്കപ്പെട്ടു. രാജകുടുംബത്തിൽ റാണിയും 9 വയസ്സു പ്രായമുള്ള അവരുടെ പുത്രനും മാത്രം ശേഷിച്ചു. പ്രാണരക്ഷാർത്ഥം അവർ നെടുമങ്ങാട്ടെ കൊട്ടാരത്തെ അഭയം പ്രാപിച്ചു. പിള്ളമാരെയും മാടമ്പിമാരെയും ഭയപ്പെട്ടു റാണി രാജ്യകാര്യങ്ങളിൽ തന്നെ ഇടപെട്ടില്ല. അങ്ങനെ ദുർഭരണവും അരാജകത്വവും രാജ്യത്തിൽ നഗ്നതാണ്ഡവമാടിക്കൊണ്ടിരുന്ന കാലത്ത് ഒരു മുഗൾ സർദാർ വേണാടിനെ ആക്രമിച്ച് കീഴടക്കി."

ഈ ആക്രമണത്തെ നേരിടാനുള്ള ആത്മധൈര്യം യോഗക്കാർക്കം എട്ടുവീട്ടിൽ പിള്ളമാർക്കും മാടമ്പിമാർക്കും ഉണ്ടായില്ല. അവരെല്ലാം ക്ഷേത്രം അടച്ചുപൂട്ടി പ്രാണരക്ഷാർത്ഥം പലായനം ചെയ്തു. മുഗൾ സർദാറിന്റെ ആക്രമണത്തെ നേരിടാൻ ഉമയമ്മറാണി തന്റെ ബന്ധുവായ വടക്കൻ കോട്ടയത്ത് കേരളവർമ്മ രാജാവിന്റെ സഹായം അഭ്യർത്ഥിച്ചു. അദ്ദേഹം സൈന്യവുമായെത്തി മുഗൾ സർദാറിനെ തോൽപ്പിക്കുകയും റാണിയെ തിരുവനന്തപുരത്ത് കൊണ്ടുവന്ന് താമസിപ്പിക്കുകയും രാജ്യത്ത് പല പരിഷ്കാ

www.malankaralibrary.com

രങ്ങളും നടപ്പിലാക്കുകയും ചെയ്തു. പലായനം ചെയ്ത യോഗക്കാരും എട്ടു വീട്ടിൽ പിള്ളമാരും തിരുവനന്തപുരത്ത് തിരിച്ചെത്തി. അധികാരങ്ങൾ മുഴുവൻ കൈക്കലാക്കാൻ ശ്രമിച്ച കേരളവർമ്മരാജാവാണ്, റാണിയുടെ ശക്തിയെന്ന് അവർ മനസ്സിലാക്കി. ഒരു ദിവസം വലിയകോയിക്കൽ കൊട്ടാരത്തിൽ കേരളവർമ്മ മരിച്ചു കിടക്കുന്നതായിട്ടാണ് കാണപ്പെട്ടത്. രാജസ്ഥാനത്തെത്തന്നെ നാമമാത്രമാക്കിക്കൊണ്ട് സകല അധികാരങ്ങളും തങ്ങളുടെ കയ്യിൽ ഒതുക്കാൻ അവർ ശ്രമിച്ചു. വിജയം വരിക്കുകയും ചെയ്തു.

ഉമയമ്മറാണിയെത്തുടർന്ന് രവിവർമ്മ, ഉണ്ണികേരളവർമ്മ, രാമവർമ്മ എന്നീ രാജാക്കന്മാർ ഭരണം നടത്തി. അവരെല്ലാം ദുർബലരായ രാജാക്കന്മാർ ആയിരുന്നു. പിള്ളമാരും മാടമ്പിമാരും എന്തും ചെയ്യുമെന്ന നിലവന്നു. നാടുവാണിരുന്ന മഹാരാജാവിന്റെ അനുമതിയോടുകൂടി യുവരാജാവായ അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ രാജ്യകാര്യങ്ങളിൽ വ്യാപൃതനായി. ധീരനായ മാർത്താണ്ഡവർമ്മയെ പിള്ളമാരും യോഗക്കാരും ഭയപ്പെടുകയും അദ്ദേഹത്തെ വധിക്കാൻ ശ്രമിക്കുകയും ചെയ്തു. മാർത്താണ്ഡവർമ്മ കാടുകളിലും മരക്കൂട്ടങ്ങളിലും ഒളിച്ചിരുന്ന് ജീവിതം തള്ളിനീക്കി. നിശ്ചയദാർഢ്യത്തിന്റെ ഉടമയായ മാർത്താണ്ഡവർമ്മ ഈ ദ്രോഹികളെ നശിപ്പിക്കാതെ രാജ്യം നന്നാവുകയില്ലെന്നും നാട്ടിൽ സമാധാനമുണ്ടാകുകയില്ലെന്നും മനസ്സിലാക്കി പ്രവർത്തിച്ചു. അവരെ നശിപ്പിക്കാൻ ദൃഢപ്രതിജ്ഞയെടുത്തു. ഇതിനിടയിൽ വേണാട് രാജാവ് രാമവർമ്മ മധുര ഗവൺമെന്റുമായുണ്ടാക്കിയ കരാറിന്റെയടിസ്ഥാനത്തിൽ 3000 പേരടങ്ങിയ ഒരു കർണ്ണാട്ടിക് പട്ടാളവിഭാഗത്തെ വേണാട്ടിൽ വരുത്തി പാർപ്പിച്ചു.

1729-ൽ മാർത്താണ്ഡവർമ്മ രാജ്യഭരണം ഏറ്റെടുത്തു. എട്ടുവീട്ടിൽ പിള്ളമാരും നാടുനീങ്ങിയ രാജാവിന്റെ പുത്രന്മാരും മാർത്താണ്ഡവർമ്മയെ രാജാവാക്കാതിരിക്കുന്നതിന് നടത്തിയ നീക്കങ്ങൾ അതോടെ പരാജയപ്പെട്ടു. മാർത്താണ്ഡവർമ്മ പല ഭരണപരിഷ്കാരങ്ങളും ഏർപ്പെടുത്തി. രാമയ്യനെയും അറുമുഖം പിള്ളയെയും കുമാരസ്വാമിപ്പിള്ളയേയും യഥാക്രമം കൊട്ടാരം രായസം, ദളവാ, സേനാനായകൻ എന്നീ സ്ഥാനങ്ങളിലേയ്ക്ക് നിയമിച്ചു. ഈ നിയമനം യോഗക്കാരേയും പിള്ളമാരേയും ചൊടിപ്പിച്ചു. ഭരണമണ്ഡലത്തിൽനിന്നും അവർ പുറത്തായതായി അവർക്കനുഭവപ്പെട്ടു. മഹാരാജാവിനെ വധിക്കാൻ പല ഗൂഢാലോചനകളും അവർ നടത്തിക്കൊണ്ടിരുന്നു. ചാരന്മാർ ഈ വിവരം യഥാവസരം മഹാരാജാവിനെ അറിയിച്ചതിനാൽ വേണ്ട മുൻകരുതലോടുകൂടിയായിരുന്നു ഓരോ എഴുന്നള്ളത്തും നടത്തിയത്.

മഹാരാജാവ് നാഗർകോവിൽ കൊട്ടാരത്തിൽ ഇരിക്കുമ്പോൾ നാടുനീങ്ങിയ മഹാരാജാവിന്റെ മക്കളായ പപ്പുത്തമ്പിയും അദ്ദേഹത്തിന്റെ അനുജനും അവിടെ എത്തി മഹാരാജാവിനെ വധിക്കുവാൻ ശ്രമിച്ചു. ഇരുവരെയും കാലപുരിക്കയയ്ക്കുകയും സകല രാജ്യദ്രോഹികളെയും

www.malankaralibrary.com

അറസ്റ്റ് ചെയ്യുവാൻ കല്പന പുറപ്പെടുവിക്കുകയും നേരം വെളുക്കുന്നതിനു മുമ്പു തന്നെ സകല മാടമ്പിമാരേയും പിള്ളമാരേയും കാരാഗൃഹത്തിലടയ്ക്കുകയും ചെയ്തു.

ഇവരുടെ പേരിലുള്ള കേസ് മഹാരാജാവ് നേരിട്ടു വിചാരണ ചെയ്യുകയും പലരും കുറ്റം സമ്മതിക്കുകയും ചെയ്തു. പ്രമാണികളായ 42 പേരെ മരണശിക്ഷയ്ക്ക് വിധിച്ചു. അവരോടു യോജിച്ചുനിന്നവരെ നാടുകടത്തി. സമുദായഭ്രഷ്ടരാക്കി. അനേകം നൂറ്റാണ്ടുകളായി രാജസ്ഥാനത്തെ ധിക്കരിച്ചു വന്നവരെ തകർത്ത് രാജ്യത്ത് സമാധാനം സ്ഥാപിക്കുവാൻ സാധിച്ചു. തുടർന്ന് നായർ സമുദായത്തിന്റെ സഹകരണം ഒരിക്കലും മാർത്താണ്ഡവർമ്മയ്ക്ക് ലഭിച്ചിട്ടില്ല. പുറക്കാട്ടു യുദ്ധത്തിൽ തിരുവിതാംകൂർ നായന്മാർ ശത്രുപക്ഷത്തു ചേർന്ന് പ്രവർത്തിച്ചതിനാൽ അവരെ അന്വേഷിച്ച് കണ്ടുപിടിച്ച് അർഹിക്കുന്ന ശിക്ഷ നൽകി.

## 2. വിദേശീയർ കേരളത്തിൽ

പ്രാചീനകാലം മുതൽ കുരുമുളക്, ഇഞ്ചി, എലവർങ്ങം, എലയ്ക്കാ, ജാതിക്കാ, കരയാമ്പൂ തുടങ്ങിയ സുഗന്ധവസ്തുക്കൾക്ക് കേരളം കേൾവി കേട്ടിരുന്നു. വിദേശീയരെ കേരളത്തിലേയ്ക്ക് ആകർഷിച്ചത് ഈ സുഗന്ധവസ്തുക്കൾ ആയിരുന്നു. ബി.സി. ആയിരാമാണ്ടുമുതൽ ഫിനിഷ്യർ ഇവയ്ക്കുവേണ്ടി കേരളത്തിൽ എത്തിയിരുന്നു. ക്രിസ്ത്വബ്ദത്തിന് മൂന്നു നൂറ്റാണ്ടുകൾക്ക് മുമ്പു തന്നെ കേരളത്തിന് ശക്തിയുള്ള വിദേശവാണിജ്യ ബന്ധങ്ങൾ ഉണ്ടായിരുന്നു. അസ്സീറിയ, ബാബിലോണിയ, ഇസ്രായേൽ, ഗ്രീസ്, റോം, ചൈന തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് സുഗന്ധദ്രവ്യങ്ങൾ കയററുമതി ചെയ്തിരുന്നു. കൊടുങ്ങല്ലൂർ, കടലുണ്ടി, പൊന്നാനി, പുറക്കാട്ട്, നീണ്ടകര തുടങ്ങിയ തുറമുഖങ്ങൾ വിദേശവാണിജ്യബന്ധത്തിന് ഉപകരിച്ചിരുന്നു. ഈ വാണിജ്യബന്ധമാണ് യഹൂദമതവും ഇസ്ലാംമതവും ക്രിസ്തുമതവും എല്ലാം ഇവിടെ പ്രചരിക്കാൻ കാരണം.

അതിപുരാതനകാലം മുതൽ ഇന്ത്യ പാശ്ചാത്യരാജ്യങ്ങളുമായി വാണിജ്യബന്ധം പുലർത്തിയിരുന്നു. ആ വാണിജ്യബന്ധം കൂടുതൽ സുദൃഢമാക്കുന്നതിന് യൂറോപ്യന്മാർ ശ്രമിച്ചു. യൂറോപ്യൻ രാജ്യങ്ങളിലെ ഭരണാധികാരികൾ അതിനുവേണ്ട പ്രോത്സാഹനം നൽകുകയും ചെയ്തു. കോൺസ്റ്റാന്റിനോപ്പിളിൽക്കൂടി കടന്നുപോകുന്ന കര കടൽ മാർഗ്ഗങ്ങളിലൂടെയായിരുന്നു ഇന്ത്യ യൂറോപ്യൻ രാജ്യങ്ങളുമായി വാണിജ്യബന്ധം പുലർത്തിയിരുന്നത്. എ.ഡി. 1453-ൽ തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കിയതോടുകൂടി പാശ്ചാത്യ പൗരസ്ത്യ വാണിജ്യബന്ധം തടസ്സപ്പെട്ടു. അതേ തുടർന്ന് ഇന്ത്യയിലേയ്ക്ക് ഒരു പുതിയ വാണിജ്യമാർഗ്ഗം കണ്ടുപിടിക്കാൻ യൂറോപ്യൻ രാജ്യങ്ങൾ കഠിനശ്രമം ആരംഭിച്ചു. നവോത്ഥാനം ഉണർത്തിവിട്ട അന്വേഷണതൃഷ്ണയും വൈജ്ഞാനികപ്രബുദ്ധതയും

www.malankaralibrary.com

ഭൂമിശാസ്ത്രപരമായ പര്യവേഷണങ്ങൾ നടത്താൻ അവർക്ക് പ്രചോദനം നൽകി. ഈ സംരഭത്തിന് കൂടുതൽ പ്രോത്സാഹനം നൽകിയത് പോർട്ടുഗലിലെ രാജാക്കന്മാരായിരുന്നു. പോർട്ടുഗീസ് നാവികരായിരുന്ന ബർത്തലോമിയോഡയസ് 1487-ൽ ഇന്ത്യൻ സമുദ്രത്തിൽ എത്തി. 1498-ൽ പോർട്ടുഗീസ് നാവികനായ വാസ്കോഡിഗാമ കോഴിക്കോട്ടും എത്തിച്ചേർന്നു. ഇന്ത്യയും യൂറോപ്യൻ രാജ്യങ്ങളുമായുള്ള വാണിജ്യബന്ധത്തിൽ ഒരു നൂതനാദ്ധ്യായത്തിന് ഗാമായുടെ വരവ് തുടക്കം കുറിച്ചു. പോർട്ടുഗീസുകാർക്കു പിന്നാലെ ഡച്ചുകാരും ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും ഇന്ത്യയിൽ എത്തി. ഓരോ കമ്പനികൾ രൂപീകരിച്ചുകൊണ്ടാണ് അവരെല്ലാം ഇവിടെയെത്തിയത്.

യൂറോപ്യന്മാർക്ക് ഇവിടെ ആധിപത്യമുറപ്പിക്കുവാൻ അവസരമൊരുക്കിയത് പരസ്പരം കലഹിച്ചുകൊണ്ടിരുന്ന ഇന്ത്യയിലെ നാട്ടുരാജ്യങ്ങളും നാടുവാഴികളുമായിരുന്നു. വിദേശികൾ നാടുവാഴികളെ പ്രീതിപ്പെടുത്തിയും ഭീഷണിപ്പെടുത്തിയും ഇവിടെ ആധിപത്യം സ്ഥാപിക്കാൻ ശ്രമിച്ചു. പൗരസ്ത്യരാജ്യങ്ങളുമായുള്ള ലാഭകരമായ വാണിജ്യത്തിന്റെ പങ്കുപറ്റാൻ ഡച്ചുകാരും കേരളത്തിലെത്തി. 1602-ൽ ഡച്ച് ഈസ്റ്റ് ഇന്ത്യാ കമ്പനി രൂപീകരിച്ചുകൊണ്ടാണ് 1604-ൽ അവർ കേരളത്തിൽ കോഴിക്കോട്ട് വന്നിറങ്ങിയത്. ഡച്ചുകാർക്ക് കോഴിക്കോട്ട് സാമൂതിരി കോട്ടകെട്ടുന്നതിനും വ്യാപാരം നടത്തുന്നതിനും അനുമതി നൽകി. ഇന്തോനേഷ്യൻ ദ്വീപുകളിലും സിലോണിലും ഡച്ചുകാർ വാണിജ്യകേന്ദ്രങ്ങൾ സ്ഥാപിച്ചു. സുററ്റ്, കാമ്പേ, അഹമ്മദാബാദ്, കൊച്ചി, കൊടുങ്ങല്ലൂർ, കൊല്ലം തുടങ്ങി പടിഞ്ഞാറൻ തീരത്തും നാഗപട്ടണം, മസൂലി പട്ടണം, പുലിക്കോട് തുടങ്ങിയ കിഴക്കൻ തീരത്തും അവർ കോട്ടകൊത്തളങ്ങളും വാണിജ്യകേന്ദ്രങ്ങളും സ്ഥാപിച്ചു. ബംഗാളിലും ബീഹാറിലും അവരുടെ വാണിജ്യകേന്ദ്രങ്ങൾ ഉയർന്നുവന്നു. മലബാർ തീരത്തുനിന്നും പോർട്ടുഗീസുകാരെ തുരത്തിയോടിച്ചു. കൊച്ചീരാജാവ് ഡച്ചുകാരുടെ സാമന്തനെപ്പോലെ കഴിഞ്ഞുകൂടി. ഡച്ചുകാരുടെ സ്വാധീനം ഭാരതത്തിൽ വർദ്ധിക്കുകയും ചെയ്തു.

## 3. കുളച്ചൽ യുദ്ധം

അക്കാലത്ത് തിരുവിതാംകൂർ ഇടവായ്ക്ക് തെക്കുള്ള വേണാടുമാത്രമായിരുന്നുവെന്നും വേണാട് ആഭ്യന്തരകലഹം നിമിത്തം പ്രക്ഷുബ്ധമായിരുന്നുവെന്നും മാർത്താണ്ഡവർമ്മ മഹാരാജാവ് ആഭ്യന്തരകലഹങ്ങൾ അടിച്ചമർത്തി രാജ്യത്ത് സമാധാനം സ്ഥാപിക്കാൻ ശ്രമിച്ചുവെന്നും മുൻ അദ്ധ്യായത്തിൽ പ്രതിപാദിക്കുകയുണ്ടായല്ലോ. അപ്പോഴേക്കും ബാഹ്യശത്രുക്കളുടെ നിരന്തരമായ ശല്യം വർദ്ധിച്ചുകൊണ്ടിരുന്നു. അന്ന് കേരളത്തിൽ വാണിജ്യമേധാവിത്വം വഹിച്ചിരുന്ന ഡച്ചുകാരായിരുന്നു ബാഹ്യശത്രുക്കളിൽ പ്രധാനികൾ. വേണാടിന്റെ ഉത്തരപ്രാന്തങ്ങളിലുള്ള രാജ്യങ്ങളിലെ ഭരണത്തിൽ ഡച്ചുകാർ സ്വാധീനം ചെലുത്തുകയും സമീപപ്രദേശ

www.malankaralibrary.com

ങ്ങളുടെമേൽ ആധിപത്യം സ്ഥാപിക്കുവാൻ ശ്രമിക്കുകയും ചെയ്തു. ഡച്ചുകാരുടെ ഈ സമീപനം അപകടകരമാണെന്ന് വീരമാർത്താണ്ഡവർമ്മ മഹാരാജാവിന് ബോദ്ധ്യമായി. ഈ കയ്യേറ്റത്തെ സർവ്വശക്തിയുമുപ യോഗിച്ച് എതിർക്കണമെന്ന് തീരുമാനിച്ചു. ഡച്ചുകാരുടെ സ്വാധീനത്തിലാ യിരുന്ന ഇളയിടത്തുസ്വരൂപം മാർത്താണ്ഡവർമ്മ ആക്രമിച്ചു കീഴടക്കി. ഈ സംഭവം ഡച്ചുകാരുടെ വിരോധത്തിന് ഇടയാക്കി. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ശക്തിയെപ്പറ്റി അജ്ഞരായിരുന്നു ഡച്ചുകാർ. ഇളയിടത്തു സ്വരൂപം ആക്രമിച്ചു കീഴ്പ്പെടുത്തിയതിന്റെ പേരിൽ ഡച്ചുകാർ മാർത്താണ്ഡ വർമ്മയോട് യുദ്ധപ്രഖ്യാപനം നടത്തി. കൊച്ചിയിൽനിന്നും സിലോണിൽ നിന്നും ശേഖരിച്ച വൻപിച്ച സൈന്യത്തോടുകൂടി ഡച്ചുകാർ കുളച്ചൽ എന്ന സ്ഥലത്തെത്തി. അവിടെയുള്ള ഗ്രാമപ്രദേശങ്ങൾ എല്ലാം കൊള്ളയടിച്ചു. തേങ്ങാപട്ടണം, കുടിയപട്ടണം തുടങ്ങിയ സ്ഥലങ്ങൾ ഡച്ചുകാർ കൈവശ പ്പെടുത്തി. ഡച്ചുകാരുടെ ഈ ആക്രമണങ്ങൾ അറിഞ്ഞ മാർത്താണ്ഡ വർമ്മ മഹാരാജാവ് വമ്പിച്ച ഒരു സൈന്യവുമായി കുളച്ചലിലെത്തി. കുളച്ചലിലും സമീപപ്രദേശങ്ങളിലുമുണ്ടായിരുന്ന വിവിധ ജാതിക്കാരും മതക്കാരും ആയുധമേന്തി മഹാരാജാവിന്റെ പിന്നാലെ പുറപ്പെട്ടു. 1741-ൽ ഡച്ചുകാരെ അതിദയനീയമാം വിധം പരാജയപ്പെടുത്തി. അതേത്തുടർന്ന പല സ്ഥലങ്ങളിലും നടന്ന യുദ്ധത്തിൽ ഡച്ചുകാർക്ക് അടിക്കടി പരാജയം ഏറ്റുവാങ്ങേണ്ടിവന്നു. പ്രമുഖ ചരിത്രകാരനായ പി. ശങ്കുണ്ണിമേനോൻ 1878-ൽ രചിച്ച തിരുവിതാംകൂർ ചരിത്രത്തിൽ (പുറം 135-136) ഇപ്രകാരം എഴുതിയിരിക്കുന്നു.

"ആടിമാസം 27-ാം തീയതി രാവിലെ തിരുവിതാംകൂർ സൈന്യം കുള ച്ചൽ യുദ്ധം ആരംഭിച്ചു. കുളച്ചൽ തുറമുഖത്ത് നങ്കൂരമിട്ടു കിടന്നിരുന്ന ലന്തക്കപ്പലുകളെ (ഡച്ച്) തിരുവിതാംകൂർ മഹാരാജാവിന്റെ വഞ്ചിപ്പട വലയം ചെയ്തു. യുദ്ധത്തിലേർപ്പെട്ടിരുന്ന ലന്തസൈന്യത്തെ സഹായിക്കുന്നതിലേ യ്ക്കായി (കപ്പലിൽനിന്ന്) ആളും ആയുധങ്ങളും ഇറക്കിക്കൊണ്ടിരിക്കുന്ന തിനെ അവർ സൂക്ഷിച്ചുകൊണ്ടിരുന്നു. തിരുവിതാംകൂറിനെതിരായി അണി നിരന്നിരുന്ന ഡച്ചുസൈന്യത്തെ രാമയ്യൻ ദളവായുടെ കീഴിലുണ്ടായിരുന്ന സൈന്യവിഭാഗം ആക്രമിച്ചു. അണി മുറിയുകയാൽ ലന്തസൈന്യോദ്യോഗ സ്ഥന്മാരുടെ ഭടന്മാരും ചിന്നിച്ചിതറുകയും സൈന്യങ്ങളുടെ ഇടയ്ക്ക് കുഴ പ്പവും ക്രമരാഹിത്യവും വന്നുവശാകകയും ചെയ്തു. ലന്തക്കാർക്ക് അശ്വ സൈന്യമില്ലായിരുന്നു. മഹാരാജാവ് തിരുമനസ്സിലേയ്ക്കാകട്ടെ സൈന്യ ത്തിൽ ഭൂരിപക്ഷവും അവരായിരുന്നു. തന്മൂലം ഡച്ചുകാരുടെ നില വളരെ പരുങ്ങലിലായി. വളരെ കഷ്ടതകൾക്കുശേഷം സൈന്യത്തിൽ ഏതാനും ഭാഗം കോട്ടയിൽ അഭയം പ്രാപിച്ചു. ബാക്കിയുള്ളവർ വധിക്കപ്പെടുകയോ ക്ഷതാംഗരാകുകയോ തടവുകാരായി പിടിക്കപ്പെടുകയോ ചെയ്തു. തടവുകാരായി പിടിക്കപ്പെട്ടവർ 24 പേരുണ്ടായിരുന്നു. അവരെ ഉദയഗിരി

www.malankaralibrary.com

ക്കോട്ടയിലേക്കയച്ചു.

ആടിമാസം 31-ാം തീയതി കുളച്ചൽ കോട്ടയിൽ യുദ്ധം നടന്നു. ഏതാനും മണിക്കൂറുകൾക്കകം കോട്ട പിടിക്കുകയും ശത്രുക്കളെ കോട്ടയിൽനിന്നും അവരുടെ പടവികളിലയേക്ക് പലായനം ചെയ്യിക്കുകയും ചെയ്തു. ആ പടവുകൾ ഉടൻതന്നെ കൊച്ചിക്കു പുറപ്പെട്ടു. ഈ ഉപരോധത്തിൽ 389 തോക്കുകളും ഏതാനും വെടിയുണ്ടകളും വാളുകളും ലന്തക്കാരിൽനിന്നും തിരുവിതാംകൂർ സൈന്യത്തിന് കിട്ടി."

കുളച്ചൽ യുദ്ധം ഡച്ചുകാരുടെ ഇന്ത്യയിലെ അധഃപതനത്തിന് വഴിയൊരുക്കി. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ സൈനികശക്തിയെപ്പറ്റിയും യുദ്ധതന്ത്രങ്ങളെപ്പറ്റിയും ശരിക്കു വിലയിരുത്താവാൻ ഡച്ചുകാർക്ക് സാധിച്ചിരുന്നില്ല. മാർത്താണ്ഡവർമ്മയിൽനിന്നും കനത്ത പ്രഹരമേറ്റ ഡച്ചുകാർക്ക് സ്വന്തം കാലിൽ നിൽക്കാൻ കെല്പില്ലാതായി. മൈസൂർ സുൽത്താന്റെ ആക്രമണഭീഷണിയും കേരളത്തിൽനിന്നും കെട്ടുകെട്ടാൻ അവരെ പ്രേരിപ്പിച്ചു. പരിമിതമായ ആളും അർത്ഥവുമുള്ള ഒരു ചെറിയ രാജ്യമായ ഹോളണ്ടിന് (ഡച്ച്) വിദൂരസ്ഥമായ ഇന്ത്യയിൽ വിശാലമായ ഒരു സമ്രാജ്യം കെട്ടിപ്പടുക്കാൻ സാധിക്കുകയില്ലായിരുന്നു. അത് വളരെ വൈകിയാണ് അവർക്ക് മനസ്സിലായത്.

കുളച്ചൽ യുദ്ധം തിരുവിതാംകൂറിന് പലവിധത്തിലും അനുഗ്രഹമായിരുന്നു. ലന്തതടവുകാരിൽ രണ്ടുപേർ രാമയ്യൻ ദളവയുടെ പ്രത്യേക ശ്രദ്ധയ്ക്ക് വിധേയമായി. ആ തടവുകാരെപ്പറ്റിയുള്ള വിശദമായ വിവരങ്ങൾ പിന്നീട് വിശദീകരിക്കാം. കുളച്ചൽ യുദ്ധത്തിൽ പരാജയപ്പെട്ട ഡച്ചുകാരിൽനിന്നും ഒട്ടേറെ ഗുണങ്ങളും ഇന്ത്യയ്ക്ക് ലഭിച്ചിട്ടുണ്ട്. ഡോ. കെ.വി. ഈപ്പൻ, രചിച്ച ഇന്ത്യാചരിത്രം രണ്ടാം ഭാഗത്തിൽ (പുറം 57) ഡച്ചുകാരുടെ സംഭാവനകളെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു. "കേരളത്തിന്റെ സാമ്പത്തിക പുരോഗതിക്ക് ഡച്ചുകാർ ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. കേരളത്തിലെ ഉൽപ്പന്നങ്ങൾക്ക് അവർ യൂറോപ്യൻ രാജ്യങ്ങളിൽ നല്ല വിപണികളുണ്ടാക്കി. പുതിയ കാർഷികോത്പന്നങ്ങളും ശാസ്ത്രീയമായ കൃഷിരീതികളും അവർ പ്രചരിപ്പിച്ചു. തെങ്ങ്, കുരുമുളക്, നെല്ല്, നീലം എന്നിവയുടെ കൃഷിയെ അവർ പ്രോത്സാഹിപ്പിച്ചു. ഉപ്പുനിർമ്മാണം, ചായം മുക്കൽ തുടങ്ങിയ വ്യവസായങ്ങൾ അവർ ഇന്ത്യയിൽ ആരംഭിച്ചു. കൊല്ലം, കൊച്ചി, കോഴിക്കോട് തുടങ്ങിയ തുറമുഖങ്ങളിലെ വ്യാപാരം സജീവമാക്കുന്നതിനും ഡച്ചുകാർ താത്പര്യം പ്രകടിപ്പിച്ചു. സാംസ്കാരികജീവിതത്തിനും ഡച്ചുകാർ മികച്ച സംഭാവനകൾ നൽകി. ഡച്ചു ഉദ്യോഗസ്ഥന്മാർ വിലപിടിച്ച ധാരാളം ചരിത്രരേഖകൾ ഇവിടെ ഇട്ടിട്ട് പോയിട്ടുണ്ട്. മലബാറിലെ രാഷ്ട്രീയസ്ഥിതിഗതിയെപ്പറ്റിയും ജനങ്ങളെക്കുറിച്ചും ഒട്ടധികം വിവരങ്ങൾ ഉൾക്കൊള്ളുന്ന ഈ രേഖകൾക്ക് വിലമതിക്കാൻ പാടില്ലാത്തത്ര ചരിത്രമൂല്യമുണ്ട്. ഡച്ച് ഗവർണറായ മാൻ റീഡിന്റെ മേൽനോട്ടത്തിൽ

www.malankaralibrary.com

തയ്യാറാക്കിയ ഹോർത്തൂസ് മലബാറിക്കസ് എന്ന സുപ്രസദ്ധഗ്രന്ഥം ഇന്ത്യയിലെ സസ്യങ്ങളുടെ ഔഷധഗുണങ്ങളെ പ്രതിപാദിക്കുന്നു.

കുളച്ചൽ യുദ്ധത്തിൽ പിടിക്കപ്പെട്ട തടവുകാർ മുഖാന്തിരം തിരുവിതാംകൂറിനുണ്ടായ നേട്ടങ്ങൾ ഒരിക്കലും വിസ്മരിക്കുവാൻ സാദ്ധ്യമല്ല. ആധുനിക തിരുവിതാംകൂറിന്റെ രൂപീകരണത്തിൽ ഡച്ചുതടവുകാർ നൽകിയ സംഭാവനകൾ ആണ് ഏറ്റം വിലമതിക്കേണ്ടത്.

## 4. ഡച്ചുതടവുകാർ

കുളച്ചൽ യുദ്ധത്തിൽ 24 ഡച്ചുകാരെ തടവുകാരായി പിടിച്ചുവെന്നും അവരിൽ രണ്ടുപേർ രാമയ്യൻ ദളവായുടെ പ്രത്യേക ശ്രദ്ധയ്ക്ക് വിധേയരായി എന്നും കഴിഞ്ഞ അദ്ധ്യായത്തിൽ പ്രസ്താവിച്ചുവല്ലോ. ശ്രീ. എം.ഒ. ജോസഫ് നെടുംകുന്നം എഴുതിയ വലിയ കപ്പിത്താൻ എന്ന ഗ്രന്ഥത്തിൽ (പുറം 6) ഇപ്രകാരം എഴുതിയിരിക്കുന്നു. "ലന്തത്തടവുകാരിൽ രണ്ടുപേർ ദളവായുടെ ശ്രദ്ധയിൽപ്പെട്ടു. അവരെ മഹാരാജാവ് തിരുമനസ്സിലെ സമക്ഷം ഹാജരാക്കി. അവരുടെ സ്ഥിതിയിൽ അവിടുന്ന് അനുകമ്പ പ്രകടിപ്പിച്ചു. എന്നാൽ അവരുടെ ഭാഷ അറിയാവുന്നവർ ആരും ഇല്ലാതിരുന്നതിനാൽ അവരുമായി ആശയവിനിമയം ചെയ്യുക സാദ്ധ്യമല്ലായിരുന്നു. ഒരു നല്ല സാമുദ്രികശാസ്ത്രവിദഗ്ദ്ധനായിരുന്ന മഹാരാജാവ് അവരിൽ ഒരാളുടെ ആകൃതിയിൽ ആകൃഷ്ടനായി. അയാൾ ധീരനും ശൂരനും ഒരു പ്രസിദ്ധനായി ത്തീരുവാൻ നിയതിയാൽ നിയുക്തനുമാണെന്ന് മഹാരാജാവിന് തോന്നി. തടവുകാരെ ശരിയായി സംരക്ഷിക്കുന്നതിനും അവരോട് മാന്യമായി പെരുമാറുന്നതിനും അവിടുന്ന് രാമയ്യൻ ദളവായോട് ആജ്ഞാപിച്ചു. മഹാരാജാവ് പലപ്പോഴും അവരെ കാണുകയും ഒടുവിൽ അവരുടെ ഭാഷ അറിയാവുന്ന ഒരു ദ്വിഭാഷിയെ സമ്പാദിക്കുകയും ചെയ്തു. "

പി. ശങ്കുണ്ണിമേനോന്റെ തിരുവിതാംകൂർ ചരിത്രത്തിലെ ഒരു ഭാഗം (പുറം 136–137) കൂടി ഉദ്ധരിക്കട്ടെ. "മഹാരാജാവ് തിരുമനസ്സിലെ ദയാപൂർവ്വമായ പെരുമാറ്റത്തിൽ ആകൃഷ്ടചിത്തരായ ആ ലന്തത്തടവുകാർ ഏതെങ്കിലും തരത്തിൽ മഹാരാജാവിനെത്തന്നെ സേവിക്കുന്നതിന് തീരുമാനിക്കുകയും രാജകീയ സൈന്യത്തിൽ ചേരുകയും ചെയ്തു. അവരിൽ പലരും മഹാരാജാവിന്റെ സൈന്യത്തിൽ, ക്യാപ്റ്റൻ, മേജർ മുതലായ പദവികളിലേയ്ക്കുയർത്തപ്പെട്ടു. അവരിൽ ചിലരുടെ പിൻഗാമികൾ ഇന്നും തിരുവിതാംകൂറിൽ കാണപ്പെടുന്നുണ്ട്. ലന്തത്തടവുകാരിൽ മഹാരാജാവ് തിരുമനസ്സിലെ പ്രത്യേക ശ്രദ്ധയ്ക്ക് പാത്രീഭൂതരായവർ ഫ്ളമിഷ് വംശജരായ യുസ്റ്റേഷ്യസ് ഡിലെനോയി, ഡൊനാസി എന്ന രണ്ടുപേരായിരുന്നു. ഇവരിൽ യുസ്റ്റേഷ്യസ് ഡിലെനോയി മഹാരാജാവിന്റെ പ്രത്യേകാദരവിന് പാത്രമായി. രാജകീയ സൈന്യത്തിലെ പ്രധാനന്മാരായ ഏതാനും ഗണം ശിപായികളെ തന്റെ അംഗരക്ഷകരാക്കത്തക്കവണ്ണം സൈനികശിക്ഷണം ചെയ്യിക്കുന്നതിന്

www.malankaralibrary.com

മഹാരാജാവ് ഡിലെനോയിയെ തിരഞ്ഞെടുത്തു. ബൽജിയം നാട്ടിലെ ഒരു കത്തോലിക്കാ കുടുംബത്തിൽ 1714ൽ എസ്താക്കിയൂസ് ബനഡിക്റ്റ് ഡിലെനായി ജനിച്ചു. യുവത്വത്തിലേയ്ക്ക് കാലൂന്നിയപ്പോൾതന്നെ ഡച്ചു സൈന്യത്തിൽ പരിശീലനം കഴിഞ്ഞ് അദ്ദേഹം ഭാരതത്തിൽ വന്നു. തിരുവിതാംകൂറിനെ ഡച്ചുകാർ എതിർത്ത് കുളച്ചലിൽ നടത്തിയ യുദ്ധത്തിൽ ഡച്ചു സൈന്യത്തിന്റെ ജനറലായിരുന്നു അദ്ദേഹം. കാലക്രമേണ ഭാരത സംസ്കാരവുമായി അദ്ദേഹം പൊരുത്തപ്പെട്ടു. ചിലമ്പുകലയും നാടകങ്ങളും പൊതുസ്ഥലങ്ങളിൽ നടത്താൻ അദ്ദേഹം താല്പര്യം കാണിച്ചു. സിദ്ധവൈദ്യം അദ്ദേഹത്തിന് ഇഷ്ടപ്പെട്ട ഒരു രംഗമായിരുന്നു.

കുളച്ചൽ യുദ്ധം കൊണ്ടുണ്ടായ നേട്ടം ലന്തത്തടവുകാരെ തിരുവിതാംകൂറിന് കിട്ടിയെന്നതുതന്നെയാണ്. ആധുനികരീതിയിലുള്ള യുദ്ധസമ്പ്രദായം തിരുവിതാംകൂറിൽ നടപ്പിൽ വരുത്തുന്നതിന് ഡിലെനോയി ആണ് നേതൃത്വം നൽകിയത്. രാജ്യത്തിനകത്തും പുറത്തും തിരുവിതാംകൂർ സൈന്യം ഏർപ്പെട്ട എല്ലാ സംഭവങ്ങളിലും വൻ വിജയം കരസ്ഥമാക്കുവാൻ ഡിലെനോയിയുടെ നേതൃത്വം സഹായകരമായി. ബാഹ്യശത്രുക്കളിൽ ഒന്നിനുപോലും തിരുവിതാംകൂർ അതിർത്തിക്കുള്ളിൽ കാലുകുത്തുന്നതിന് അക്കാലത്ത് സാധിച്ചിട്ടില്ല. തിരുവിതാംകൂർ പിടിച്ചടക്കുവാൻ ദീർഘകാലമായി കരുക്കൾ നീക്കിയ ഹൈദരാലിക്കുപോലും തിരുവിതാംകൂറിൽ കാലുകുത്തുവാൻ സാധിക്കാതിരുന്നത് ഡിലെനോയിയുടെ സാമർത്ഥ്യംകൊണ്ടു മാത്രമാണ്. ഡിലെനോയി തിരുവിതാംകൂർ സൈന്യത്തിന്റെ നായകനായിരുന്ന കാലത്തോളം തിരുവിതാംകൂറിന് പരാജയം അനുഭവിക്കേണ്ടി വന്നിട്ടില്ല.

1939 ജനുവരി 28,29 തീയതികളിൽ എറണാകുളത്തുനിന്നും പ്രസിദ്ധീകരിക്കുന്ന മലബാർ മെയിൽ പത്രത്തിൽ ക്യാപ്റ്റൻ ഡിലെനോയിയെപ്പറ്റി എഴുതിയിരുന്ന ലേഖനത്തിലെ ഒരു ഭാഗം താഴെ ചേർക്കുന്നു.

"വീരപ്രവൃത്തികൾ അസംഖ്യമായിരുന്ന പതിനെട്ടാം നൂറ്റാണ്ടിലെ അസ്വസ്ഥകാലത്ത്, അസാധാരണമായ ഒരു വീരജീവിതം നയിച്ച ആ മഹാരഥൻ തന്റെ അനശ്വരമായ സ്മരണയെ മാത്രം അവശേഷിപ്പിച്ചുകൊണ്ട് പച്ചപിടിച്ച (ഉദയഗിരിക്കോട്ടയിലെ) ആ കുന്നിൻമുകളിലെ ശവകുടീരത്തിൽ ദീർഘനിദ്ര കൊള്ളുന്നു. അനേകായിരം നാഴിക അകലെയുള്ള ഫ്രാൻസിന്റെ ഒരു ഓണംകേറാമൂലയിലെങ്ങോ ഉണ്ടായ ആ ജനനം എന്തിനായിരുന്നു? പൗരസ്ത്യരാജ്യങ്ങളിൽ കൊടുങ്കാറ്റുപോലെ അലഞ്ഞുതിരിഞ്ഞ ഡച്ചു സൈന്യത്തെ സേവിപ്പാൻ ആയിരുന്നിരിക്കുമോ? കേരളക്കരയിലെ ഒരു നാടുവാഴിയാൽ തോല്പിക്കപ്പെട്ട ഡച്ചുഭടന്മാരുടെ കൂട്ടത്തിൽ ഒരു വെറും തടവുകാരൻ ആയി ബന്ധിക്കപ്പെടുവാൻ ആയിരുന്നിരിക്കുമോ? 'അല്ല, തീർച്ചയായും അല്ല.' തന്നെ നിർദ്ദയം ബന്ധനസ്ഥനാക്കിയ ശത്രുരാജാവിനെ വെറും ഒരു കറുത്തപട്ടാളത്തിന്റെ ഉടമസ്ഥനെ അദ്ദേഹത്തിന്റെ സമരോദ്യമങ്ങളിൽ ഒരു താങ്ങായി നിന്ന് നിഷ്കപടമായി സേവിച്ച് ഒരു നിഷ്കാ

www.malankaralibrary.com

മജീവിതത്തിന്റെ ഉടമക്കാരനായിരിക്കാൻ തന്നെയായിരിക്കണം ആ മഹാരഥൻ ജനിച്ചത്. അദ്ദേഹത്തിന്റെ വിധി അത്ഭുതാവഹമായിരുന്നതു പോലെതന്നെ ഹൃദയസ്പൃക്കായിരുന്നു ആ വീരജീവിതവും. ആധുനിക തിരുവിതാംകൂറിന്റെ സൃഷ്ടാക്കളായ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെയും രാമയ്യൻ ദളവായുടേയും മഹനീയനാമങ്ങളുടെ കൂടെ ഡിലെനായിയുടെ പേരും സുവർണ്ണലിപികളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

"വെറും ഇരുപത്തഞ്ചുവയസ്സുമാത്രം പ്രായമുണ്ടായിരുന്ന ആ യുവാവിനെ മറ്റു തടവുകാരിൽനിന്നു തിരഞ്ഞെടുത്തു തന്റെ ഇഷ്ടഭൃത്യനും വിശ്വസ്ത സേനാധിപനുമാക്കാൻ പ്രേരിപ്പിച്ച ശക്തിവിശേഷം എന്തായിരുന്നുവെന്ന് പറയുവാൻ ആർക്കുംതന്നെ കഴിയുകയില്ല. എന്നാൽ അന്യാദൃശമായ നൈസർഗ്ഗിക മാഹാത്മ്യത്തെ എവിടെ കണ്ടാലും പെട്ടെന്നു തിരിച്ചറിയാൻ സാധിക്കുന്ന ഒരു വിശേഷ ശക്തിയുടെ വിളനിലമായിരുന്ന തിരുമനസ്സിലെ ചരിത്രം അറിയാവുന്ന യാതൊരുത്തർക്കും ഇക്കാര്യത്തിൽ അത്ര വലിയ അത്ഭുതമൊന്നും ഉണ്ടാവാൻ വഴിയില്ല. ഒരൊറ്റനോട്ടത്തിൽ തന്റെ യുവാവായ തടവുകാരനിൽ മങ്ങിക്കിടന്ന അസാധാരണത്വത്തെ കാൺമാൻ തിരുമേനിക്കു നിഷ്പ്രയാസം സാധിച്ചു. അതിനെ തട്ടിയുണർത്തുവാൻ അവിടുത്തെ ബലിഷ്ഠകരത്തിനു കഴിഞ്ഞു. തിരുമനസ്സിലെ ഒറ്റനോട്ടത്തിൽ നിന്നുണ്ടായ ഫലം എത്ര മികച്ചതായിരുന്നു? ആ യുവാവിൽ അദ്ദേഹത്തിനു തോന്നിയ വിശ്വാസവും സ്നേഹവും എത്രമാത്രം അന്വർത്ഥമായിരുന്നു. ഇന്ന് ഉദയഗിരിക്കോട്ടയിൽ കാണുന്ന രേഖാങ്കിതമായ ആ ശിലാഖണ്ഡം ഇതിനു വേണ്ടുവോളം സാക്ഷ്യം വഹിക്കുന്നു."

ഡിലെനോയിയുടെ സാമർത്ഥ്യവും യുദ്ധരംഗത്തെ പരിചയവും കണ്ടറിഞ്ഞ മഹാരാജാവ് തിരുവിതാംകൂർ പട്ടാളത്തിന് ആധുനികമായ രീതിയിലുള്ള പരിശീലനം നൽകുന്നതിന് ഡിലെനോയിയെ ചുമതലപ്പെടുത്തി. ചുരുങ്ങിയനാൾകൊണ്ട് നാട്ടുപട്ടാളത്തിന് നല്ല രീതിയിലുള്ള പരിശീലനം നൽകുവാൻ അദ്ദേഹത്തിന് സാധിച്ചു. വെറും മൂന്നു മാസം കൊണ്ട് അച്ചടക്കമുള്ള ആധുനികരീതിയിലുള്ള ഒരു പട്ടാളത്തെ തിരുവിതാംകൂറിന് നേടിക്കൊടുത്ത ഡിലെനോയിയെ മഹാരാജാവ് മുക്തകണ്ഠം പ്രശംസിച്ചു. ഡിലെനോയിയുടെ സൈനികജ്ഞാനത്തിൽ മഹാരാജാവ് സംതൃപ്തനായി. തന്മൂലം പുതിയ പുതിയ ഉത്തരവാദിത്തങ്ങൾ ഡിലെനോയിയെ ഏൽപ്പിക്കുന്നതിന് രാജാവ് സന്നദ്ധനായി. മഹാരാജാവിന്റെ അംഗരക്ഷകസൈന്യത്തിന്റെ ക്യാപ്റ്റനായി അദ്ദേഹത്തെ നിയിക്കുകയും ചെയ്തു. പത്മനാഭപുരം കോട്ടയിൽ താമസമുറപ്പിച്ചിരുന്ന സൈന്യങ്ങളെ നയിക്കുന്നതിനും അവർക്കും ആധുനികരീതിയിലുള്ള പരിശീലനം നൽകുന്നതിനും ഡിലെനോയിയെ മഹാരാജാവ് ചുമതലപ്പെടുത്തി.

ഡിലെനോയി മഹാരാജാവിന്റെ മുമ്പിൽ സമർപ്പിച്ച നിർദ്ദേശങ്ങൾ എല്ലാം നടപ്പിലാക്കുവാൻ അദ്ദേഹത്തെതന്നെ മഹാരാജാവ് ചുമതല

www.malankaralibrary.com

പ്പെടുത്തി. സുസംഘടിതവും ആയുധസജ്ജീകൃതവും കാര്യക്ഷമവുമായ ഒരു ആയുധസംഭരണശാല നിർമ്മിക്കേണ്ടതിന്റെ ആവശ്യകത ഡിലെനോയി മഹാരാജാവിനെ ബോദ്ധ്യപ്പെടുത്തി. ആയുധസംഭരണശാല നിർമ്മിക്കുന്നതിന് അദ്ദേഹത്തെത്തന്നെ രാജാവ് ചുമതലപ്പെടുത്തി. ഉദയഗിരിക്കുന്നിനു ചുറ്റും ബലിഷ്ഠമായ ഒരു കോട്ട നിർമ്മിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കുന്നതിന് ഡിലെനോയിയെ തന്നെ മഹാരാജാവ് ഭരമേല്പിച്ചു. ക്യാപ്റ്റൻ ഡിലെനോയി ദീർഘകാലം അവിടെ താമസിച്ചുകൊണ്ട് കോട്ടയുടെ പണി പൂർത്തിയാക്കി.

ക്യാപ്റ്റൻ ഡിലെനോയിയുടെ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ മഹാരാജാവിന്റെ കല്പനപ്രകാരം ഡിലെനോയി നിർമ്മിച്ച ആയുധസംഭരണശാലയും ഉദയഗിരിക്കോട്ടയും തിരുവിതാംകൂറിന്റെ പിന്നീടുള്ള പുരോഗതിക്ക് വളരെയേറെ സഹായിച്ചിട്ടുണ്ട്.

പി. ശങ്കുണ്ണിമേനോന്റെ തിരുവിതാംകൂർ ചരിത്രത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. (പുറം. 137) "തിരുവിതാംകൂർ സൈന്യത്തെ യൂറോപ്യൻ സമ്പ്രദായത്തിൽ സംഘടിപ്പിക്കുന്നതിനും ശിക്ഷണം ചെയ്യിക്കുന്നതിനും എല്ലാ കോട്ടകൊത്തളങ്ങളെയും സന്ദർശിക്കുന്നതിനും പരിശോധിക്കുന്നതിനുമുള്ള ശ്രമസാദ്ധ്യമായ ജോലി ക്യാപ്റ്റൻ ഡിലെനോയിയെയാണ് ഭരമേൽപ്പിച്ചിരുന്നത്. തനിക്ക് ഏറ്റവും പ്രശസ്തി ലഭിക്കത്തക്കവണ്ണവും മഹാരാജാവിന്റെ സൈന്യത്തിന് ഏറ്റവും ഗുണകരമായ വിധവും അദ്ദേഹം ആ ജോലി ചെയ്തു തീർത്തു." ഡിലെനോയിയുടെ കൂട്ടത്തിൽ തടവുകാരനായി പിടിക്കപ്പെട്ട സുഹൃത്തിനെ പട്ടാളത്തിൽ ഒരു ക്യാപ്റ്റനായും മഹാരാജാവ് നിശ്ചയിച്ചു.

മി. ശൂരനാട് കുഞ്ഞൻപിള്ള രചിച്ച തിരുവിതാംകൂറിലെ മഹാന്മാർ എന്ന ഗ്രന്ഥത്തിൽ (പുറം 72-73) ഇപ്രകാരം എഴുതിയിരിക്കുന്നു. "യുദ്ധങ്ങളിൽ ഏർപ്പെട്ട് സമ്പാദിച്ച ജയത്തിലും വേറൊരു വലിയ സേവനം ഡിലെനോയി തിരുവിതാംകൂറിന് ചെയ്തിട്ടുണ്ട്. അത് സൈന്യപരിഷ്കരണവും പുതിയ കോട്ടകളുടെ സ്ഥാപനവും ആണ്. മഹാരാജാവിന്റെ അംഗരക്ഷകനെന്ന പദവിയിൽനിന്ന് കുറച്ചുകാലത്തിനുള്ളിൽ അദ്ദേഹത്തെ പത്മനാഭപുരം കോട്ടയുടെ നായകനായി നിയമിച്ചു. അന്നുതൊട്ടു കോട്ടകൾ പുതുക്കുന്നതിലും മറ്റും അദ്ദേഹം അനവരതം പ്രവർത്തിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആദ്യമായി നിർമ്മിച്ചത് പ്രസിദ്ധമായ ഉദയഗിരിക്കോട്ടയായിരുന്നു. ഈ കോട്ട പത്മനാഭപുരം കോട്ടയിൽനിന്ന് അൽപ്പം തെക്കായി സ്ഥിതി ചെയ്യുന്നു. കോട്ടയ്ക്കുള്ളിൽ അനവധി വീടുകളും മറ്റും നിർമ്മിച്ചിട്ടുണ്ട്. മദ്ധ്യത്തിൽ വലിയ ഒരു കുന്നുണ്ട്. അതിന്റെ പുറത്തുനിന്നുകൊണ്ട് ദൂരെനിന്നു വരുന്ന ശത്രുക്കളെ കാണാൻ സൗകര്യമുണ്ട്. പീരങ്കി വെച്ച് പുറത്തേയ്ക്ക് വെടിവെയ്ക്കുന്നതിനുവേണ്ട സൗകര്യം ഈ കോട്ടയിൽ ഉണ്ടാക്കിയിട്ടുണ്ട്."

www.malankaralibrary.com

ഉദയഗിരിക്കോട്ട തിരുവനന്തപുരം നഗരത്തിൽനിന്നും 35 മൈൽ അകലെയായാണ് സ്ഥിതി ചെയ്യുന്നത്. ഉദയഗിരിക്കോട്ടയെപ്പറ്റി 1941 ഒക്ടോബർ 20-ാം തീയതി ദീപികയിൽ വന്ന ഒരു ലേഖനത്തിലെ ഒരു ഭാഗം താഴെ ചേർക്കുന്നു. "15 അടി ഉയരത്തിൽ ഒന്നാംതരം കരിങ്കല്ലുകൊണ്ട് 15 അടി ഘനത്തിൽ നിർമ്മിച്ചിട്ടുള്ള ഈ കോട്ടയുടെ ചുറ്റളവ് രണ്ടു മൈലാണ്. 260 അടി ഉയരമുള്ള ഉദയഗിരിമല ഈ കോട്ടയ്ക്കുള്ളിലാണ്. അതിന്റെ മുകളിൽ കയറിനിന്നാൽ വളരെ ദൂരെ വച്ചുതന്നെ ശത്രുക്കളെ കാണാൻ കഴിയും. വലിയ തോക്കുകൾ അണിയണിയായി സ്ഥാപിക്കുവാൻ തക്ക ഏർപ്പാടുകളും കോട്ടയുടെ മുകൾഭാഗത്ത് ചെയ്തിട്ടുണ്ട്. കോട്ടയുടെ ഒരു ഭാഗത്ത് ഒരു ചെറിയ പള്ളി കാണാം. ഇത് ഒരു കാലത്ത് കത്തോലിക്കരുടെ ഒരു ആരാധനാലയമായിരുന്നു. ഈ പള്ളിക്കുള്ളിലാണ് ഡിലെനോയിയുടെ അവശിഷ്ടം പള്ളികൊള്ളുന്നത്. ഡിലെനോയിയുടെ ഭാര്യയുടെയും പുത്രന്റെയും ശവകുടീരങ്ങളും ഇവിടെത്തന്നെ സ്ഥിതിചെയ്യുന്നു. അനേകശതം വെടിയുണ്ടകൾ, വലിയകപ്പിത്താന്റെ വീരപരാക്രമങ്ങളെ പ്രകീർത്തിച്ചുകൊണ്ട് അവിടെ കൂട്ടം കൂടി വിശ്രമിക്കുന്നു. കരിങ്കൽകൊണ്ട് നിറഞ്ഞ കുന്നിൻ പ്രദേശങ്ങളാണ് ദുർഗ്ഗത്തിനുള്ളിൽ അധികപങ്കും. പല ചരിത്രസംഭവങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുള്ള വൻമരങ്ങളും അവിടിവിടെ കാണാം. ഒരു ഭാഗത്ത് മരച്ചീനിച്ചെടികൾ തലയുയർത്തിപ്പിടിച്ച് വരിവരിയായി നിൽക്കുന്നു. പുറമേ നോക്കിയാൽ ഭീമാകാരമായിത്തോന്നുന്ന ഉദയഗിരിക്കോട്ട ഉള്ളിലേയ്ക്കു കടന്നാൽ ശാന്തതയുടെ ഇരിപ്പിടമായി അനുഭവപ്പെടും."

ശൂരനാട് കുഞ്ഞൻപിള്ള രചിച്ച തിരുവിതാംകൂറിലെ മഹാന്മാർ എന്ന ഗ്രന്ഥത്തിൽ ഡിലെനോയിയുടെ കോട്ടകൾ നിർമ്മാണത്തെപ്പറ്റി (പുറം 73,74) ഇപ്രകാരം എഴുതിയിരിക്കുന്നു. "അലവാക്കര കോട്ടയും കന്യാകുമാരിക്ക് അടുത്തുള്ള വട്ടക്കോട്ടയം അദ്ദേഹം പുതുക്കിയതുകൂടാതെ ഒരു ആയുധനിർമ്മാണശാലയും മരുന്നു കോട്ടയും സ്ഥാപിക്കുകയും ചെയ്തു. മദ്ധ്യ തിരുവിതാംകൂറിലും ഉത്തരതിരുവിതാംകൂറിലും ഡിലെനോയി അനവധി പുതിയ കോട്ടകൾ പണിയിച്ചു. കൊല്ലം, മാവേലിക്കര, ഏറ്റുമാനൂർ കോട്ടയം എന്നിവിടങ്ങളിൽ അദ്ദേഹം സ്ഥാപിച്ച കോട്ടകളുടെ അവശിഷ്ടങ്ങൾ ഇന്നും കാൺമാനുണ്ട്. അദ്ദേഹം യൂറോപ്യൻ രീതിയിൽ തിരുവിതാംകൂർ പടയാളികളെ യുദ്ധപരിശീലനം ചെയ്യിപ്പിച്ചു. യൂറോപ്യൻ യുദ്ധസാമഗ്രികൾ അധികമായി ഉപയോഗിക്കുകയും ചെയ്തു. ഈ പരിശീലനവും അദ്ദേഹത്തിന്റെ നേതൃത്വവും തിരുവിതാംകൂറിന്റെ അന്നത്തെ വിജയത്തിന് സഹായകമായി ഭവിച്ചു. രാജ്യത്തിന്റെ നാനാഭാഗങ്ങളിലും കോട്ടകളിൽ സൈന്യത്തെ താമസിപ്പിക്കുകയും അതിർത്തിപ്രദേശങ്ങൾ രക്ഷിക്കുന്നതിന് പ്രത്യേക ഏർപ്പാടുകൾ ചെയ്യുകയും ചെയ്തു. പ്രധാന സൈന്യവിഭാഗങ്ങളെ പത്മനാഭപുരം, കൊല്ലം, തിരുവല്ലാ, ചേർത്തല എന്ന നാലു സ്ഥലങ്ങളിലായി പാർപ്പിച്ചിരുന്നു."

www.malankaralibrary.com

തിരുവിതാംകൂർ ചരിത്രം രചിച്ച ആർ കുളത്തുവയ്യർ (പുറം 25) ഇപ്രകാരം എഴുതിയിരിക്കുന്നു. "അദ്ദേഹത്തിന്റെ മേലന്വേഷണത്തിൽ പീരങ്കികളും അവയുടെ ഉണ്ടകളും വാർപ്പിച്ചു. മറ്റു വേണ്ടുന്ന യുദ്ധക്കോപ്പുകളും ഉണ്ടാക്കിച്ചു. ആ കാലത്ത് ഉണ്ടാക്കിയിട്ടുള്ള പീരങ്കി ഉണ്ടകൾ ഇന്നും ഉദയഗിരിക്കോട്ടയിൽ ധാരാളം കാണുന്നുണ്ട്."

മേജർ വെൽഷ് തന്റെ സൈനികസ്മരണകൾ എന്ന ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്ന ഒരു ഭാഗം താഴെ ചേർക്കുന്നു. ".... എന്നാൽ എന്റെ അത്ഭുതത്തിനും ജിജ്ഞാസയ്ക്കും കൂടുതൽ കാരണമായത് ഒരു പീരങ്കിയും ഉണ്ടയും ആണ്. യഥാർത്ഥമായ പാശ്ചാത്യരീതിയിൽ, സമർത്ഥനായ പണിക്കാരന്റെ മനോധർമ്മവിലാസത്തിന്റെ പരിപക്വഫലായി നിർമ്മിച്ചിട്ടുള്ള ഈ യുദ്ധസാമഗ്രികൾ ഉദയഗിരിക്കോട്ടയിൽ ആണ് ഞാൻ കണ്ടത്. അവ തനി ഉരുക്കിലാണ് പണിതുണ്ടാക്കിയിരിക്കുന്നത്. പീരങ്കിക്ക് പതിനാറടി നീളവും അതിനോടടുത്ത വ്യാസവും വരും. ആയിരത്തിഇരുനൂറു പേർ പതിനാറ് ആനകളുടെ സഹായത്തോടെ പിടിച്ചുനോക്കിയിട്ടും കുറെ വാരദൂരത്തേയ്ക്ക് അത് മാറ്റി വെയ്പാൻപോലും കഴിഞ്ഞില്ല. മറ്റ് യുദ്ധസാമഗ്രികളും ഏതാദൃശ്യങ്ങൾതന്നെ. ഇവ ഡിലെനോയിയുടെ ആയുധ നിർമ്മാണ നൈപുണിയെ വേണ്ടുവോളം വെളിവാക്കുന്നു...."

മേജർ വെൽഷിന്റെ ഈ പ്രസ്താവന അല്പ അതിശയോക്തി കലർത്തിയിട്ടുള്ളതായി തോന്നാം. 16 ആനയും 1200 ആളുകളും ചേർന്ന് മാറ്റിവെയ്ക്കാൻ ശ്രമിച്ചത് എങ്ങിനെയെന്ന് തോന്നാം. മാറ്റി വെയ്ക്കുവാൻ സാധിക്കാത്ത ആ പീരങ്കി എങ്ങനെ അവിടെ കൊണ്ടുവന്നു സ്ഥാപിച്ചു. ഒരു പക്ഷേ അവിടെവെച്ചു നിർമ്മിച്ചതാകാം.

## 5. യുദ്ധരംഗത്ത്

നാട്ടുപട്ടാളത്തിന് യൂറോപ്യൻ രീതിയിൽ പരിശീലനം നൽകുകയും പ്രധാന കേന്ദ്രങ്ങളിൽ കോട്ടകൊത്തളങ്ങൾ നിർമ്മിക്കുകയും ചെയ്ത ഡിലെനോയി പിന്നീട് യുദ്ധരംഗത്തേക്ക് സേനയെ നയിക്കുകയുണ്ടായി. കായംകുളം, അമ്പലപ്പുഴ രാജ്യങ്ങളുമായിട്ടുള്ള യുദ്ധത്തിൽ ഡിലെനോയി സേനാനായകൻ എന്ന നിലയിൽ പ്രവർത്തിച്ചു.

രാജ്യവിസ്തൃതിയിൽ മാർത്താണ്ഡവർമ്മ മഹാരാജാവ് അതീവ താല്പര്യം പ്രകടിപ്പിച്ചു. വേണാടിന് വടക്കുണ്ടായിരുന്ന ഓരോരോ രാജ്യങ്ങളെ ആക്രമിച്ച് കീഴടക്കാൻ തീരുമാനിച്ചു. ഈ സന്ദർഭത്തിലാണ് ദേശിംഗനാട് രാജാവ് ദിവംഗതനായത്. കായംകുളം രാജാവ് ഈ അവസരം മുതലാക്കി ദേശിംഗനാടിനെ കായംകുളത്തിനോടു ചേർത്തു. കായംകുളം രാജാവിന്റെ ഈ നടപടിയെ മാർത്താണ്ഡവർമ്മ എതിർത്തു. കൊല്ലവർഷം 916-ൽ കായംകുളം രാജാവിന്റെ കാര്യക്കാരായിരുന്ന ഒരു അച്യുതവാര്യരുടെ നേതൃത്വത്തിൽ ഒരു സംഘം നായർഭടന്മാരുടെ സംരക്ഷണയിലായിരുന്നു ഈ

www.malankaralibrary.com

കോട്ട. ആ നായർ പട്ടാളത്തോട് തിരുവിതാംകൂർ സൈന്യം തോൽക്കുകയുണ്ടായി. എന്നുമാത്രമല്ല കിളിമാനൂർ കോട്ടയും അവർ കൈവശപ്പെടുത്തി. തിരുവിതാംകൂർ സൈന്യത്തിന് നേരിട്ട ഏക തോൽവി ഈ യുദ്ധത്തിൽ മാത്രമായിരുന്നു.

ഈ പരാജയത്തിൽ മാർത്താണ്ഡവർമ്മ മഹാരാജാവ് പതറിയില്ല. ഡിലെനോയിയുടെ നേതൃത്വത്തിൽ ഒരു സൈന്യത്തെ കൊല്ലത്തേയ്ക്കയച്ചു. പിറ്റേ വർഷം കിളിമാനൂർ കോട്ട പിടിച്ചെടുക്കുവാനുള്ള പദ്ധതിയിട്ടു. കിളിമാനുർ യുദ്ധത്തിൽ തിരുവിതാംകൂർ സൈന്യത്തെ മൂന്നു വിഭാഗമായി തിരിച്ചു. ചീഫ് കമാൻഡർ സ്ഥാനം മഹാരാജാവ് ഏറ്റെടുത്തു. ഓരോ വിഭാഗത്തിന്റെയും കമാർഡർമാരായി യുവരാജാവ്, രാമയ്യൻ ദളവാ, ക്യാപ്റ്റൻ ഡിലെനോയി എന്നിവരെ നിയമിക്കുകയും ഈ മൂന്നു വിഭാഗത്തെയും മുൻഭാഗത്ത് നിയോഗിക്കുകയും ചെയ്തു. എല്ലാ ക്രമീകരണങ്ങളും ചെയ്തതിനുശേഷം കിളിമാനൂർ കോട്ടയെ ഉപരോധിച്ചു. 68 ദിവസത്തോളം ശത്രുക്കൾ കോട്ടയെ സംരക്ഷിച്ച് നിലയുറപ്പിച്ചു. നിരന്തരമായ യുദ്ധത്തെ തുടർന്ന് ശത്രുവിനെ പരാജയപ്പെടുത്തുന്നതിനും കോട്ട തിരിച്ചെടുക്കുന്നതിനും മാർത്താണ്ഡവർമ്മ മഹാരാജാവിന് സാധിച്ചു.

തോൽവി സമ്മതിച്ച കായംകുളം രാജാവ് സന്ധിയ്ക്കപേക്ഷിച്ചു. മാന്നാത്ത് വെച്ചുണ്ടായ ഉടമ്പടിയുടെ ഫലമായി ദേശിംഗനാട് രാജ്യം തിരുവിതാംകൂറിനോട് ചേർക്കപ്പെട്ടു. മാന്നത്ത് ഉടമ്പടിപ്രകാരമുള്ള പ്പ കൊടുക്കുവാൻ കായംകുളം രാജാവിന് സാധിച്ചില്ല. മാർത്താണ്ഡവർമ്മ പ്രസ്തുത കപ്പം ആവശ്യപ്പെട്ടപ്പോൾ രാജാവ് ഒളിച്ചോടി പോവുകയാണ് ചെയ്തത്. ഈ ഒളിച്ചോട്ടം കായംകുളം രാജ്യത്തെ തിരുവിതാംകൂറിനോട് ചേർക്കുവാൻ സഹായകരമായി. അമ്പലപ്പുഴ രാജാവ് എന്നും കായംകുളം രാജാവിന്റെ സഹായിയായിരുന്നു. ആ അമ്പലപ്പുഴരാജാവിനെ മര്യാദപഠിപ്പിക്കുകയായിരുന്നു മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ അടുത്തലക്ഷ്യം. അമ്പലപ്പുഴ മഹാരാജാവ് ഈ വിവരം അറിഞ്ഞു. അദ്ദേഹത്തിന്റെ സേനാനായകനായ മാത്തൂർ പണിക്കരുടെ നേതൃത്വത്തിൽ സൈന്യങ്ങളെ തിരുവിതാംകൂർ സൈന്യത്തെ എതിർക്കാനായി നിയോഗിച്ചു. അമ്പലപ്പുഴയ്ക്കും ഹരിപ്പാടിനും മദ്ധ്യേയുള്ള തോട്ടപ്പള്ളി എന്ന സ്ഥലത്തുവെച്ച് ഇരുസൈന്യങ്ങളും തമ്മിൽ കൂട്ടിമുട്ടി യുദ്ധമാരംഭിച്ചു. തിരുവിതാംകൂർ ചരിത്രത്തിൽ പ്രാധാന്യമർഹിക്കുന്ന ഈ യുദ്ധത്തെപ്പറ്റി ശങ്കുണ്ണിമേനോൻ തിരുവിതാംകൂർ ചരിത്രത്തിൽ എഴുതിയിരിക്കുന്ന ഭാഗം (പുറം 150–151) താഴെ ചേർക്കുന്നു.

"അമ്പലപ്പുഴ നാടുവാഴി നിസ്സാരനായ ഒരു രാജാവായിരുന്നെങ്കിലും, അമ്പും വില്ലും അതുപോലെതന്നെ തോക്കും ആയുധങ്ങളുമായി ഉണ്ടായിരുന്ന ഒരു സുശിക്ഷിതമായ സൈന്യം അദ്ദേഹത്തിനുണ്ടായിരുന്നു. തന്റെ രാജ്യം ആസന്നഭാവിയിൽ ആക്രമിക്കപ്പെടുമെന്നുള്ള വാർത്ത ലഭിച്ചതോടുകൂടി ഈ നാടുവാഴി തന്റെ രാജ്യത്തെ തെക്കേ അതിർ

www.malankaralibrary.com

ത്തിയിലുള്ള തോട്ടപ്പള്ളി എന്ന സ്ഥലത്ത് മാത്തൂർ പണിക്കരുടെയും മറ്റുപലരുടെയും നേതൃത്വത്തിൽ താവളമുറപ്പിക്കുന്നതിന് സൈന്യത്തിന് ആജ്ഞ നൽകി. രാമയ്യൻ ദളവായുടെ നേതൃത്വത്തിലുള്ള തിരുവിതാംകൂർ സൈന്യം അവരെ അവിടെവച്ച് എതിരിടുകയും ഭയങ്കരമായ യുദ്ധം ആരംഭിക്കുകയും ചെയ്തു. അമ്പലപ്പുഴ രാജാവ് വളരെ സൂത്രശാലിയായ ഒരു നാടുവാഴിയായിരുന്നു. അദ്ദേഹം പലതരത്തിലുള്ള അസ്ത്രങ്ങൾ കണ്ടുപിടിക്കുകയും അവയുടെ അഗ്രങ്ങൾ നല്ലതുപോലെ വിഷം പുരട്ടി സജ്ജമാക്കുകയും ചെയ്തിരുന്നു. തന്മൂലം ബാണങ്ങളാൽ അല്പമായ മുറിവെങ്കിലും ഏല്പിക്കപ്പെട്ടാൽ മതി, കടുംവിഷം ശരീരമാസകലം വ്യാപിച്ച് ഏതാനും മണിക്കൂറുകൾക്കുള്ളിൽ മുറിവേറ്റയാൾ മരണം പ്രാപിക്കുവാൻ. വിഷലിപ്തമായ ഈ അസ്ത്രങ്ങൾ നിമിത്തം രാമയ്യന്റെ സൈന്യത്തിന് ഭയങ്കരമായ നാശം നേരിട്ടു. സൈന്യനഷ്ടം ഗണ്യമായിത്തീർന്നപ്പോൾ, സൈന്യത്തെ പിൻവലിക്കുവാൻ അദ്ദേഹം നിർബന്ധിതനായിത്തീർന്നു.

അടുത്ത ദിവസം നായർ സൈന്യങ്ങളുടെ ഇടയിൽ ഒരു സംഭ്രമം പിടപെട്ടു. അമ്പലപ്പുഴ രാജാവിന്റെ കുലദേവതയായ ദേവനാരായണൻ (ശ്രീകൃഷ്ണസ്വാമി) തന്നെ നേരിട്ട് യുദ്ധം നടത്തുകയാണെന്നായിരുന്നു അവരുടെ മിഥ്യാഭയം. അതുകാരണം സൈന്യത്തിലെ ഹൈന്ദവവിഭാഗത്തിലെ ഒരുവനെയെങ്കിലും യുദ്ധം തുടർന്നുകൊണ്ടുപോകണമെന്ന് ഒരു വിധത്തിലും സമ്മതിപ്പിക്കുവാൻ സാധിച്ചില്ല. (ശ്രീ കൃഷ്ണസ്വാമിയോട് യുദ്ധം ചെയ്യുവാൻ ഹിന്ദുക്കൾക്ക് സാധിക്കുകയില്ലല്ലോ) തന്മൂലം മുസൽമാൻമാരും ക്രിസ്ത്യാനികളുമായ സൈന്യവിഭാഗങ്ങളോടും പീരങ്കിപ്പടയോടുംകൂടെ ക്യാപ്റ്റൻ ഡിലെനോയി വരുന്നതുവരെ രാമയ്യൻദളവാ കാത്തിരിക്കേണ്ടിവന്നു. ഈ സൈന്യവിഭാഗത്തിന്റെ ആഗമനത്തോടുകൂടി ദളവാ വീണ്ടും യുദ്ധം ആരംഭിച്ചു. സൂത്രശാലിയായ രാജാവിന്റെ വിഷലിപ്തബാണധാരികളായ സൈന്യങ്ങളിൽ ക്യാപ്റ്റൻ ഡിലെനോയിയുടെ പീരങ്കിപ്പട ശക്തിയായ വെടിവെപ്പു നടത്തി. അനേകം വെടിയുണ്ടകൾ അവരുടെ മേൽ വർഷിച്ചു. ഏതാനും മണിക്കൂറുകൾക്കുള്ളിൽ ശത്രുക്കൾക്ക് ഭയങ്കരമായ നഷ്ടം നേരിട്ടു. തിരുവിതാംകൂർ സൈന്യത്തിലെ നായന്മാരും മറ്റു ഹിന്ദുക്കളുമടങ്ങിയ വിഭാഗം ഇതുമൂലം പ്രോത്സാഹിതരായി."

സുപ്രധാനമായ ഈ യുദ്ധത്തെപ്പറ്റി തിരുവിതാംകൂർ സ്റ്റേറ്റ് മാനുവലിൽ ഇപ്രകാരം വിവരിച്ചിരിക്കുന്നു. "ഉഗ്രവിഷത്തിൽ മുക്കിയ ശസ്ത്രങ്ങൾ ധരിച്ചിരുന്ന അമ്പലപ്പുഴ പട്ടാളക്കാർ തോട്ടപ്പള്ളിൽവെച്ച് തിരുവിതാംകോട്ടെ സൈന്യത്തെ എതിർത്തു. വിഷലിപ്തങ്ങളായ അസ്ത്രങ്ങളേറ്റു തിരുവിതാങ്കോട്ടെ സൈന്യം ആറു ദിവസം യുദ്ധം ചെയ്തതിൽ പിന്നീട് മടങ്ങിപ്പോന്നു. അതുകൊണ്ട് ക്രിസ്ത്യാനികളും ജോനകരും ചേർന്ന പട്ടാളവും പീരങ്കികളും കൊണ്ടു ഡിലെനോയി സഹായത്തിനെത്തുംവരെ യുദ്ധം നിർത്തിവയ്ക്കണമെന്ന് രാമയ്യൻ നിശ്ചയിച്ചു."

www.malankaralibrary.com

അമ്പലപ്പുഴക്കാരുടെ വിഷലിപ്തശരങ്ങൾ ഡിലെനോയിയുടെ ഉഗ്രൻ പീരങ്കികൾക്കുമുമ്പിൽ കേവലം അസ്തശക്തികളായിത്തീരുമ്പോൾ, സേനാനായകൻ മാത്തുപ്പണിക്കരും തെക്കേടത്ത് ഭട്ടതിരിയും മറ്റും തിരുവിതാംകൂർ പക്ഷം ചേരുകയും തിരുവിതാംകൂർ സൈന്യം അമ്പലപ്പുഴ കീഴടക്കുകയും രാജാവിനെ തടവുകാരനായി പിടിച്ച് തിരുവനന്തപുരത്തേയ്ക്ക് കൊണ്ടുപോവുകയും ചെയ്തു. കായംകുളം രാജാവുമായും അമ്പലപ്പുഴരാജാവുമായും നടന്ന യുദ്ധങ്ങളിൽ ഡിലെനോയിയുടെ സഹായം കൊണ്ടുമാത്രമാണ് തിരുവിതാംകൂർ സൈന്യം വിജയിച്ചത്.

## തെക്കുംകൂർ രാജ്യത്തിനെതിരെ

കായംകുളവും അമ്പലപ്പുഴയുമായി തിരുവിതാംകൂർ സൈന്യം യുദ്ധത്തിൽ ഏർപ്പെട്ടപ്പോൾ തെക്കുംകൂർ തിരുവിതാംകൂറിന് എതിരായ നിലപാട് ആണ് സ്വീകരിച്ചത്. അതിന് തക്ക പ്രതിരോധം ചെയ്യുവാൻ മാർത്താണ്ഡവർമ്മ നല്ല സന്ദർഭം നോക്കി കഴിയുകയായിരുന്നു. ഈ ഘട്ടത്തിൽ തെക്കുംകൂർ രാജ്യത്തിലെ ഇളയരാജാവ് മാർത്താണ്ഡവർമ്മയെ അഭയം പ്രാപിക്കുകയുണ്ടായി. തെക്കുംകൂർ രാജാവ്, മാർത്താണ്ഡവർമ്മയെ അഭയം പ്രാപിച്ചിരുന്ന ഇളയരാജാവിനെ ചതിയിലൂടെ കൊല ചെയ്തു. തന്നെ അഭയം പ്രാപിച്ച ഇളയ രാജാവിനെ ജ്യേഷ്ഠനായ രാജാവ് കൊലപ്പെടുത്തിയെന്ന കാരണത്തിന്റെ പേരിൽ തെക്കുംകൂർ രാജ്യവുമായി തിരുവിതാംകൂർ യുദ്ധപ്രഖ്യാപനം നടത്തി. കൽക്കുളം, ഇരണിയൽ, വിളവംകോട് തുടങ്ങിയ സ്ഥലങ്ങളിൽനിന്നും വമ്പിച്ച ഒരു നായർ പട്ടാളത്തെ മാർത്താണ്ഡവർമ്മ ശേഖരിച്ചു. ആ പുതിയ നായർ പട്ടാളത്തെയും സ്ഥിരം സൈന്യത്തെയും രാമയ്യൻ ദളവായുടെ നേതൃത്വത്തിൽ തെക്കുംകൂർ രാജാവിനെ ആക്രമിക്കാൻ അയച്ചു. ആറന്മുളയിൽ വെച്ചാണ് യുദ്ധം നടന്നത്. തിരുവിതാംകൂർ സൈന്യത്തെ നേരിടാൻ തെക്കുംകൂർ രാജാവ് നിയോഗിച്ചത് രാജാവിന്റെ ആശ്രിതന്മാരായ തെലുങ്കുബ്രാഹ്മണരെയായിരുന്നു. ബ്രാഹ്മണർക്ക് ദിവ്യത്വം കല്പിച്ചിരുന്ന അക്കാലത്ത് രാജാവിനെപ്പോലും നിയന്ത്രിച്ചിരുന്നത് ബ്രാഹ്മണരായിരുന്നല്ലോ. ബ്രാഹ്മണരുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ രാജാധികാരത്തെ ബ്രാഹ്മണർ ഉപയോഗിച്ചിരുന്നുവെന്നു ചുരുക്കം. ആ യുദ്ധത്തിൽ ഹിന്ദു പട്ടാളക്കാരിൽ ആരും ബ്രാഹ്മണരെ എതിർക്കുവാൻ തയ്യാറാവുകയില്ല. ഈ യാഥാർത്ഥ്യം ഇന്നത്തെ ജനങ്ങൾ മനസ്സിലാക്കണമെങ്കിൽ അന്നത്തെ സാമൂഹ്യവ്യവസ്ഥിതിയെപ്പറ്റി ഗ്രഹിക്കേണ്ടിയിരിക്കുന്നു.

ശ്രീ. ശങ്കരാചാര്യർ തന്റെ ലഘു ധർമ്മപ്രകാശികയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ശൂദ്രർ സദാസമയവും ബ്രാഹ്മണരുടെ സേവ ചെയ്യുവാൻ കാത്തുനിന്നുകൊണ്ട് ബ്രാഹ്മണരെ സന്തോഷിപ്പിക്കണം. അവർ ശകാരിച്ചാൽ മറുത്തു പറയരുത്. "

www.malankaralibrary.com

ഹിന്ദുക്കൾ ശൂദ്രരുടെമേൽ അടിച്ചേൽപ്പിച്ചിരുന്ന അടിമത്തത്തിന്റെ ആഴമറിയണമെങ്കിൽ മനുസ്മൃതി വായിച്ചാൽ മതിയാകും. മനു പറയുന്നു. "ലോകത്തിലുള്ളതെല്ലാം ബ്രാഹ്മണന്റെ സ്വന്തം സ്വത്താകുന്നു. ശ്രേഷ്ഠത കൊണ്ടും കുലീനത്വംകൊണ്ടും ബ്രാഹ്മണൻ സകലതും ലഭിക്കാൻ അർഹിക്കുന്നു (1:100)

ജാതിപ്പേര് കൂട്ടിവിളിച്ച് ബ്രാഹ്മണനെ നിന്ദിക്കുന്ന ശൂദ്രന്റെ വായിൽ പത്തംഗുലം നീളമുള്ള പഴുപ്പിച്ച ഇരുമ്പാണി തറയ്ക്കണം (8:271)

അഹങ്കാരംകൊണ്ട് ബ്രാഹ്മണനെ കാർക്കിച്ചു തുപ്പുന്ന ശൂദ്രന്റെ രണ്ടു ചുണ്ടും രാജാവ് ഛേദിപ്പിക്കണം. ബ്രാഹ്മണന്റെമേൽ മൂത്രവിസർജ്ജനം ചെയ്താൽ ലിംഗവും ശബ്ദത്തോടെ അധോവായു വിട്ടാൽ ഗുദവും ഛേദിക്കണം. (8:282)

ചെറിയതായാലും വലിയതായാലും അഗ്നിയുടെ മഹത്വം അതു പോലെതന്നെ. വിദ്വാനായാലും വിദ്യാവിഹീനനായാലും ബ്രാഹ്മണനിലുള്ള ദൈവത്വ മഹത്വമേറിയതുതന്നെ.

ചാതുർ വർണ്യത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിപ്പടുത്ത ജാതിവ്യവസ്ഥയുടെ ഭീകരരൂപം ദൃശ്യമാകുന്നത് കേരളത്തിലാണ്. ഇവിടുത്തെ ജാതി വ്യവസ്ഥ ഇവിടുത്തെ ജന്മിത്വത്തെയും നാടുവാഴിത്തത്തെയും അരക്കിട്ടുറപ്പിച്ചു. ജാതി വ്യവസ്ഥ നിലനിർത്തുവാൻ ശ്രമിച്ചത് ഫ്യൂഡൽ സംവിധാനത്തിന്റെ താങ്ങും തണലും ജാതി വ്യവസ്ഥയാണെന്നറിയാവുന്നതുകൊണ്ടായിരുന്നു.

നിലവിലുള്ള അന്ധവിശ്വാസങ്ങളും മതാനുഷ്ഠാനങ്ങളും ഉപയോഗപ്പെടുത്തി. അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളെ ചൂഷണം ചെയ്യുകയല്ല അടിക്കി ഭരിക്കുകയും ചെയ്യുന്നതിൽ ഭരണവർഗ്ഗം വിജയിച്ചു. ഇവിടുത്തെ നമ്പൂതിരി മേധാവിത്വം ഫ്യൂഡൽ വ്യവസ്ഥ നടപ്പിൽ വരുത്തുന്നതിൽ നിർണ്ണായകമായ പങ്കു വഹിച്ചത് ചാണക്യന്റെ അർത്ഥശാസ്ത്രമാണ്. പഴയ ഗോത്രജനാധിപത്യത്തെ തകർത്ത് രാജവാഴ്ച നടപ്പിൽ വരുത്തുവാനുള്ള ഉപദേശങ്ങളും നിർദ്ദേശങ്ങളുമാണ് ഈ അർത്ഥശാസ്ത്രത്തിലുള്ളത്.

പന്ത്രണ്ടാം നൂറ്റാണ്ടായപ്പോഴേക്ക് നമ്പൂതിരിമാർ സർവ്വശക്തരും സർവ്വാധികാരികളുമായിത്തീർന്നു. അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും മതത്തിന്റെ പരിരക്ഷ നൽകി. കേരളത്തിന്റെ ഭൗതികവും ആദ്ധ്യാത്മികവുമായ മണ്ഡലങ്ങളിൽ നമ്പൂതിരിമാർ ആധിപത്യം ഉറപ്പിച്ചു. ആ കാലത്ത് നാടുവാണിരുന്ന രാജാക്കന്മാർക്കുപോലും പിഴയിടുവാൻ നമ്പൂതിരിമാർ ധൈര്യം കാണിച്ചു.

അങ്ങനെ ബ്രാഹ്മണ മേധാവിത്വം നിലനിർത്തിയ കാലഘട്ടത്തിൽ ബ്രാഹ്മണർക്ക് ദിവ്യത്വം നൽകിയിരുന്ന കാലഘട്ടത്തിൽ തിരുവിതാംകൂർ സൈന്യത്തിനെതിരായി തന്റെ ആശ്രിതരായ ബ്രാഹ്മണരെ അണിനിരത്തിയാൽ ഒരൊറ്റ നായർ പട്ടാളക്കാരനും ബ്രാഹ്മണനെതിരായി പോരാടുകയി

www.malankaralibrary.com

ല്ലെന്ന് തെക്കുംകൂർ രാജാവ് കണക്കുകൂട്ടി. തിരുവിതാംകൂർ സൈന്യത്തിലെ ഹൈന്ദവ വിഭാഗത്തിലെ ഒരു ഭടനും ബ്രാഹ്മണപടയ്ക്കെതിരെ യുദ്ധം ചെയ്യാൻ തയ്യാറായില്ല. തിരുവിതാംകൂർ രാജാവിനേയും സൈന്യത്തേയും കണ്ണടച്ചുകൊണ്ട് നിന്ന് ബ്രാഹ്മണർ ശപിക്കുക കുടി ചെയ്തു. ഇതിൽ ഹൈന്ദവ പട്ടാളക്കാർ ഭയചകിതരായി. അന്നത്തെ സാമൂഹ്യവ്യവസ്ഥിതിയെ തെക്കുംകൂർ രാജാവ് ശരിക്കും മുതലെടുക്കുകയാണ് ചെയ്തത്. ഈ സമയത്ത് ഡിലെനോയിയുടെ ധീരതയാണ് തിരുവിതാംകൂറിന്റെ അഭിമാനം രക്ഷിച്ചത്.

ഈ യുദ്ധത്തെപ്പറ്റി തിരുവിതാംകൂർ ചരിത്രത്തിൽ പി ശങ്കുണ്ണി മേനോൻ ഇപ്രകാരം എഴുതിയിരിക്കുന്നു. (പുറം 153, 154) "രാമയ്യൻ ആറന്മുളയ്ക്കു പുറപ്പെട്ടു. അവിടെവെച്ച് തെക്കുംകൂർ രാജാവിന്റെ ആശ്രിതന്മാരായ ഏതാനും തെലുങ്കു ബ്രാഹ്മണർ, തിരുവിതാംകൂറിൽ ബ്രാഹ്മണരുടെ ജീവൻ അതിപാവനമായി കരുതപ്പെട്ടിരിക്കുന്നതിനാൽ തങ്ങളെ വധിക്കുന്നതിന് ആരുംതന്നെ ഉണ്ടാകുന്നതല്ലെന്നുള്ള വിശ്വാസത്തോടുകൂടി തിരുവിതാംകൂർ സൈന്യത്തിനുനേരെ അണിനിരന്നു. എന്നാൽ രാമയ്യൻ സ്വയം ഒരു ബ്രാഹ്മണനാണെങ്കിലും സ്വകൃത്യനിർവ്വഹണത്തിന് സന്നദ്ധനായി ആ ബ്രാഹ്മണരോട് അവർക്ക് രാജ്യകാര്യസംബന്ധമായ യാതൊന്നിലും ഇടപെടേണ്ട അവശ്യമില്ലെന്നും ജീവനെ അനാവശ്യമായി അപകടപ്പെടുത്താതെ, തങ്ങളുടെ വൈദികകർമ്മങ്ങൾ നിർവ്വഹിക്കുന്നതായി തിരിച്ചുപോകുന്നതാണ് നല്ലതെന്നും വേണ്ടവിധം ഉപദേശിച്ചുവെങ്കിലും അവർ അതൊന്നും കേൾക്കാതെ ആർപ്പുവിളിയോടെ തിരുവിതാംകൂർ സൈന്യത്തിനുനേരെ കല്ലും മണ്ണും വാരിക്കൊണ്ട് തിരുവിതാംകൂർ രാജാവിന്റെയും അദ്ദേഹത്തിന്റെ സൈന്യത്തിന്റെയും നേരേ ശാപവചനങ്ങൾ വർഷിച്ചുതുടങ്ങി. ഇതുകണ്ടപ്പോൾ രാമയ്യൻ ക്യാപ്റ്റൻ ഡിലെനോയിയോട് , സങ്കോചം കൂടാതെ സ്വകൃത്യം അനുഷ്ഠിക്കുന്നതിന് അപേക്ഷിച്ചു. ധീരനായ ആ ഉദ്യോഗസ്ഥൻ ക്രിസ്ത്യാനികളും മാപ്പിളമാരും മുക്കുവരുമടങ്ങിയ ഏതാനും സൈന്യങ്ങളെ വിളിച്ച് ആ ബ്രാഹ്മണക്കൂട്ടത്തെ ആട്ടിയോടിച്ചു വഴിതെളിക്കുവാൻ ആജ്ഞാപിച്ചു. ബ്രാഹ്മണരുണ്ടാക്കിത്തീർത്ത ഈ കുഴപ്പങ്ങൾക്കിടയിൽ ആറന്മുളയ്ക്കു സമീപം ഉണ്ടായിരുന്ന ഭീരുവും അശക്തനുമായിരുന്ന തെക്കുംകൂർ രാജാവിന് തന്റെ രാജ്യത്തുനിന്ന് വടക്കോട്ടോടുന്നതിന് വേണ്ട സമയം ലഭിച്ചു."

തെക്കുംകുർ രാജാവിന്റെ പലായനത്തോടുകൂടി 925 ചിങ്ങമാസം 28-ാം തീയ്തി തെക്കുംകുർ രാജ്യം തിരുവിതാംകൂറിന് അധീനമായി. അധികം താമസിയാതെ വടക്കുംകൂറും തിരുവിതാംകൂറിൽ ലയിക്കുകയുണ്ടായി. 916ൽ തിരുവിതാംകുർ സൈന്യം കായംകുളം രാജാവിനോട് യുദ്ധത്തിൽ പരാജയപ്പെട്ടു. എന്നാൽ പിന്നീട് ഉള്ള ഒരു യുദ്ധത്തിലും തിരുവിതാംകുർ സൈന്യം പരാജയപ്പെട്ടില്ല. തുടർച്ചയായി 15 വർഷം നീണ്ടുനിന്ന യുദ്ധങ്ങളുടെ ഫലമായി ഇടവാ മുതൽ പെരിയാർ വരെയുള്ള പ്രദേശങ്ങൾ മുഴുവനും തിരുവിതാം

www.malankaralibrary.com

കൂറിനോട് ചേർക്കുന്നതിന് മാർത്താണ്ഡവർമ്മയ്ക്ക് സാധിച്ചു. ഇടവാ യ്ക്കും പെരിയാറിനുമിടയിൽ പടിഞ്ഞാറ് കൊച്ചിരാജാവിന്റെ വകയായുണ്ടാ യിരുന്ന പ്രദേശങ്ങൾ മാത്രമേ തിരുവിതാംകൂറിൽ ഉൾപ്പെടാതിരുന്നുള്ളൂ.

അമ്പലപ്പുഴ, തെക്കുംകൂർ, വടക്കുംകൂർ രാജാക്കന്മാരുടെ സൈന്യ ങ്ങൾ ഡിലെനോയിയുടെ വെടിയുണ്ടകൾക്കുമുമ്പിൽ ആണ് പരാജയം ഏറ്റു വാങ്ങിയത്. പരാജയപ്പെട്ട തങ്ങളുടെ രാജ്യങ്ങൾ തിരിച്ചെടുക്കുന്നതിനുള്ള ശ്രമങ്ങൾ അവർ നടത്തി. ഏതാനും ഹൈന്ദവപ്രമാണിമാരാണ് ഈ സംരഭ ത്തിനുവേണ്ടി തമ്പ്രാക്കന്മാരെ പ്രേരിപ്പിച്ചത്. അവരിൽ പ്രധാനികൾ പാലിയ ത്തച്ചനും കൊടശ്ശേരിക്കർത്താവും കൊരട്ടി കൈമളും ആയിരുന്നു. ഈ ഹൈന്ദവ പ്രമാണിമാരുടെ പ്രേരണ മുഖാന്തിരം കൊച്ചിരാജാവ് തിരുവിതാം കൂർ രാജാവുമായുണ്ടാക്കിയ ഉടമ്പടി ലംഘിക്കുകയും കായംകുളം, അമ്പല പ്പുഴ, ചങ്ങനാശ്ശേരി, ഏറ്റുമാനൂർ തുടങ്ങിയ സ്ഥലങ്ങളിലെ അസംതൃപ്തരായ പല നായന്മാരേയും രഹസ്യമായി വിളിച്ചുകൂട്ടി ആലോചിക്കുകയും ചെയ്തു. മേൽപ്പറഞ്ഞ സ്ഥലങ്ങളിലെ നായന്മാരെ കൊച്ചി, പള്ളാത്തുരുത്തി, അണ്ടിക്കടവ് മുതലായ സ്ഥലങ്ങളിൽ ശേഖരിച്ചു. പാലിയത്തച്ചനും കോടശ്ശേരിക്കർത്താവും വലിയ ഒരു സൈന്യത്തെ ശേഖരിക്കുകയും ചെയ്തു. നിരവധി വഞ്ചികളിൽ തോക്കുകളും ആയുധങ്ങളും കയറ്റി അവർ പുറക്കാട്ടേയ്ക്ക് പുറപ്പെട്ടു.

കൊച്ചിയുടെ പിന്തുണയോടെ നടത്തുന്ന ഈ ആക്രമണത്തിന്റെ വിവരം അറിഞ്ഞ മാർത്താണ്ഡവർമ്മ മഹാരാജാവ് ഒരു വലിയ സൈന്യ ത്തോടുകൂടി മാവേലിക്കര എത്തി. അവിടെവച്ച് മഹാരാജാവിന് അസുഖം ബാധിച്ചു. സൈന്യത്തെ നയിക്കുവാൻ ഇളയരാജാവിനോടും രാമയ്യൻ ദളവായോടും ഡിലെനോയിയോടും മഹാരാജാവ് കൽപ്പിച്ചു. വമ്പിച്ച ആയുധ സന്നാഹങ്ങളോടുകൂടി ഒരു സേനയുമായി ക്യാപ്റ്റൻ ഡിലെനോയി രാമയ്യൻ ദളവായുമൊന്നിച്ച് പുറക്കാട്ടെത്തി ശത്രുവിനെ നേരിടാൻ നിലയുറപ്പിച്ചു. തുടർന്നുള്ള യുദ്ധത്തെപ്പറ്റി പി. ശങ്കുണ്ണിമേനോൻ തിരുവിതാംകൂർ ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതും വലിയ കപ്പിത്താൻ എന്ന എം.ഒ. ജോസഫിന്റെ ഗ്രന്ഥത്തിൽ ഉദ്ധരിച്ചിരിക്കുന്നതുമായ ഭാഗങ്ങൾ താഴെ ചേർക്കുന്നു. (വലിയ കപ്പിത്താൻ പുറം, 26,27,28)

"ശത്രുക്കൾ പുറക്കാട്ടു വന്നിറങ്ങിയപ്പോൾ രാമയ്യൻ ദളവായും ക്യാ പ്റ്റൻ ഡിലെനോയിയും അവരുടെ ആക്രമണം ആരംഭിച്ചു. കൊച്ചിക്കാരു ടെ മുന്നിൽ അണിനിരന്ന തിരുവിതാംകൂർ സൈന്യം ആക്രമണം ആരംഭിച്ച പ്പോൾത്തന്നെ ശത്രുക്കളുടെ ഇടയിൽ ക്രമരാഹിത്യവും കുഴപ്പങ്ങളും വർ ദ്ധിച്ചു. അവരിൽ ഭൂരിപക്ഷവും വധിക്കപ്പെടുകയോ ക്ഷതാംഗരാകുകയോ ചെയ്തു. അനേകർ കടലിലേക്കോടി അങ്ങിനെ നശിച്ചു. കൊച്ചി സേനാ നായകന്മാരായ പാലിയത്തു മേനോൻ, കോടശ്ശേരി കർത്താവ് മുതലായ പല പ്രമാണികളേയും തടവുകാരായി പിടിച്ച് തിരുവനന്തപുരത്തേയ്ക്ക്

www.malankaralibrary.com

അയച്ചു. ശത്രുക്കളുടെ സൈന്യത്തിൽ കായംകുളത്തുനിന്നും തിരുവിതാംകൂറിലെ മറ്റു സ്ഥലങ്ങളിൽനിന്നുമുള്ള അനേകം നായന്മാരെ ദളവാ കണ്ടെത്തി; അങ്ങനെയുള്ള എല്ലാവരേയും അന്വേഷിച്ചു കണ്ടു പിടിക്കുന്നതിനും അവർ അർഹിക്കുന്ന ശിക്ഷ അവർക്കു കൊടുക്കുന്നതിനും ദളവാ ഉത്തരവായി. ക്യാപ്റ്റൻ ഡിലെനോയിയുടെ മേലന്വേഷണത്തിൽ ഈ ഉത്തരവ് വളരെ സൂക്ഷ്മതയോടെ നടപ്പാക്കുകയുണ്ടായി"

വിജഗീഷുവായ തിരുവിതാംകൂർ സേന രാമയ്യന്റെയും ഡിലെനോയിയുടെയും നേതൃത്വത്തിൽ വടക്കോട്ടു പുറപ്പെട്ട് അരൂക്കുറ്റിയിലെത്തി. അപ്പോഴേയ്ക്ക് കൊച്ചി രാജാവ് സന്ധിയ്ക്കപേക്ഷിക്കയാൽ യുദ്ധം നിർത്തുവാൻ മാർത്താണ്ഡവർമ്മ ഉത്തരവായി. അങ്ങനെ 928-ൽ കൊച്ചിയുമായി പുതിയ ഒരു ഉടമ്പടി ഉണ്ടായി. കരപ്പുറം തിരുവിതാംകൂറിന് അധീനമാവുകയും ചെയ്തു. ഇങ്ങനെ വടക്കൻ രാജ്യങ്ങൾ കീഴടക്കിക്കഴിഞ്ഞപ്പോൾ തെക്കേ ഭാഗത്ത് അന്യാധീനപ്പെട്ടുപോയ ചില പ്രദേശങ്ങൾ വീണ്ടെടുക്കുന്നതിനും തിരുവിതാംകൂർ രാജാവ് പരിശ്രമിക്കുകയുണ്ടായി. കർണ്ണാടക നവാബായിരുന്ന മുഹമ്മദലി കൈവശപ്പെടുത്തിയിരുന്ന കലക്കോട് എന്ന പ്രദേശം തിരിച്ചെടുക്കുന്നതിനും മാർത്താണ്ഡവർമ്മ മഹാരാജാവ് ക്യാപ്റ്റൻ ഡിലെനോയിയുടെ കീഴിലുള്ള സൈന്യവിഭാഗത്തെ നിയോഗിച്ചയച്ചു. നവാബിന്റെ സൈന്യാധിപനായരുന്ന മുഫസ് ഖാനെ ഡിലെനോയി തോൽപ്പിക്കുകയും നഷ്ടപ്പെട്ടിരുന്ന കാലക്കോട്ടു കോട്ട തിരിച്ചെടുക്കുകയും കോട്ട കാവൽക്കാരായിരുന്ന 500 കാലാൾ സൈന്യത്തെയും 200 അശ്വസൈന്യത്തെയും തടവുകാരായി പിടിക്കുകയും ചെയ്തു. 930ലാണ് ഈ പ്രശസ്തവിജയമുണ്ടായത്.

അതേ അവസരത്തിൽത്തന്നെ ഉദ്ധതനായ സാമൂതിരി ഒരു വമ്പിച്ച സൈന്യത്തോടുകൂടി കൊച്ചിയും തിരുവിതാംകൂറും ഗ്രസിക്കുന്നതിനായി തെക്കോട്ടു പുറപ്പെട്ടു. തൃശൂർ, കൊടുങ്ങല്ലൂർ, പറവൂർ മുതലായ സ്ഥലങ്ങൾ കൈവശപ്പെടുത്തിയതിന് ശേഷം തിരുവിതാംകൂർ ആക്രമിക്കുന്നതിനായി സാമൂതിരി നാവികസന്നാഹത്തോടുകൂടി കടൽമാർഗ്ഗം തെക്കോട്ടു പുറപ്പെട്ടു. കരപ്പുറത്ത് ഇറങ്ങുന്നതിനു ഭാവിച്ച കോഴിക്കോടനൻ സേനയെ ഡിലെനോയിയുടെ സൈന്യം അതിശക്തമായി എതിർത്തു. ഭയങ്കരമായ ഒരു സമരത്തിനുശേഷം സാമൂതിരിക്ക് തോറ്റു പിന്മാറേണ്ടി വന്നു. തന്മൂലം ആളിലും ആയുധങ്ങളിലും അദ്ദേഹത്തിന് അപരിഹാര്യമായ നഷ്ടമാണുണ്ടായത്. അദ്ദേഹത്തിന്റെ നൗകകളിൽ പലതും പിടിച്ചെടുക്കപ്പെടുകയോ നശിപ്പിക്കപ്പെടുകയോ ചെയ്തു. അപ്രതീക്ഷിതമായ ഈ പരാജയം സാമൂതിരിയുടെ ഔദ്ധത്യത്തേയും ഗർവ്വിനേയും ഒട്ടൊക്കെ ശമിപ്പിക്കാതിരുന്നില്ല. എങ്കിലും അതുകൊണ്ട് അടങ്ങാതെ തിരുവിതാംകൂറിനെ ഉന്മൂലനം ചെയ്യുന്നതിനായി അദ്ദേഹം വൻപിച്ച തോതിൽ സൈന്യശേഖരം ചെയ്തു. പക്ഷേ ആ ജൈത്രയാത്ര പുറപ്പെടാറായപ്പോഴേയ്ക്കും സ്വന്തരാജ്യംതന്നെ മൈസൂർപുലിയുടെ

www.malankaralibrary.com

- ഹൈദർ അലിയുടെ - വദനഗഹ്വരത്തിലാണ്ടുപോയി.

## 6. വലിയ കപ്പിത്താൻ

തെക്കുംകൂർ രാജാവിന്റെ ബ്രാഹ്മണസേനയേയും അമ്പലപ്പുഴ രാജാവിന്റെ വിഷലിപ്തമായ അസ്ത്രങ്ങളേയും നേരിട്ട് വൻവിജയം വരിച്ച മാർത്താണ്ഡവർമ്മ കായംകുളം രാജ്യത്തെയും വടക്കുംകൂർ രാജവംശത്തെയും തോല്പിച്ച് സാമ്രാജ്യം വിസ്തൃതപ്പെടുത്തുകയുണ്ടായി. ഈ വിജയത്തിന്റെയെല്ലാം പിന്നിൽ ക്യാപ്റ്റൻ ഡിലെനോയിയുടെ സേവനം മഹത്തരമാണെന്ന് മഹാരാജാവിന് ബോദ്ധ്യം ഉണ്ടായിരുന്നു. ഡിലെനോയിയുടെ കഴിവുകളെ അംഗീകരിച്ചുകൊണ്ട് മാർത്താണ്ഡവർമ്മ മഹാരാജാവ് അദ്ദേഹത്തിന് "ജനറൽ" എന്ന പദവി നൽകി. തുടർന്ന് തിരുവിതാംകൂർ സൈന്യത്തിന്റെ സർവ്വസൈന്യാധിപനായി (വലിയ കപ്പിത്താൻ) നിയമിച്ചു. അതോടെ തിരുവിതാംകൂറുകാർക്ക് ഡിലെനോയി വലിയ കപ്പിത്താനായി. (മഹാനായ ക്യാപ്റ്റൻ) പിന്നീട് രാജ്യത്തിലെ കോട്ടകൊത്തളങ്ങൾ ബലപ്പെടുത്തുക, എന്ന ശ്രമത്തിൽ വ്യാപൃതനായി. അതിന് ക്യാപ്റ്റൻ ഡിലെനോയിയെ മഹാരാജാവ് ചുമതലപ്പെടുത്തി. ബലിഷ്ഠവും കാര്യക്ഷമവുമായ രാജ്യസംരക്ഷണപദ്ധതികൾ സ്വികരിക്കേണ്ടത് ആവശ്യമായി മഹാരാജാവിന് ബോദ്ധ്യമായി. ആവശ്യമായ കോട്ട നിർമ്മിക്കുന്നതിനും വേണ്ടവ പുനരുദ്ധരിക്കുന്നതിനും ക്യാപ്റ്റൻ ഡിലെനോയിയുടെ മാത്രം മേലന്വേഷണത്തിൽ നടത്തുവാൻ മഹാരാജാവ് ഡിലെനോയിയെ ചുമതലപ്പെടുത്തി. ഡിലെനോയിയിൽ മഹാരാജാവിനുള്ള വിശ്വാസം ആണ് ഇങ്ങനെയൊരു തീരുമാനമെടുക്കുവാൻ മഹാരാജാവിനെ പ്രേരിപ്പിച്ചത്.

എം.ഒ. ജോസഫ് നെടുംകുന്നം രചിച്ച വലിയ കപ്പിത്താൻ എന്ന ഗ്രന്ഥത്തിൽ (പുറം 31,32,33 മുതൽ 31 വരെ) പി. ശങ്കുണ്ണിമേനോൻ രചിച്ച തിരുവിതാംകൂർ ചരിത്രം എന്ന ഗ്രന്ഥത്തിലെ ഏതാനും ഭാഗം ഉദ്ധരിച്ചിട്ടുണ്ട്. അവ താഴെ ചേർക്കുന്നു.

"എല്ലാ കോട്ടകൊത്തളങ്ങളുടെയും പണി എത്രയും വേഗത്തിലും ചുരുങ്ങിയ ചിലവിലും നിർവ്വഹിക്കപ്പെട്ടു. പത്മനാഭപുരത്തുള്ള മഹാരാജാവുതിരുമനസ്സിലെ കൊട്ടാരത്തിനുചുറ്റും കരിങ്കൽ മതിലുകളോടുകൂടിയ ഉറപ്പേറിയ കോട്ടകൾ നിർമ്മിക്കപ്പെട്ടു. അതിനേക്കാൾ വലിയ ഒന്ന് ഉദയഗിരിക്കുന്നിനുചുറ്റും പണിതു. മൂന്നാമതൊന്ന് കന്യാകുമാരി ക്ഷേത്രത്തിനു തെക്കുകിഴക്കായി അലുവാക്കരകടൽത്തീരത്തു പണികഴിപ്പിക്കപ്പെട്ടു. ഈ കോട്ടയിൽനിന്ന് ആരുവാമൊഴിച്ചുരത്തിലുള്ള മലവരെ അത്യന്തം ദുർഗ്ഗമമായ ഒരു മതിൽ നിർമ്മിച്ചു. ഈ മതിൽ കടൽമുതൽ മലവരെ കെട്ടപ്പെട്ടിരിക്കുന്ന ഒരു വേലിപോലെ അവിടെ നേരത്തെ നിർമ്മിച്ചിരുന്ന മൺകോട്ടയ്ക്ക് രക്ഷയായി ഭവിച്ചു. ഇടയ്ക്കിടയ്ക്കു ചില സ്ഥലങ്ങളിൽ കൊത്തളങ്ങളും, ആയുധശാലകളും, പീരങ്കികളും കൂടെ സ്ഥാപിച്ചിരുന്നു. ഉദയഗിരിയിൽ

www.malankaralibrary.com

ഒരു ആയുധനിർമ്മാണശാല തന്നെ ഏർപ്പെടുത്തി. അവിടെ വെടിയുണ്ടകളും ചുട്ടിപീരങ്കികളും വലിയ തോക്കുകളും വാർത്തിരുന്നു. എല്ലാ പീരങ്കിനിരകളിലും ആവശ്യമായ വെടിക്കോപ്പുകൾ എല്ലാം ശേഖരിക്കപ്പെട്ടിരുന്നു. തെക്കൻ പ്രദേശങ്ങളിലെ ഈ ജോലികളെല്ലാം പൂർത്തിയാക്കിയശേഷം ഡിലെനോയി വടക്കൻദിക്കിലേയ്ക്കു പോയി. കന്യാകുമാരിമുതൽ പുറക്കാടുവരെയുള്ള കടൽത്തീരദേശങ്ങളിൽ ഇടയ്ക്കിടയ്ക്കു പീരങ്കിനിരകൾ സ്ഥാപിച്ചു. കൊല്ലം, മാവേലിക്കര, ചങ്ങനാശ്ശേരി, കോട്ടയം, ഏറ്റുമാനൂർ, മൂവാറ്റുപുഴ എന്നീ സ്ഥലങ്ങളിലെ കോട്ടകൊത്തളങ്ങൾ കൂടുതൽ ഉറപ്പുള്ളതായിത്തീർത്തു. ഏതദ്ദേശീയരായ പഴയ നാടുവാഴികളുടെ വകയായിരുന്ന ജീർണ്ണീഭവിച്ച പല കോട്ടകളേയും അദ്ദേഹം നന്നാക്കി; കരിങ്കല്ലുകൊണ്ടു പുതിയ കോട്ടകളും പീരങ്കിനിരകളും നിർമ്മിച്ചു. അവയിൽ ചിലത്, കുറയൊക്കെ ജീർണ്ണിച്ച നിലയിലോ, പുർണ്ണമായി ഇടിഞ്ഞുപൊളിഞ്ഞു പുല്ലും ചെടിയും പടർന്നു പിടിച്ച നിലയിലോ, ഇന്നും കാണാവുന്നതാണ്.

തൊടുപുഴ താലുക്കിലെ കരുവന്നൂർ, ഏറ്റുമാനുർത്താലൂക്കിലെ കുമരകം, മീനച്ചിൽത്താലൂക്കിലെ ളാലം, മൂവാറ്റുപുഴത്താലൂക്കിലെ പിറവം മുതലായ സ്ഥലങ്ങളിൽ കാണപ്പെടുന്ന ദുർഗ്ഗാവശിഷ്ടങ്ങൾ അങ്ങനെയുള്ളവയാകുന്നു."

"ഈ കോട്ടകൊത്തളങ്ങളുടെ പണികളെല്ലാം വിജയപ്രദമായ വിധം പൂർത്തിയാക്കിയശേഷം, ജനറൽ ഡിലെനോയിയുടെ അഭിനന്ദനീയമായ ശ്രദ്ധ തിരുവിതാംകൂർ സൈന്യത്തെ വീണ്ടും കൂടുതൽ പരിഷ്കരിക്കുന്നതിലാണ് പതിഞ്ഞത്. കാലാൾപ്പട, കുതിരപ്പട, പീരങ്കിപ്പട, മുതലായ എല്ലാ വകുപ്പുകളിലുംകൂടി (തിരുവിതാംകൂർ സൈന്യത്തിൽ) 50,000 ഭടന്മാരാണ് അന്നുണ്ടായിരുന്നത്. ജനറൽ ഡിലെനോയിയുടെ പ്രധാന സേനാനായകത്വത്തിൽ, യൂറോപ്യൻ സൈനികശിക്ഷണസമ്പ്രദായമനുസരിച്ച് പരിശീലനം കഴിച്ചിട്ടുള്ളവരും ആയോധനം ശീലിച്ചവരുമായിരുന്നു അവർ. മഹാരാജാവു തിരുമനസ്സിലെ സുഹൃത്തുക്കളായിരുന്ന ഇംഗ്ലീഷുകാരും ഡച്ചുകാരും മുഖേന സമ്പാദിച്ചിട്ടുള്ള യൂറോപ്യൻ ആയുധങ്ങളാണ് അവരിൽ മിക്കവർക്കും ഉണ്ടായിരുന്നത്. ഈ മഹാസൈന്യത്ത പല വ്യൂഹങ്ങളായും, ദളങ്ങളായും മറ്റും വിഭജിച്ചിരുന്നു. യൂറോപ്യന്മാരും യൂറേഷ്യന്മാരും നായന്മാരും, പട്ടാണികളുമായ പലരുമായിരുന്നു ഈ വ്യൂഹങ്ങളുടെയും ദളങ്ങളുടെയും നേതൃത്വം വഹിച്ചിരുന്നത്. തെക്ക് ആരുവാമൊഴി മുതൽ വടക്ക് തൊടുപുഴ വരെ കാവൽ സൈന്യങ്ങളെ ശരിയായ രീതിയിൽ ക്രമപ്പെടുത്തിയിരുന്നു. പ്രധാന സൈന്യത്തെ മൂന്നായി ഭാഗിച്ചു പത്മനാഭപുരത്തും തിരുവനന്തപുരത്തും കൊല്ലത്തും സ്ഥാപിച്ചു. ഈ താവളങ്ങളിൽ നിന്നും കാവൽ സങ്കേതങ്ങളിലേയ്ക്കും അനവധിയുണ്ടായിരുന്ന ഔട്ട്പോസ്റ്റുകളിലേയ്ക്കും പ്രതിമാസം പുതിയ സൈനികവിഭാഗങ്ങളെ

www.malankaralibrary.com

സഹായത്തിനായി അയച്ചുകൊണ്ടിരുന്നു. അതേസമയം തന്നെ പ്രധാന സൈന്യവിഭാഗത്തെ ആഭ്യന്തരസമാധാനസ്ഥാപനാർത്ഥം ഓരോ സ്ഥലത്തേയ്ക്കു മാർച്ചു ചെയ്യുന്നതിനു നിയോഗിച്ചിരുന്നു. സൈനികമായ ഏർപ്പാടുകളുടെ ചുമതല ഇങ്ങനെ ജനറൽ ഡിലെനോയിയെ ഏല്പിച്ചുകൊണ്ട് മഹാരാജാവ് തിരുമനസ്സുകൊണ്ട് തന്റെ ശ്രദ്ധ റവന്യൂ ഭരണത്തെ പരിഷ്കരിക്കുന്ന കാര്യത്തിൽ ചെലുത്തിത്തുടങ്ങി."

## 7. ദളവായുടേയും മഹാരാജാവിന്റെയും നിര്യാണം

രാജ്യത്തെ റവന്യൂ ഭരണ വിഷയത്തിൽ പിന്നീട് മാർത്താണ്ഡവർമ്മ പ്രത്യേകം ശ്രദ്ധ ചെലുത്തി. കോഴിക്കോട്ട് സാമൂതിരി കൊച്ചിയേയും കഴിയുമെങ്കിൽ തിരുവിതാംകൂറിനേയും ആക്രമിക്കണമെന്ന ലക്ഷ്യത്തോടുകൂടി തയ്യാറെടുപ്പുകൾ നടത്തുകയായിരുന്നു. ഈ തയ്യാറെടുപ്പിന് ഇടയിൽ ഹൈദരലിഖാൻ സാമൂതിരിയുടെ നേരെ യുദ്ധത്തിന് പുറപ്പെട്ടു.

ഈയവസരത്തിൽ ഏറ്റം പരുങ്ങലിലായത് കൊച്ചി രാജ്യമായിരുന്നു. മാർത്താണ്ഡവർമ്മ മഹാരാജാവുമായി നടന്ന യുദ്ധത്തിൽ രാജ്യങ്ങൾ നഷ്ടപ്പെട്ട, അമ്പലപ്പുഴ, തെക്കുംകൂർ, വടക്കുംകൂർ മുതലായ രാജാക്കന്മാർ തങ്ങളുടെ രാജ്യങ്ങൾ തിരിച്ചുപിടിക്കുന്നതിനുവേണ്ടി നടത്തിയ ശ്രമങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ചത് ചില സ്വാർത്ഥ താല്പര്യക്കാരുടെ പ്രേരണാഫലയമായി കൊച്ചീരാജാവായിരുന്നുവല്ലോ. സാമൂതിരിയുടെ ആക്രമണം ഭയന്ന് കഴിഞ്ഞുകൂടിയ കൊച്ചിരാജാവിന് എങ്ങിനെയെങ്കിലും തിരുവിതാംകൂർ മഹാരാജാവുമായി ഒരു കൂടിയാലോചന നടത്തി തന്റെ തെറ്റുകൾ ഏറ്റു പറഞ്ഞ് ഒരു പുതിയ ഉടമ്പടിയിലേർപ്പെടണമെന്ന് ആഗ്രഹമുണ്ടായിരുന്നു. കൊല്ലവർഷം 932-ൽ (എ.ഡി. 1757-ൽ ) തിരുവിതാംകൂർ മഹാരാജാവിനെ മാവേലിക്കരെ ചെന്ന് കൊച്ചിരാജാവ് കാണുകയും കാര്യങ്ങൾ തുറന്ന് സംസാരിക്കുകയും ചെയ്തു. പുറക്കാട്ടുവെച്ചുണ്ടായ വിവേകരഹിതമായ പ്രവർത്തികൾക്ക് കൊച്ചിരാജാവ് ക്ഷമായാചനം ചെയ്തു. പുറക്കാട്ട് സംഭവം തന്റെ സുഹൃത്തുക്കളുടെയും മന്ത്രിമാരുടെയും ദുരുപദേശത്തിന്റെ ഫലമാണെന്ന് സമ്മതിച്ചു. പുതിയ ഒരു കരാർ എഴുതിയുണ്ടാക്കി. ആ കരാറിലെ വ്യവസ്ഥകൾ പി.ശങ്കുണ്ണിമേനോൻ തിരുവിതാംകൂർ ചരിത്രത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു (പുറം 163) "കൊച്ചി രാജാവ് തിരുവിതാംകൂർ രാജാവിനോട് നിത്യസൗഹാർദ്ദം പ്രഖ്യാപനം ചെയ്തു. തിരുവിതാംകൂർ സൈന്യം ആക്രമിച്ചെടുത്ത സ്ഥലങ്ങളെ സ്വമനസ്സാ തിരുവിതാംകൂറിന് വിട്ടുകൊടുത്തു. ആലങ്ങാട്ടും പറവൂരും ഒഴിച്ചുള്ള വടക്കൻ ഇടപ്രഭുക്കന്മാരുടെ മേൽ തനിക്കുള്ള എല്ലാ അവകാശങ്ങളും ഒഴിഞ്ഞുകൊടുത്തു. അമ്പലപ്പുഴ തെക്കുംകൂർ വടക്കുംകൂർ എന്നീ രാജ്യങ്ങളിലെ സ്ഥാനഭ്രഷ്ടരായ രാജാക്കന്മാരുമായി യാതൊരു കൂട്ടുകെട്ടുമുണ്ടാകയില്ലെന്ന് ഉറപ്പുകൊടുത്തു."

www.malankaralibrary.com

ആധുനിക തിരുവിതാംകൂറിന്റെ സൃഷ്ടാക്കൾ മാർത്താണ്ഡവർമ്മ, രാമയ്യൻ ദളവ, ക്യാപ്റ്റൻ ഡിലെനോയി എന്നീ ത്രിമൂർത്തികളായിരുന്നല്ലോ. അവരിൽ ഒരാളായ രാമയ്യൻ കൊല്ലവർഷം 931 ധനുമാസത്തിൽ മാവേലിക്കരവച്ച് നിര്യാതനായി. രോഗബാധിതനായ രാമയ്യന്റെ പക്കലേയ്ക്ക് മഹാരാജാവ് തന്റെ അനന്തിരവനെ - ഇളയരാജാവിനെ പറഞ്ഞയച്ചു. ഇനി വല്ല ആഗ്രഹവും സാധിക്കേണ്ടതുണ്ടോയെന്ന് മഹാരാജാവിന്റെ നിർദ്ദേശാനുസരണം രാമയ്യനോട് ഇളയരാജാവ് ചോദിച്ചു. മരണത്തോട് മല്ലടിച്ചുകൊണ്ടിരുന്ന രാമയ്യന്റെ മറുപടി കൊച്ചീരാജ്യം കൂടി പിടിച്ചെടുത്ത് തിരുവിതാംകൂറിനോട് ചേർത്തില്ലല്ലോയെന്ന ദുഃഖം മാത്രമേ തനിക്കുള്ളുവെന്നായിരുന്നു. രാമയ്യന്റെ മരണവാർത്തയറിഞ്ഞപ്പോൾ എന്റെ വലതുകൈയ് പൊയ്പ്പോയ് എന്നാണ് മഹാരാജാവ് അരുളിച്ചെയ്തത്.

രാമയ്യന്റെ നിര്യാണം മഹാരാജാവിനെ വല്ലാതെ ദുഃഖത്തിലാഴ്ത്തി. മഹാരാജാവിന്റെ മനസ്സമാധാനവും ആരോഗ്യവും തകരുന്നതിനിടയാക്കുകയും ചെയ്തു. രാമയ്യന്റെ സ്ഥാനത്ത് മറ്റൊരാളെ മഹാരാജാവ് നിയമിക്കുകപോലും ചെയ്തില്ല. അയ്യപ്പൻ മാർത്താണ്ഡവർമ്മ സർവ്വാധികാര്യക്കാരെ ഭരണത്തിന്റെ ചുമതല വഹിക്കുവാൻ മഹാരാജാവ് ചുമതലപ്പെടുത്തി. രാമയ്യന്റെ മരണത്തിനുശേഷം മഹാരാജാവ് അധികനാൾ ജീവിച്ചില്ല 933 മിഥുനം 27-ാം തീയതി മാർത്താണ്ഡവർമ്മ മഹാരാജാവ് ആധുനിക തിരുവിതാംകൂറിന്റെ ശില്പി ദിവംഗതനായി.

മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ നിര്യാണത്തെത്തുടർന്ന് അദ്ദേഹത്തിന്റെ അനന്തരവനായ കാർത്തികതിരുനാൾ രാമവർമ്മ 1758 ജൂലൈ മാസത്തിൽ രാജ്യഭരണം ഏറ്റെടുത്തു. മരണത്തിന് മുമ്പ് അയൽ രാജ്യങ്ങളെ ആക്രമിക്കാതെ സ്വന്തം രാജ്യത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിന ശ്രമിക്കണമെന്ന നിർദ്ദേശം മാർത്താണ്ഡവർമ്മ അനന്തിരവന് നൽകിയിരുന്നു. ആ നിർദ്ദേശം പാലിച്ചാണ് അദ്ദേഹം പ്രവർത്തിച്ചത്. നീതിനിഷ്ഠനും സൽസ്വഭാവിയും ധീരനും രാജ്യകാര്യവിശാരദനുമായിരുന്ന രാമവർമ്മയുടെ ഭരണകാലം തിരുവിതാംകൂറിന്റെ ചരിത്രത്തിലെ സുവർണ്ണകാലഘട്ടമായിരുന്നു. കോഴിക്കോട് സാമൂതിരിയോടും മൈസൂർ സുൽത്താന്മാരോടും പല സന്ദർഭങ്ങളിലും യുദ്ധം ചെയ്യേണ്ടിവന്നെങ്കിലും രാജ്യത്തിന്റെ സർവ്വതോൽക്കർഷത്തിനുവേണ്ടി അദ്ദേഹം നിരന്തരം പ്രയത്നിച്ചുകൊണ്ടിരുന്നു. ഇക്കാലത്ത് കച്ചവടവും വ്യവസായവും രാജ്യത്തിന്റെ വരുമാനവും വർദ്ധിക്കുകയുണ്ടായി. ജാതിമതഭേദം കൂടാതെ എല്ലാവരുടെയും നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുകയും ഉത്തരവാദിത്വമേറിയ ജോലികളിൽ കഴിവുള്ളവരെ നിയമിക്കുകയും ചെയ്തു. നല്ല ഒരു സൈന്യത്തെ തയ്യാറാക്കി ഇംഗ്ലീഷ് കമ്പനിക്കാരുടെയും കർണ്ണാട്ടിക് നവാബിന്റെയും സൈന്യങ്ങളോട് കിടപിടിക്കത്തക്ക വിധത്തിലുള്ള ഒരു സേനാവിഭാഗത്ത സജ്ജമാക്കാൻ ക്യാപ്റ്റൻ ഡിലെനോയി നേതൃത്വം നൽകി. രാജ്യത്തിന്റെ

www.malankaralibrary.com

സമഗ്രപുരോഗതിക്കുവേണ്ടി പ്രവർത്തിച്ചതിൽ ധർമ്മരാജാ എന്ന പേരിലാണ് അദ്ദേഹം പിൽക്കാലത്ത് അറിയപ്പെട്ടത്.

ഇക്കാലത്ത് കൊച്ചിരാജ്യത്തിന്റെ പലഭാഗങ്ങളും കോഴിക്കോട് സാമൂതിരി കൈവശപ്പെടുത്തിയിരുന്നു. ആലങ്ങാട്ടും പറവൂരും കൈവശപ്പെടുത്തിയ സാമൂതിരി കൊച്ചിയുടെ കുടുതൽ ഭാഗങ്ങൾ കൈവശപ്പെടുത്താനുള്ള നീക്കങ്ങൾ ആരംഭിച്ചു. ശക്തനായ ഒരു സഹായി ഇല്ലെങ്കിൽ രാജ്യം കൈവിട്ടുപോകുമെന്ന് കൊച്ചി രാജാവിന് ബോദ്ധ്യമായി. കൊച്ചീ രാജാവ് തിരുവിതാംകൂറിന്റെ സഹായം അഭ്യർത്ഥിക്കുവാൻ തന്നെ തീരുമാനിച്ചു. അന്നത്തെ കൊച്ചിയിലെ മന്ത്രിയായിരുന്ന പാലിയത്തച്ചനെ തിരുവനന്തപുരത്തേയ്ക്ക് അയച്ച് തിരുവിതാംകൂറിന്റെ സഹായം അഭ്യർത്ഥിച്ചു. അതിനുവേണ്ടിവരുന്ന ചിലവുകൾ കൊച്ചീരാജ്യം വഹിക്കുന്നതാണെന്നും കൂടാതെ കരപ്പുറം ദേശത്തിന്മേലുള്ള സർവ്വാവകാശങ്ങളും ആലങ്ങാട്ട് പറവൂർ സ്വരുപങ്ങളും അവയുടെ മേലുള്ള സമസ്താവകാശങ്ങളും വിട്ടുകൊടുക്കാമെന്നും കൊച്ചീരാജാവിനുവേണ്ടി പാലിയത്തച്ചൻ ഉറപ്പുകൊടുത്തു. ഈ നിർദ്ദേശങ്ങളും തിരുവിതാംകൂർ മഹാരാജാവ് അംഗീകരിച്ചു. കൊല്ലവർഷം 937 ധനുമാസത്തിൽ കൊച്ചിരാജാവ് തിരുവനന്തപുരത്തുചെന്ന് ഒരു ഉടമ്പടി എഴുതി ഒപ്പിട്ടുകൊടുക്കുകയും ചെയ്തു. ചരിത്രപ്രസിദ്ധമായ ആ ഉടമ്പടി താഴെ ചേർക്കുന്നു. “932-ാമാണ്ടിനു ശേഷം സാമൂതിരി നമ്മുടെ രാജ്യത്ത് പുരുഷാരത്തോടുകൂടി കടന്ന് നമ്മുടെ ആളുകളെ ഓടിച്ച് രാജ്യം സ്വാധീനമാക്കിക്കൊൾകകൊണ്ട്, നമ്മുടെ ശത്രുക്കളെ ഒഴിച്ചു മുമ്പിലത്തെപ്പോലെ രാജ്യം വടക്കെ അതിർത്തി പടിഞ്ഞാറെ വഴിക്കു പൂക്കൈതെയ്ക്കു തെക്കേട്ടും, കിഴക്കെ വഴിക്കു ചിറ്റാറിനു തെക്കോട്ടും, വെള്ളപ്പനാട്ടിൻകീഴിൽ നാം അനുഭവിച്ചുവന്ന പ്രദേശങ്ങളും നമുക്കു സ്വാധീനമാവോളത്തിനു അങ്ങകൂടെ അർത്ഥപുരുഷാരം ചിലവിട്ടു നമുക്കു വേണ്ടുന്ന സഹായങ്ങൾ ചെയ്യണമെന്നും അങ്ങോട്ടു അപേക്ഷിക്കകൊണ്ടു അതിന്മണ്ണം അങ്ങ നമുക്കുവേണ്ട സഹായങ്ങൾ ചെയ്യുന്നതിനു കരപ്പുറം പമ്പാ അഴിക്കു തെക്ക് ആലപ്പുഴയ്ക്കു വടക്കുള്ള പ്രദേശങ്ങളിൽ അണ്ടിക്കടവും കുമ്പളങ്ങിയും ചെല്ലാനവും നീക്കി ശേഷമുള്ള പ്രദേശങ്ങളും പറവൂരും, ആലങ്ങാട്ടു രാജ്യവും അതിന്റെ അതിൽ സംബന്ധിച്ച സ്ഥാനമാന സമ്പത്തും അങ്ങയ്ക്കു നാം എഴുതിത്തന്നിരിക്കകൊണ്ട്, അതിൻമണ്ണം അനുഭവിച്ചു കൊൾകയും വേണം. നമ്മുടെ രാജ്യം സ്വാധീനമായി അങ്ങേ ആളുകളെ പിരപ്പൊളത്തേയ്ക്കും രാജ്യത്തിൽ എടുക്കുന്ന പിരിവിൽ പകുതി അങ്ങേ ആളുകളുടെ ചിലവിനായിട്ടും നാം തന്നെ ആളാക്കി മുതലെടുത്ത് അങ്ങേ ആളുകളെ ബോധിപ്പിക്കുകയുമാം. വെള്ളപ്പനാട്ടുകരയിൽ കടന്നാൽ നെടിയിരിപ്പുസ്വരൂപം പണ്ട് അനുഭവിച്ചിരുന്ന പ്രദേശങ്ങളിൽ അങ്ങുതന്നെ ആളാക്കി മുതൽ എടുത്തുകൊള്ളുകയും വേണം. നമ്മുടെ രാജ്യത്തുനിന്നും ശത്രുക്കളെ ഒഴിച്ചു രാജ്യം നമുക്കു സ്വാധീനമാവോളത്തക്കും അങ്ങകൂടെ

www.malankaralibrary.com

അർത്ഥപുരുഷാരം ചിലവിട്ടു വേണ്ടുന്ന സഹായങ്ങൾ നമുക്കു ചെയ്യുകയും വേണം. മുറിഞ്ഞപുഴയ്ക്കു വടക്ക് വരാപ്പുഴയ്ക്ക് തെക്ക് കരുനാടുൾപ്പെട്ട പ്രദേശങ്ങളിൽ 933-ാമാണ്ടുവരെ അങ്ങു അനുഭവിച്ചിരുന്ന പ്രദേശങ്ങൾ നീക്കി ശേഷമുള്ള ദേശങ്ങൾ ഒക്കയും നാം അനുഭവിച്ചുകൊള്ളുകയുമാം.

ഈ കരാറിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ മഹാരാജാവ് ഉടൻ നടപടികളൊന്നും സ്വീകരിച്ചില്ല. ആശങ്കാകുലനായ കൊച്ചിരാജാവ് തന്റെ അനന്തിരവനായ രോഹിണിതിരുനാൾ വീരകേരളവർമ്മ രാജാവിനെ തിരുവനന്തപുരത്തേയ്ക്കയച്ചു. തിരുവിതാംകൂർ ചരിത്രത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.(പുറം 189) "വീരകേരളവർമ്മ അവിടെനിന്നും ശുചീന്ദ്രത്തെത്തുകയും അവിടുത്തെ പ്രസിദ്ധമായ ക്ഷേത്രത്തിൽവെച്ച് 937 കർക്കിടകമാസം 25-ാം തീയതി സുപ്രസിദ്ധമായ ആ സത്യപ്രതിജ്ഞ ചെയ്യുകയും ചെയ്തു. കാർത്തികതിരുനാൾ മഹാരാജാവ് തിരുമേനിക്കോ, അവിടുത്തെ അനന്തരഗാമികൾക്കോ എതിരായി താനോ തന്റെ അനന്തരഗാമികളോ യാതൊന്നും ചെയ്യുകയോ ചെയ്യിക്കുകയോ ഇല്ലെന്നും അവരുടെ ശത്രുക്കളുമായി യോജിക്കുകയോ ഇല്ലെന്നുമത്രേ സത്യപ്രതിജ്ഞയുടെ ചുരുക്കം. സത്യപ്രതിജ്ഞ നടന്നതിനെത്തുടർന്ന് ജനറൽ ഡിലെനോയിയുടെ നേതൃത്വത്തിലുള്ള തിരുവിതാംകൂർ സൈന്യത്തെ വടക്കോട്ട് അയയ്ക്കുന്നതിന് അയ്യപ്പൻ മാർത്താണ്ഡപിള്ള ദളവായോട് മഹാരാജാവ് ആജ്ഞാപിച്ചു."

അധികം താമസിയാതെ ദളവായുടേയും ഡിലെനോയിയുടേയും നേതൃത്വത്തിൽ യുദ്ധം ആരംഭിച്ചു. ഈ സേന പറവൂർ എത്തിയപ്പോൾ അവിടെ താവളമടിച്ചിരുന്ന കോഴിക്കോട് രാജാവിന്റെ സൈന്യത്തെ തോൽപ്പിച്ചോടിച്ചു. തോറ്റോടിയ സൈന്യത്തെ അനുധാവനം ചെയ്ത് തടവുകാരായി പിടിച്ചു. എതിർത്തവരെ വധിക്കുകയും ചെയ്തു. അനന്തരം സൈന്യത്തെ രണ്ടു ഗണമായി വിഭജിച്ചു. ഓരോ വിഭാഗത്തിന്റെയും നേതൃത്വം ദളവായും ഡിലെനോയിയും ഏറ്റെടുത്തു. ദളവായുടെ സൈന്യം തൃശൂർ വെച്ച് സാമൂതിരിയുടെ സൈന്യവുമായി ഏറ്റുമുട്ടി. ഡിലെനോയിയുടെ നേതൃത്വത്തിലുള്ള സൈന്യം ചാവക്കാട്ടെത്തി ആ സ്ഥലത്തെ ആക്രമിച്ചു. കോഴിക്കോട്ട് രാജാവിന്റെ പട കുറെനാൾ വാശിയോടെ പൊരുതിയെങ്കിലും ഡിലെനോയിയുടെ സുശിക്ഷിതമായ സൈന്യത്തിന് ഒരു തരത്തിലും കിടയല്ലാതിരുന്ന ആ സാമൂതിരിപ്പട തോറ്റ് പിന്മാറി. ദളവായുടെ സൈന്യം തൃശൂർവെച്ച് സാമൂതിരിപ്പടയുമായി ഏറ്റുമുട്ടി വിജയം വരിച്ചു. ഡിലെനോയിയുടെ സൈന്യം തൃശൂരിൽ എത്തിയപ്പോൾ ഈ സന്തോഷകരമായ വാർത്തയാണ് കേട്ടത്. രണ്ടായി വിഭജിക്കപ്പെട്ട ഡലെനോയിയുടെ സൈന്യവും ദളവായുടെ സൈന്യവും ചേലക്കരെവെച്ച് സന്ധിക്കുകയും അവിടെ താവളമുറപ്പിച്ചിരുന്ന കോഴിക്കോട്ട് രാജാവിന്റെ സൈന്യങ്ങളെ അവിടെനിന്നോടിച്ച് കക്കാട്ടു വരെ എത്തി. അവിടെനിന്നും കോഴിക്കോട്ടെത്തി

www.malankaralibrary.com

സാമൂതിരിയുടെ തലസ്ഥാനത്തെത്തന്നെ ആക്രമിക്കാനായിരുന്നു ഡിലെനോയിയുടെ പദ്ധതി. പരാജിതനായ സാമൂതിരി ഒരു ദൂതനെ തിരുവനന്തപുരത്തേയ്ക്ക് അയച്ച് സമാധാനാഭ്യർത്ഥന നടത്തി. തിരുവിതാംകൂറിനെ കർണ്ണാട്ടിക് നവാബ് ആക്രമിക്കാൻ തക്കം പാർത്തിരുന്ന സമയമായിരുന്നതിനാൽ സാമൂതിരിയുമായി സന്ധിയുണ്ടാക്കി.

## 8. കൊച്ചി രാജ്യത്തെപ്പറ്റി

കൊച്ചിരാജ്യം കോഴിക്കോട്ട് സാമൂതിരിയുടെ ആക്രമണ ഭീഷണിയെ നേരിട്ട സന്ദർഭത്തിലാണ് തിരുവിതാംകൂറുമായി ഒരു സഖ്യത്തിലേർപ്പെടുന്നത്. സഖ്യത്തിലേർപ്പെടുന്ന കാലത്ത് കൊച്ചിയുടെ പല ഭാഗങ്ങളും സാമൂതിരി ആക്രമിച്ച് പിടിച്ചെടുത്തിരുന്നു. സാമൂതിരി പറവൂരും ആലങ്ങാടും കീഴടക്കിയതിനുശേഷം തിരുവിതാംകൂറിന്റെ ഉത്തരാതിർത്തിമുതൽ വടക്കോട്ടുള്ള ഭൂവിഭാഗങ്ങളെ കൈവശപ്പെടുത്തി സാമൂതിരി ഭരണം തുടങ്ങി. ചുരുക്കിപ്പറഞ്ഞാൽ കണയന്നൂർ താലൂക്കിനേക്കാൾ ചെറിയ ഒരു ഭൂവിഭാഗം മാത്രമേ കൊച്ചിരാജ്യത്തിൽ അവശേഷിച്ചിരുന്നുള്ളു. ഈ സാഹചര്യത്തിലാണ് കൊച്ചി തിരുവിതാംകൂറിന്റെ സഹായത്തിനെത്തിയത്. പെരിയാറിന് വടക്ക് കൊച്ചിക്കുള്ള ഭൂഭാഗങ്ങൾ സാമൂതിരിയുടെ പിടിയിൽ നിന്നും മോചിപ്പിച്ച് കൊച്ചിക്ക് തിരികെ കൊടുത്തത് തിരുവിതാംകൂറാണ്.

ഈ സംഭവത്തെപ്പറ്റി കൊച്ചിരാജ്യചരിത്രത്തിൽ (പുറം 321, 322) കെ.പി. പത്മനാഭമേനോൻ എഴുതിയിരിക്കുന്ന ഭാഗം താഴെ ചേർക്കുന്നു. “ജനറൽ ഡിലെനോയി എന്ന യൂറോപ്പുകാരൻ യൂറോപ്പിലെ മാതിരിയിൽ യുദ്ധക്രമങ്ങൾ അഭ്യസിപ്പിക്കപ്പെട്ടിട്ടുള്ളതും നല്ല യുദ്ധസാമർത്ഥ്യം ഉള്ളതുമായ ഒരു സൈന്യം അന്ന് തിരുവിതാംകൂറിലേയ്ക്ക് ഉണ്ടായിരുന്നു. ഈ സൈന്യത്തെ അതിന്റെ നായകനായ ഡിലെനോയിയുടെയും അയ്യപ്പൻ മാർത്താണ്ഡപ്പിള്ളയുടെയും വരുതിയിൽ സാമൂതിരിയെ നീക്കം ചെയ്യുവാനായി കോഴിക്കോട്ടേയ്ക്ക് അയച്ചു. അവർ വടക്കേ അതിർത്തിയെ അതിക്രമിച്ചു ചെന്ന് പറവൂർ എത്തി, അവിടെയും കൊടുങ്ങല്ലൂരും വരാപ്പുഴയും ഇങ്ങനെ സ്ഥലങ്ങളിലായി ഭിന്നിപ്പിച്ചിട്ടിരുന്ന സാമൂതിരിയുടെ സൈന്യങ്ങളെ ആക്രമിച്ച് അവരിൽ അനവധി ആളുകളെ വധിച്ച് അവരെ ആ ദിക്കുകളിൽ നിന്നും ഓടിച്ചുകളഞ്ഞു. പറവൂർ നിന്നും തിരുവിതാംകൂർ സൈന്യം രണ്ടായി പിരിഞ്ഞു. ഒരു ഭാഗം ദളവായുടെ അദ്ധ്യക്ഷതയിൽ കരൂപ്പടന്ന വഴി തൃശ്ശിവപേരൂരേയ്ക്കും മറ്റേത് ഡിലെനോയിയുടെ അദ്ധ്യക്ഷതയിൽ പടിഞ്ഞാറൽ വഴി ചാവക്കാട്ടേയ്ക്കും പുറപ്പെട്ടു. ദളവാ ഗ്രോണത്ത് എത്തിയപ്പോഴേയ്ക്കും സാമൂതിരി കൊച്ചിരാജ്യം വിട്ടുപോകുവാൻ തുടങ്ങി. ... പൊന്നാനിയിൽ ശേഖരിച്ചിരുന്ന സാമൂതിരിയുടെ സൈന്യത്തെ ജനറൽ ഡിലെനോയി ഓടിച്ചുകളഞ്ഞു. അവിടെ നിന്ന് അയാൾ തൃശ്ശിവപേരൂർക്ക് പോന്നു. ദളവായും തൃശ്ശിവപേരൂർ എത്തി. തൃശ്ശിവപേരൂർ നിന്ന് സാമൂ

www.malankaralibrary.com

തിരിയും സൈന്യവും പിൻവാങ്ങിയതിന്റെ ശേഷം അവർ ചേലക്കരയ്ക്ക് മാറിയിരുന്നു. അവിടെ ബലപ്പെടുത്തി, ഒരു വലിയ സൈന്യത്തെ ശേഖരിച്ച് ദളവായും ജനറാളും അങ്ങോട്ടു പുറപ്പെട്ടു. അവിടെവെച്ച് ഒരു ഘോരയുദ്ധം ഉണ്ടായതിൽ സാമൂതിരിയുടെ സൈന്യം തോറ്റതേയുള്ളൂ. ഇരുഭാഗവും വളരെ ആൾനാശം ഉണ്ടായി. ഈ യുദ്ധം കഴിഞ്ഞ ഉടനേ ദളവായും ജനറാളും സൈന്യങ്ങളോടുകൂടി സാമൂതിരിപ്പാട്ടിലെ രാജധാനിയും തലസ്ഥാനവുമായ കോഴിക്കോട്ടു നഗരത്തിന് നേരെ പുറപ്പെടുവാനുള്ള ആരംഭമായി. അപ്പോഴേയ്ക്കും സാമൂതിരി ഒരു രാജദൂതനെ അയച്ച് സമാധാനം യാചിച്ചു.

കേരളവും ലന്തക്കാരും എന്ന സർദാർ എം. പണിക്കരുടെ ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു (പുറം 95). “...... ആക്രമണപരിപാടി ഏറ്റവും മെച്ചമായ രീതിയിൽ ആലോചിച്ചു തീരുമാനിച്ചിരുന്നു.... പറവൂർ എത്തിയ ഉടനെ, ജനറൽ ഡിലെനോയിയുടെ ഉപദേശമനുസരിച്ച്, തൃശൂർ പട്ടണത്തെ ഇരുവശങ്ങളിൽനിന്നും നേരിട്ട് എതിർക്കുന്നതിന് തിരുവിതാംകൂർ സേനാനായർ തീരുമാനിച്ചു. ഈ ഉദ്ദേശപ്രാപ്തിക്കായി സൈന്യത്തെ രണ്ടു ഭാഗമായി തിരിച്ചു. ഒരു ഭാഗത്തിന്റെ നേതൃത്വം മാർത്താണ്ഡപ്പിള്ളയും മറ്റേതിന്റേത് ജനറൽ ഡിലെനോയിയും സ്വീകരിച്ചു. ഇരുവശങ്ങളിൽനിന്നും, തൃശൂരിനെ കേന്ദ്രീകരിച്ച് ആക്രമിക്കണമെന്നായിരുന്നു നിശ്ചയം.... തൃശൂർ ഉണ്ടായിരുന്ന സാമൂതിരിപ്പട, ഈ കത്രികപ്പൂട്ടിൽ അകപ്പെട്ടു കുടുങ്ങിപ്പോയി.

1939 ജനുവരി 29-ലെ മലബാർ മെയിൽ പത്രത്തിൽ എഴുതിയിരുന്ന ഒരു ലേഖനത്തിലെ ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ. “1760-ൽ ജനറൽ ഡിലെനോയിയ്ക്ക് വീണ്ടും സമരാങ്കണത്തിൽ ഇറങ്ങേണ്ടതായി വന്നു. കോഴിക്കോട്ട് സാമൂതിരിപ്പാട്ടിലെ ആക്രമണത്തിൽനിന്നും കൊച്ചിയെ രക്ഷിപ്പാൻ അവിടുത്തെ നാടുവാഴികളുടെ അപേക്ഷപ്രകാരം സൈന്യത്തെ വടക്കോട്ട് അദ്ദേഹം നയിച്ചു. 1762-ൽ ഡിലെനോയിയുടെ വേണാട്ടുപട്ടാളവും സാമൂതിരിപ്പടയുമായി ഉഗ്രമായ സംഘട്ടനം ഉണ്ടായി. ക്ഷണനേരത്തിനുള്ളിൽ തിരുവിതാംകൂർ സൈന്യം സാമൂതിരിപ്പടയെ നിശ്ശേഷം തോൽപ്പിച്ച് വടക്കോട്ട് ഓടിച്ച്, കൊച്ചി സംരക്ഷിച്ചു. ഈ യുദ്ധം തിരുവിതാംകുറിന് അല്പം സ്ഥലലാഭം ഉണ്ടാക്കാതിരുന്നില്ല.

ചരിത്രപ്രസിദ്ധമായ ഈ വിജയത്തെപ്പറ്റി അക്കാലത്ത് കേരളത്തിലുണ്ടായിരുന്ന പൗലീനോസ് പാതിരിയുടെ അഭിപ്രായം വലിയകപ്പിത്താൻ എന്ന ഗ്രന്ഥത്തിൽ (പുറം 48). ശ്രീ. എം.ഒ. ജോസഫ് ചേർത്തിട്ടുണ്ട്. അത് താഴെ ചേർക്കുന്നു. “മാർത്താണ്ഡപ്പിള്ളയുടെ ആക്രമണങ്ങളെ എം. യൂസ്റ്റേഷ്യസ് പൂർത്തിയാക്കി. 1777-ൽ കുരിയാപ്പിള്ളിയിൽ വെച്ച് ഞാൻ അദ്ദേഹവുമായി പരിചയപ്പെട്ടു. ആലങ്ങാട്ടു മുതൽ കൊടുങ്ങല്ലൂർവരെ നദിയുടെ അങ്ങേക്കരയിൽനിന്ന് അദ്ദേഹം സാമുതിരിയെ ഓടിച്ചു. ഒരു ചെറിയ ഭൂവിഭാഗം കൊച്ചിരാജാവിന്റെ സഹായത്തിനായി വിട്ടുകൊടുത്തു.

www.malankaralibrary.com

എല്ലാ കോട്ടകളേയും കൈയ്യടക്കി. ഈ സംഭവങ്ങളിൽ മിക്കതിനും ഞാൻ ദൃക്സാക്ഷിയാണ്. ബാക്കിയുള്ളവ വിശ്വാസയോഗ്യരായ ആളുകളിൽനിന്ന് കിട്ടിയ അറിവിനെ ആധാരമാക്കിയുള്ളതാണ്."

കോഴിക്കോട്ടു സാമൂതിരിയുടെ സമാധാനാഭ്യർത്ഥന തിരുവിതാംകൂർ മഹാരാജാവ് സ്വീകരിക്കുകയും തിരുവിതാംകൂർ സൈന്യത്തെ തിരികെ വിളിക്കുകയും ചെയ്തു. സാമൂതിരി അധികം താമസിയാതെ പത്മനാഭപുരം കൊട്ടാരത്തിലെത്തി തിരുവിതാംകൂർ മഹാരാജാവിനെ സന്ദർശിച്ചു. 938 ഇടവം 26-ാം തീയതി രണ്ടു രാജ്യങ്ങളും തമ്മിൽ ഒരു സമാധാനഉടമ്പടി എഴുതി. സമാധാന ഉടമ്പടിയിലെ പ്രധാന വ്യവസ്ഥകളിൽ ഒന്ന് തിരുവിതാംകൂറുമായി എക്കാലവും സൗഹാർദ്ദമായി വർത്തിച്ചുകൊള്ളാമെന്നായിരുന്നു. അക്കൂട്ടത്തിൽ കൊച്ചീരാജ്യത്തെ ഒരിക്കലും എതിർക്കുകയില്ലെന്നും സാമൂതിരി സമ്മതിച്ചു. തിരുവിതാംകൂറിന് യുദ്ധച്ചിലവിനത്തിൽ ഒന്നരലക്ഷം രൂപാ നഷ്ടം നൽകാമെന്നും സാമൂതിരി സമ്മതിക്കുകയുണ്ടായി. ഡിലെനോയിയുടെ നേതൃത്വത്തിൽ നടന്ന യുദ്ധത്തിന്റെ ഫലമായി കൊച്ചിക്ക് രണ്ടു കാര്യങ്ങളിൽ നേട്ടമുണ്ടായി. ആലുവാപ്പുഴയ്ക്ക് വടക്ക് കൊച്ചിക്കുണ്ടായിരുന്ന രാജ്യവിഭാഗങ്ങൾ സാമൂതിരിയിൽനിന്നും പിടിച്ചെടുത്തു കൊടുത്തു. കൊച്ചിയെ ഇനി ഒരിക്കലും സാമൂതിരി ആക്രമിക്കുകയില്ല. ഈ രണ്ടു തീരുമാനങ്ങളും കൊച്ചിക്ക് അനുഗ്രഹമായിത്തീർന്നു.

തിരുവിതാംകൂറും കൊച്ചിയും തമ്മിൽ ഉണ്ടാക്കിയ ഉടമ്പടിയനുസരിച്ചാണല്ലോ തിരുവിതാംകൂർ സാമൂതിരിയെ ആക്രമിച്ചത്. ആ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ മുഴുവൻ പ്രവർത്തിച്ചിട്ടില്ലെന്ന് കൊച്ചി പരാതിപ്പെട്ടു. പുത്തേഴത്തു രാമൻമേനോന്റെ ശക്തൻ തമ്പുരാൻ എന്ന ഗ്രന്ഥത്തിൽ (പുറം 62) ഇപ്രകാരം എഴുതിയിരിക്കുന്നു. "സാമൂതിരിയെ രാജ്യാതിർത്തി കടത്തിവിട്ടു എങ്കിലും ഉടമ്പടിയിലെ താല്പര്യപ്രകാരം മുഴുവനും നടത്തിയിട്ടില്ലെന്നും മുഴുവൻ നിറവേറ്റുവാൻ ഉദ്ദേശിച്ചു നൽകപ്പെട്ടതായ പ്രതിഫലം അത്രയ്ക്കുമാത്രം ശൂന്യമായിത്തീർന്നുവെന്നും സ്പഷ്ടമാണല്ലോ. തിരുവിതാംകൂറും സാമൂതിരിയുംകൂടി ഇടയ്ക്കുവെച്ച് ഒരു സന്ധികരാറിൽ ഏർപ്പെട്ടതുകൊണ്ടാണ് വന്നേരി മുതലായ പ്രദേശത്തുനിന്നുകൂടി സാമൂതിരിയെ പുറത്താക്കാൻ ഇടയാകാതെയും കൊച്ചിക്ക് ആവക രാജ്യങ്ങൾ അന്ന് കിട്ടാതെ പോയതെന്നും കൂടി ഈ ഘട്ടത്തിൽ പ്രത്യേകം സ്മർത്തവ്യമാക്കുന്നു."

വലിയ കപ്പിത്താൻ എന്ന ശ്രീ. എം.ഒ. ജോസഫ് നെടുംകുന്നത്തിന്റെ ഗ്രന്ഥത്തിൽ (പുറം 51) ഇപ്രകാരം എഴുതിയിരിക്കുന്നു. "സൈന്യത്തിൽ ഒരു വിഭാഗത്തെ ഒരു യൂറോപ്യൻ ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ചേലക്കരയിൽ നിർത്തിയശേഷം ദളവായും ഡിലെനോയിയും ബാക്കി സൈന്യത്തോടുകൂടി പറവൂർ എത്തി. തൃശൂർ മുതലായ മറ്റു പ്രദേശങ്ങളിലും സൈന്യങ്ങളെ നിർത്തിയിരുന്നു. പറവൂർ എത്തിയ ഉടനെ ദളവായും ഡിലെ

www.malankaralibrary.com

നോയിയും ചെയ്തത്, ഉടമ്പടിപ്രകാരം പറവൂർ ആലങ്ങാട് ഈ പ്രദേശങ്ങളെ കൈവശപ്പെടുത്തുകയായിരുന്നു. അങ്ങനെയാണ് ആലങ്ങാട്ടും പറവൂരും തിരുവിതാംകൂറിന് അധീനമായത്. ഉടമ്പടിപ്രകാരമല്ലെങ്കിൽത്തന്നെയും പ്രസ്തുത സ്വരൂപങ്ങൾ തിരുവിതാംകൂറിന് അവകാശപ്പെടാമായിരുന്നു. വളരെക്കാലമായി അവ കൈവശം വെച്ചുകൊണ്ടിരുന്ന സാമൂതിരിയിൽനിന്നും തിരുവിതാംകൂർ സൈന്യങ്ങളാണല്ലോ അവ പിടിച്ചെടുത്തത്. ആന്യാധീനപ്പെട്ടുപോയ രാജ്യങ്ങൾ തിരികെ പിടിച്ചുകൊടുത്തതിൽ സന്തുഷ്ടനായ കൊച്ചീരാജാവ് പുത്തൻചിറ എന്ന പ്രദേശം തിരുവിതാംകൂറിന് വിട്ടുകൊടുത്തു."

തിരുവിതാംകൂറിന്റെ വടക്കേയറ്റത്ത് ശത്രുക്കളുടെ കൈയ്യേറ്റത്തെ ചെറുക്കുന്നതിനായി ഒരു കോട്ട കെട്ടണമെന്ന് മാർത്താണ്ഡവർമ്മ മഹാരാജാവ് ആഗ്രഹിച്ചിരുന്നു. ആ ആഗ്രഹം സഫലീകരിക്കുന്നതിനു മുമ്പ് അദ്ദേഹം നാടുനീങ്ങി. കോഴിക്കോട്ടു സാമൂതിരിയുമായുണ്ടായ ഉടമ്പടിക്കുശേഷം ആ കോട്ടനിർമ്മാണത്തെപ്പറ്റി ഡിലെനോയി മഹാരാജാവിനോട് അഭിപ്രായം ആരാഞ്ഞു. പടിഞ്ഞാറ് പള്ളിപ്പുറത്തുള്ള ഡച്ചുകൊട്ട മുതൽ കിഴക്ക് സഹ്യപർവ്വതം വരെ ഒരു നെടുങ്കോട്ട കെട്ടണമെന്നായിരുന്നു ഡിലെനോയിയുടെ അഭിപ്രായം. വടക്കുനിന്നും ശത്രുക്കൾ തിരുവിതാംകൂറിലേയ്ക്ക് ഓടിക്കയറാതിരിക്കാൻ ഇപ്രകാരം നെടുങ്കോട്ട കെട്ടണമെന്ന നിർദ്ദേശം എല്ലാവരും തന്നെ അംഗീകരിച്ചു. ഉത്തരതിരുവിതാംകൂറിലെ അസംതൃപ്തരായ നായന്മാർ ആഭ്യന്തരകലഹത്തിനു മുതിർന്നപ്പോൾ ആ കലഹത്തെ അടിച്ചമർത്താനായി ഹൈദ്രാലിയുടെ സഹായം തിരുവിതാംകൂർ അഭ്യർത്ഥിക്കുകയുണ്ടായി. ഡിലെനോയിയുടെ ശ്രമഫലമായി ആ ആഭ്യന്തരകലഹം അമർച്ചചെയ്തു. ഈ സാഹചര്യത്തൽ ഹൈദരാലിയുടെ സഹായം ആവശ്യമില്ലെന്ന് ഹൈദരാലിയെ അറിയിച്ചു. ഇതേത്തുടർന്ന് തിരുവിതാംകൂർ ആക്രമിക്കണമെന്ന ആഗ്രഹം ഹൈദരാലിക്കുണ്ടായി. ഹൈദരാലി തിരുവിതാംകൂറിനെ ആക്രമിക്കാനുള്ള സന്ദർഭം നോക്കി കഴിഞ്ഞു.

ആലങ്ങാട്ടും പറവൂരും സാമൂതിരിയിൽനിന്നും വീണ്ടെടുത്തു കഴിഞ്ഞപ്പോൾ രാമവർമ്മ മഹാരാജാവ് അന്നമനടയിൽ എഴുന്നള്ളി അതിർത്തിപ്രദേശങ്ങൾ പരിശോധിക്കുകയും അവിടെ ഒരു കോട്ട കെട്ടുന്നതിനുള്ള ചുമതല ഡിലെനോയിയെ ഏൽപ്പിക്കുകയും ചെയ്തു. 1764-ൽ അദ്ദേഹം തിരുവിതാംകൂറിന്റെ വടക്കേ അതിർത്തിയായ വൈപ്പിൻ തുരുത്തുമുതൽ ആനമല വരെ ഒരു കോട്ടകെട്ടിച്ചു. മുപ്പതുമൈൽ നീളത്തിലുള്ള ഒരു കോട്ടയായിരുന്നു അത്. ക്യാപ്റ്റൻ ഡിലെനോയി പറവൂർ താമസിച്ചുകൊണ്ടാണ് കോട്ടയുടെ പണി നടത്തിച്ചത്. കോട്ടയുടെ നിർമ്മാണത്തിനുശേഷവും അദ്ദേഹം ദീർഘകാലം അവിടെ താമസിച്ചിരുന്നു. ക്ലേശകരമായ ഈ കോട്ടയുടെ നിർമ്മാണത്തിന് തദ്ദേശവാസികളുടെ സഹകരണം അത്യന്താപേക്ഷിതമായിരുന്നു. പറവൂർ എത്തിയ ഡിലെനോയി തച്ചിൽ മാത്യുവിന്റെ

www.malankaralibrary.com

കഴിവുകളെപ്പറ്റി കേട്ടറിഞ്ഞു. സമ്പത്തിലും പ്രതാപത്തിലും അതിവേഗം വളർന്നുകൊണ്ടിരുന്ന തച്ചിൽ മാത്യുവിന്റെ ബുദ്ധിയും കാര്യപ്രാപ്തിയും രാജ്യപുരോഗതിക്കും കോട്ടനിർമ്മാണത്തിനും ഉപയോഗിക്കണമെന്ന് ഡിലെനോയി നിശ്ചയിച്ചു. ശ്രീ. എം.ഒ. ജോസഫ് നെടുംകുന്നം ഇപ്രകാരം എഴുതിയിരിക്കുന്നു. "ഒരു കത്തോലിക്കനായ ഡിലെനോയി കത്തോലിക്കനായ മാത്തുത്തരകനിൽ തല്പരനായതിൽ അത്ഭുതപ്പെടാനില്ല. അവർ തമ്മിലുള്ള പരിചയം പരസ്പരം സ്നേഹത്തിലും ബഹുമാനത്തിലും വളർന്നുവന്നു. മാത്യുവിൽനിന്ന് വളരെയധികം സഹായങ്ങൾ ഡിലെനോയിക്ക് ലഭിച്ചു. ബൃഹത്തായ നെടുങ്കോട്ട ഏറ്റവും വേഗത്തിൽ പണികഴിപ്പിക്കുവാൻ ഡിലെനോയിക്കു സാധിച്ചത് മാത്യുവിന്റെ സഹായസഹകരണങ്ങൾ കൊണ്ടാണ്. വനപ്രദേശങ്ങളുമായുള്ള പരിചയവും വേലക്കാരുമായുള്ള സമ്പർക്കവും മാത്തുവിനെപ്പോലെ അന്ന് മറ്റാർക്കും ഉണ്ടായിരുന്നില്ല. ഡിലെനോയിയുമായുള്ള പരിചയം മൂലമാണ് തരകൻ രാജ്യകാര്യത്തിൽ വ്യാപൃതനായത്. അസാധാരണമായ കഴിവുകളോടുകൂടിയ തച്ചിൽ മാത്യുവിനെ രാജ്യകാര്യങ്ങളിൽ തല്പരനാക്കുന്നത് തിരുവിതാംകൂറിന് മഹത്തായ ഒരു നേട്ടമായിരിക്കുമെന്ന് ഡിലെനോയി കണ്ടു. ആകയാൽ തന്റെ സഹായിയും സ്നേഹിതനുമായ ആ യുവാവിനെ അടുത്ത സന്ദർഭത്തിൽത്തന്നെ രാജാ കേശവദാസനുമായും രാമവർമ്മ മഹാരാജാവുമായും പരിചയപ്പെടുത്തി."

ഡിലെനോയിയുടെ മനോധർമ്മഫലമായ ഈ കോട്ടയെ പറ്റി സർദാർ കെ.എം. പണിക്കർ തന്റെ മലബാർ & ഡച്ച് എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. (പുറം 106). "ജനറൽ ഡിലെനോയിയുടെ ഉപദേശമനുസരിച്ച് 1764-ൽ തിരുവിതാംകൂർ മഹാരാജാവാണ് ഈ കോട്ട നിർമ്മിച്ചത്. എൻജനീയറിംഗിൽ അസാമാന്യ വൈദഗ്ദ്ധ്യമുണ്ടായിരുന്ന ആ ഫ്ളമിഷ് പടനായകൻ കൊച്ചിയെ സഹായിക്കുന്നതിനായി ഉത്തരദിക്കുകളിൽ നടത്തിയ സൈനിക സംഭരണ വേളയിൽ തിരുവിതാംകൂറിന്റെ വടക്കേ അതിർത്ത വടക്കുനിന്നുള്ള ആക്രമണങ്ങൾക്ക് എപ്രകാരം വിധേയമായിരിക്കുന്നുവെന്ന് മനസ്സിലാക്കിയിരുന്നു. അതിനാൽ സുദീർഘവും സുരക്ഷിതവുമായ ഒരു കോട്ടയുടെ പ്ലാൻ അദ്ദേഹം തയ്യാറാക്കി. ഈ കോട്ടയെപ്പറ്റി ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ തിരുവനന്തപുരത്തെ ഏജന്റായിരുന്ന മി. ജോർജ്ജ് പൗണി 1790 ഫെബ്രുവരി 17-ാം തീയതി മദ്രാസ് ഗവർണ്ണർക്കയച്ച കത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. അത് പടിഞ്ഞാറുമുതൽ കിഴക്കുവരെ നീണ്ടു കിടക്കുന്നു. കടലോരത്തുള്ള വൈപ്പിൻതുരുത്തുമുതൽ തുടങ്ങി ചേന്ദമംഗലത്തിന്റെ എതിർകര മുതൽ ആനമല വരെ നെടുനീളത്തിൽ എത്തി അതിന്റെ കൊടുമുടികളിൽ ഒന്നിൽച്ചെന്നവസാനിക്കുന്നു. ഉദ്ദേശം 16 അടി വീതിയും 20 അടി താഴ്ചയും ഉള്ള ഒരു കിടങ്ങും അതിന്റെ ഒരുവശത്ത് ഇടതിങ്ങിയ മുളക്കൂട്ടം കൊണ്ടുള്ള ഒരു വേലിയും മൺമതിലും ഉറപ്പേറിയ

www.malankaralibrary.com

കൊത്തളങ്ങളും പീരങ്കിസങ്കേതങ്ങളും കൂടിയതാണ് ഈ ദുർഗ്ഗപംക്തി.

കോട്ടയുടെ നിർമ്മാണം കഴിഞ്ഞും ഡിലെനോയി കുറേക്കാലം പറവൂരുതന്നെ താമസിച്ചു. തിരുവിതാംകൂറിന്റെ വടക്കൻമേഖലകളിലും കൊച്ചി രാജാവിന്റെ ഭൂവിഭാഗങ്ങളിലും താമസം ഉറപ്പിച്ച തിരുവിതാംകൂർ സൈന്യങ്ങളുടെ നായകത്വം വഹിച്ചുകൊണ്ടാണ് ഡിലെനോയി അവിടെ താമസിച്ചത്. ജനങ്ങളെ അച്ചടക്കത്തോടുകൂടി നിലനിർത്തേണ്ടതിനായി സൈന്യവിഭാഗങ്ങളെ രാജ്യത്തിന്റെ പല ഭാഗങ്ങളിലും തുടരെത്തുടരെ മാർച്ചു ചെയ്യിച്ചുകൊണ്ടിരുന്നു. കൊച്ചി സംസ്ഥാനത്തിന്റെ ഉത്തരഭാഗങ്ങളിലുള്ള ജനങ്ങളെ കീഴടക്കി വെച്ചുകൊണ്ടിരിക്കുന്നതിനും ആലങ്ങാട്ടും പറവൂരും തിരുവിതാംകൂർ നിയമങ്ങളും ചട്ടങ്ങളും നടപ്പാക്കുന്നതിനും ഡിലെനോയിയുടെ പറവൂരെ താമസം സഹായകരമായി.

ഉത്തരാതിർത്തിയിൽ നിർമ്മിച്ച കോട്ട കിഴക്ക് മുതൽ പടിഞ്ഞാറ് കുരിയാപ്പള്ളിക്കോട്ടവരെ മാത്രമേ ഉണ്ടായിരുന്നുള്ളൂ. കോട്ട പടിഞ്ഞാറ് കടൽ വരെ എത്തിയിട്ടുണ്ടായിരുന്നില്ല. ഹൈദർ തിരുവിതാംകൂറിനോട് യുദ്ധപ്രഖ്യാപനം നടത്തുമെന്ന സ്ഥിതി ആയപ്പോൾ 1766 ജൂലൈ 20-ാം തീയതി കോട്ട പടിഞ്ഞാറ് നീട്ടി ഡച്ചുകാരുടെ വക കൊടുങ്ങല്ലൂർകോട്ടയുടെ തെക്കുവശത്തുള്ള അഴിയുടെ ദക്ഷിണതീരത്തോളം പണിയാൻ തുടങ്ങി. ഹൈദരാലിക്ക് ഡച്ചുകാരെ ആക്രമിക്കാൻ ഇത് സൗകര്യം ചെയ്യുമെന്നുള്ളതിനാൽ കോട്ടപണി നിർത്തിവെയ്ക്കാൻ ഡച്ചുഗവർണർ തിരുവിതാംകൂറിനോടാവശ്യപ്പെട്ടു. ഡച്ചുഗവർണറുടെ പ്രതിഷേധത്തെ വകവെയ്ക്കാതെ ഡിലെനോയി കോട്ട കെട്ടിത്തീർത്തു. 23 വർഷങ്ങൾക്കുശേഷം ഡച്ചുകാരുടെ "ആയിക്കോട്ട" തനിക്ക് വിലയ്ക്ക് വേണമെന്ന് ടിപ്പുസുൽത്താൻ ആവശ്യപ്പെട്ടു. എന്നാൽ ഡച്ചുകാർ ടിപ്പുവിന് കൊടുക്കാതെ തിരുവിതാംകൂറിന് വിൽക്കുകയാണുണ്ടായത്.

## 9. ഡിലെനോയിയുടെ അന്ത്യം

ഉത്തരദിക്കിലെ യുദ്ധത്തിൽ വിജയം വരിച്ച് തിരുവനന്തപുരത്ത് എത്തിയ അയ്യപ്പൻ മാർത്താണ്ഡപിള്ള അധികം കഴിയുന്നതിനുമുമ്പ് 938-ൽ ദിവംഗതനായി. പിന്നീട് ദളവയായത് വർക്കല സുബ്ബയ്യൻ ആയിരുന്നു. അദ്ദേഹവും സമർത്ഥനും ധീരനുമായിരുന്നു. കൊച്ചിരാജ്യവും തിരുവിതാംകൂറുമായി 1762-ൽ ഉണ്ടായ ഉടമ്പടിപ്രകാരം കൊച്ചിക്ക് നഷ്ടപ്പെട്ട രാജ്യം വീണ്ടെടുത്തു കൊടുക്കുന്നതിനായി തിരുവിതാംകൂർ സാമൂതിരിയോട് യുദ്ധത്തിൽ ഏർപ്പെടുകയുണ്ടായി. ആ യുദ്ധത്തെ തുടർന്ന് കരപ്പുറം ദേശവും ആലങ്ങാടും പറവൂരും തിരുവിതാംകൂർ കൈവശം വെച്ചുകൊണ്ടിരുന്നു. തനിയ്ക്ക് നഷ്ടപ്പെട്ട രാജ്യങ്ങൾ തിരിച്ചെടുത്തു തരുന്നതിന് പ്രതിഫലമായിട്ട് കരപ്പുറം ദേശവും ആലങ്ങാട്, പറവൂരു ദേശങ്ങളുടെ മേൽക്കോയ്മയും തിരുവിതാംകൂറിന് നൽകാമെന്ന് കൊച്ചി സമ്മതിച്ചിരുന്നതുമാണ്.

www.malankaralibrary.com

യഥാർത്ഥത്തിൽ ആലങ്ങാടിനെയും പറവൂരിനെയും ഉൾപ്പെടുത്തി ഒരു ഉടമ്പടിയിലേർപ്പെടുവാൻ കൊച്ചിക്ക് അവകാശമുണ്ടായിരുന്നില്ല. ഈ രാജ്യങ്ങൾ രണ്ടും സ്വതന്ത്ര രാജ്യങ്ങൾ ആയിരുന്നു. ഈ രാജ്യങ്ങളുടെമേൽ കൊച്ചിയ്ക്ക് മേൽക്കോയ്മയവകാശം മാത്രമേ ഉണ്ടായിരുന്നുള്ളൂ. പറവൂർ ആലങ്ങാട് രാജാക്കന്മാർ കൊച്ചിയുടെ സാമന്തന്മാർ ആയിരുന്നുവെന്നാണ് കൊച്ചിൻ സ്റ്റേറ്റ് മാനുവലിൽ പറയുന്നത്. ഈ രാജ്യങ്ങളുടെമേൽ കൊച്ചിരാജാവിനുണ്ടായിരുന്ന നാമമാത്രമായ അധികാരം മാത്രമേ ഒഴിഞ്ഞെഴുതി കൊടുക്കുവാൻ അധികാരമുണ്ടായിരുന്നുള്ളൂ. പറവൂരും ആലങ്ങാടും തിരുവിതാംകൂറിൽ ലയിച്ചെങ്കിലും അവിടെ ഓരോ സാമന്തരാജാക്കന്മാരുണ്ടായിരുന്നു. തിരുവിതാംകൂറിന്റെ അതിർത്തിപ്രദേശത്ത് ഇങ്ങനെ രണ്ടു സാമന്തന്മാരെ വച്ചുകൊണ്ടിരിക്കുന്നത് ഗുണകരമായിരിക്കുകയില്ലെന്ന് മനസ്സിലാക്കിയ ദളവാ രാജാധികാരം ഒഴിഞ്ഞുകൊടുക്കുവാൻ അവരിൽ പ്രേരണ ചെലുത്തി. ദളവായുടെ ഭീഷണിക്കുവഴങ്ങി ആലങ്ങാട് രാജാവ് തന്റെ രാജാധികാരം തിരുവിതാംകൂറിന് വിട്ടുകൊടുത്തു. ഇക്കാര്യത്തിൽ തച്ചിൽ മാത്തുത്തരകന്റെ സഹായം ദളവായ്ക്ക് ലഭിക്കുകയുണ്ടായി. തരകന്റെ ഉപദേശമനുസരിച്ചാണ് ഈ രണ്ടു സാമന്തന്മാർ തങ്ങളുടെ അവകാശം ഒഴിഞ്ഞുകൊടുത്തത്. സാമന്തന്മാർ എഴുതിക്കൊടുത്ത രേഖയിൽ ഞങ്ങളെയും ഞങ്ങളുടെ കുടുംബത്തെയും കൽപ്പിച്ച് രക്ഷിക്കുക എന്നും അഭ്യർത്ഥിച്ചിരുന്നു. അടുത്തൂൺ നൽകുന്ന കാര്യത്തിൽ തിരുവിതാംകൂർ താൽപര്യം കാണിച്ചില്ല. ആലങ്ങാട് രാജാവിന്റെ പ്രതിനിധിയെന്ന നിലയിൽ മാത്തുത്തരകൻ തിരുവിതാംകൂർ മഹാരാജാവിന് നൽകിയ നിവേദനത്തിന്റെ ഫലമായിട്ടാണ് പിന്നീട് അടുത്തൂൺ നൽകിയത്.

തിരുവിതാംകൂർ കൈവശപ്പെടുത്തുവാൻ തക്ക സമയംപാർത്തിരുന്ന ഹൈദരാലി 941-ൽ വടക്കൻ കേരളത്തിലെ മിക്ക രാജ്യങ്ങളും കൈവശപ്പെടുത്തി. സാമൂതിരിയുടെയും ഇടപ്രഭുക്കന്മാരുടെയും പ്രതിഷേധങ്ങളെ ഹൈദരാലി വകവെച്ചില്ല. ദുഃഖിതനായ സാമൂതിരി ഏതാനും ബന്ധുക്കളോടും അനുചരന്മാരോടുംകൂടി ആത്മഹത്യ ചെയ്തു. സാമൂതിരിയുടെ രാജ്യങ്ങൾ കണ്ണൂർ മുതൽ പൊന്നാനി വരെയുള്ള രാജ്യഭാഗങ്ങൾ ഹൈദരുടെ കൈപ്പിടിക്കുള്ളിലമർന്നു. ഹൈദരാലി കൊച്ചിയെ ആക്രമിക്കുമെന്ന സ്ഥിതി വന്നപ്പോൾ കൊച്ചി രാജാവ് ഹൈദരുമായി ഒരു സഖ്യം ചെയ്തു. രണ്ടു ലക്ഷം രൂപായും എട്ട് ആനകളെയും ഹൈദരാലിക്ക് കാഴ്ച കൊടുക്കുകയും ചെയ്തു. ഹൈദരാലിയുടെ അടുത്ത നോട്ടം തിരുവിതാംകൂറിന്റെ നേർക്കായിരുന്നു. 15 ലക്ഷം രൂപയും 30 ആനകളെയും കപ്പമായിക്കൊടുത്ത് സാമന്തത്വം സ്വീകരിക്കണമെന്ന് തിരുവിതാംകൂർ മഹാരാജാവിനോടാവശ്യപ്പെട്ടു. ആ നിർദ്ദേശം തിരുവിതാംകൂർ മഹാരാജാവ് തള്ളിക്കളഞ്ഞു.

ഹൈദർ ഏതവസരത്തിലും തിരുവിതാംകൂറിനെ ആക്രമിക്കുമെന്ന് മഹാരാജാവിനറിയാമായിരുന്നു. അതിനാൽ വടക്കൻ പ്രദേശത്തെ കോട്ട

www.malankaralibrary.com

കൊത്തളങ്ങൾ ബലപ്പെടുത്തുവാൻ തീരുമാനിച്ചു. ആയുധങ്ങൾ കൂടുതൽ സജ്ജീകരിക്കുവാനും കൂടുതൽ സൈന്യത്തെ സംഘടിപ്പിക്കുവാനും ഡിലെനോയി അശ്രാന്തപരിശ്രമം നടത്തി. തിരുവിതാംകൂറിന്റെ ഉത്തരഭാഗത്ത് ബലിഷ്ഠമായ ഒരു ദുർഗ്ഗമുണ്ടായതിൽ മഹാരാജാവ് സന്തോഷിച്ചു. അനേക ലക്ഷം രൂപ ഇക്കാര്യത്തിനുവേണ്ടി ചിലവഴിച്ചു.

ഹൈദർ വീണ്ടും കേരളത്തിലെത്തി. സാമൂതിരിയും കുടുംബവും തിരുവിതാംകൂറിൽ അഭയം പ്രാപിച്ചു. അത് ഹൈദരാലിയെ കോപിഷ്ഠനാക്കി. തിരുവിതാംകൂറിനെ കീഴ്പ്പെടുത്തുവാൻ നെടുങ്കോട്ട ഒരു തടസ്സമാണെന്ന് ഹൈദരാലിക്കറിയാമായിരുന്നു. 1774-ൽ വീണ്ടും ഹൈദർ മലബാറിൽ എത്തി കൊള്ള നടത്തി പടിഞ്ഞാറുതീരത്തുകൂടി തിരുവിതാംകൂറിൽ പ്രവേശിക്കുന്നതിന് ഡച്ചുകാർ ഒരു തടസ്സമായിരുന്നു. അതിനാൽ കൊച്ചിരാജ്യം കയ്യേറുന്നതിനായിരുന്നു തീരുമാനിച്ചത്. ഹൈദർപ്പട തൃശൂരെത്തി താവളമടിച്ചു. കൊച്ചി രാജാവ് ഹൈദരുടെ സാമന്തത്വം സ്വീകരിച്ചു. നാലു ലക്ഷം രൂപാ കപ്പം കൊടുക്കാമെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. അനന്തരഗതികളെപ്പറ്റി ശക്തൻ തമ്പുരാൻ എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. (പുറം 112.) തിരുവിതാംകൂറിലേയ്ക്ക് കടക്കുന്നതിനാണ് ഹൈദർ അത്യന്തം ആഗ്രഹിച്ചിരുന്നത്. അന്ന് ഡച്ചുകാർ അതിന് വഴിപ്പെട്ടിരുന്നുവെങ്കിൽ എന്തുതന്നെ സംഭവിക്കുമായിരുന്നില്ലെന്ന് ആർക്കറിയാം. അപ്പോഴാണ് ഹൈദർ കൊച്ചി രാജ്യത്തേക്ക് പ്രവേശിച്ചത്. കൊച്ചിയെ സഹായിക്കുന്നതിന് ഡച്ചുകാർ ശക്തിയോ സന്നദ്ധതയോ കാണിച്ചില്ല. കൊച്ചി രാജാവ് ഹൈദരുമായി സന്ധിചെയ്തു. ഹൈദർ ഡച്ചിന്റെ നേർക്കു തിരിഞ്ഞു. ഡച്ചുകാരുടെ രാജ്യത്തുകൂടി ഹൈദർക്ക് തിരുവിതാംകൂറിലേയ്ക്ക് കടക്കണമെന്നായിരുന്നു ആഗ്രഹം. സേർദർഖാൻ ചേറ്റുവായ് ആക്രമിച്ചു. കൊടുങ്ങല്ലൂർ വളഞ്ഞു. ഡച്ചുകാർ ഭയവിഹ്വലരായി. ഹൈദരുടെ ബലത്തെ ചെറുത്തുനിൽക്കുന്നതിനുള്ള സൈനികശക്തി ഡച്ചിനില്ലായിരുന്നു. കീഴടങ്ങുകയല്ലാതെ നിർവ്വാഹമില്ലാതെവന്നപ്പോൾ കർത്തവ്യാമൂഢരായിത്തീർന്ന ഡച്ചുകാർ, നാണംകൂടാതെ കൊച്ചിയോടും തിരുവിതാംകൂറിനോടും സഹായം ആവശ്യപ്പെട്ടു. നമുക്ക് മൂന്നാൾക്കുംകൂടി ഹൈദറെ തുരത്തിവിടാം എന്ന് ഡച്ചുഗവർണ്ണർ പറഞ്ഞു എങ്കിലും രണ്ടാളും വഴിപ്പെട്ടില്ല.

തിരുവിതാംകൂറിനെ ആക്രമിക്കാനായിരുന്നു ഹൈദറുടെ അടുത്ത ശ്രമം. ഹൈദരുടെ ആക്രമണത്തെ ഡിലെനോയിയുടെ സൈന്യം നേരിട്ടു. സൈന്യത്തിന്റെ ശിക്ഷണവൈശിഷ്ട്യംകൊണ്ടും കോട്ടയുടെ ഉറപ്പുകൊണ്ടും തിരുവിതാംകൂർ സൈന്യത്തെ നേരിടുവാൻ ഹൈദർക്ക് സാധിച്ചില്ല. ആയക്കോട്ട ഭാഗത്തെ ആക്രമണത്തെ ഡിലെനോയിയുടെ സൈന്യം നേരിട്ടു. ഈ സമയം തിരുവിതാംകൂറിന്റെ സഹായത്തിന് ഡച്ചുകാർ എത്തിച്ചേർന്നു. മൈസൂർപ്പട പരാജയഭീതിയോടെ പിന്മാറി. ഈ യുദ്ധവേളയിൽ ഡിലെനോയിക്ക് അസുഖം പിടിപെട്ടതിനാൽ ഉദയഗിരിക്കോട്ടയിലേയ്ക്ക്

www.malankaralibrary.com

മടങ്ങിപ്പോന്നു. അല്പകാലത്തിനുശേഷം 1777 ജൂൺ 1-ാം തീയതി ഉദയഗിരിക്കോട്ടയിൽവെച്ച് ഡിലെനോയി അന്തരിച്ചു. ഡിലെനോയിയുടെ മരണത്തെപ്പറ്റി പി.ശങ്കുണ്ണിമേനോൻ തിരുവിതാംകൂർ ചരിത്രത്തിൽ (പുറം 197,198) ഇപ്രകാരം എഴുതിയിരിക്കുന്നു. "അദ്ദേഹത്തിന്റെ നിര്യാണത്തിൽ മഹാരാജാവ് തിരുമേനിയും തിരുവിതാംകുറിലെ സൈന്യം മുഴുവനും അഗാധമായി വ്യസനിയ്ക്കുന്നു. അദ്ദേഹത്തിന്റെ അപരിഹാര്യമായ നഷ്ടത്തിൽ രാജ്യവാസികൾ ഒന്നടങ്കം സങ്കടപ്പെട്ടു. തിരുവിതാംകൂർ സൈന്യത്തിലെ ഐറോപ്യാശിക്ഷാ സമ്പ്രദായത്തിന്റെ സൃഷ്ടാവെന്ന് അദ്ദേഹത്തെ വിളിക്കാവുന്നതാണ്. തോവാളയ്ക്കും പറവൂരിനും മദ്ധ്യേയുള്ള മിക്ക കരിങ്കൽ കോട്ടകൾക്കും ഈ രാജ്യം അദ്ദേഹത്തിന്റെ ധിഷണാവിലാസത്തിനാണ് കടപ്പെട്ടിരിക്കുന്നത്. നാടുനീങ്ങിയ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെയും ഈ മഹാരാജാവിന്റെയും ഭരണകാലങ്ങളിലെ വീരപുരുഷനായിരുന്ന അദ്ദേഹം ഉദ്യോഗത്തിലിരിക്കെത്തന്നെ അനശ്വരവും പ്രശസ്തവുമായ യശസ്സിനെ ബാഹ്യലോകത്തിൽ പ്രസരിപ്പിച്ചുകൊണ്ട് അദ്ദേഹം മുക്തനായി. ഉദയഗിരിക്കോട്ടയിൽ അദ്ദേഹത്തിന്റെ സ്വന്തം മേൽനോട്ടത്തിൽ പണികഴിപ്പിച്ചിട്ടുള്ള ദേവാലയത്തിൽ, സകല സൈനികാഡംബരങ്ങളോടുംകൂടി അദ്ദേഹത്തെ സംസ്കരിച്ചിരിക്കുന്നു.

തിരുവിതാംകൂർ സ്റ്റേറ്റ് മാനുവലിൽ ഡിലെനോയിയുടെ മരണത്തെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു. (വാല്യം 1., പുറം. 384) "അദ്ദേഹത്തിന്റെ മരണത്തിൽ എല്ലാ തിരുവിതാംകൂർകാരും ആത്മാർത്ഥമായി ദുഃഖിച്ചു. തിരുവിതാംകൂർ സൈന്യത്തിലെ യൂറോപ്യൻ ശിക്ഷണസമ്പ്രദായത്തിന്റെ സൃഷ്ടാവ് അദ്ദേഹമത്രെ. തിരുവിതാംകൂറിലെ മിക്ക കോട്ടകളും അദ്ദേഹത്തിന്റെ കാലത്താണ് പണികഴിപ്പിച്ചിട്ടുള്ളത്. ഉദയഗിരിക്കോട്ടയിലെ അദ്ദേഹത്തിന്റെ സ്വന്തം ദേവാലയത്തിൽ സൈനികാഡംബരങ്ങളോടുകൂടി അദ്ദേഹത്തെ സംസ്കരിച്ചു."

ഡിലെനോയിയുടെ നിര്യാണത്തിൽ രാമവർമ്മ മഹാരാജാവ് അത്യധികം ദുഃഖിച്ചു. ആ ദുഃഖത്തിന്റെ ആഴം മനസ്സിലാക്കുവാൻ ആർക്കും സാദ്ധ്യമല്ല. ഡിലെനോയിയുടെ കുഴിമാടത്തിൽ ലത്തീനിലും തമിഴിലും എഴുതിയിരിക്കുന്ന വാക്കുകൾ മഹാരാജാവിന്റെ ഡിലെനോയിയെപ്പറ്റിയുള്ള പ്രശംസയാണെന്ന് കരുതാം. അതിൽ തമിഴിൽ രേഖപ്പെടുത്തിയിരിക്കുന്ന ഭാഗം താഴെ ചേർക്കുന്നു.

"ഇന്ത ഉലകത്തില് ഇരുക്കിറവനേ കേൾ. വെകമാനമുള്ള എശമാനാകിയ എവസ്ത്താക്കി പെനകിത്തു ലണുവതിരുവാങ്കോട്ടു വലിയ തമ്പുരാനുടൈയ ശേനൈപടൈകളുക്കെല്ലാം പിറതാനമുമാകിയ വലിയകപ്പിത്താരുമായിരുന്തു 37 വരുഷമാകെ മിഞ്ചിന വിശുവാസത്തോടെ തമ്പിരാനെ സേവിത്തു കിളക്കേയിരുന്തുവന്ന പടൈകളൈ നടത്തിന താട്ടീകങ്കളല്ലാമൽ കായംകുളം മുതല് കൊച്ചിവരെക്കും തിരുമനസ്സിലെ കാരുണിയംകൊണ്ടും

www.malankaralibrary.com

ആയുധങ്ങളുടയ ബലത്തെക്കൊണ്ടും തമ്മുടയ പെരുങ്കീർത്തിയൈക്കൊണ്ടും മാറ്റാനാകിയവർകളെ നടുനടുങ്കവിരട്ടി അവർകളെ നമ്മുടയ ഇരാചാവുക്കു കീഴടക്കിക്കൊടുത്തു ഇനതു വെകമാനമുള്ള ശേവകത്തിലെ ആകുംമട്ടും ഇണൈപ്പാരാമൽ കസ്തിപ്പട്ടു ശകല നന്മൈയും പെറുകിറതർക്കു പാത്തിരവാനുമായിരുന്ത് കട്ടക്ഷയുണർന്തു 62 വരുഷമും 5 മാശവും സുകമായിരുന്തു 1777 ആനിമാതം 1-ാം തേതി മരണത്തൈ അടൈന്തു ഇന്ത ഇടത്തിലെ അടക്കപ്പെട്ടിരുക്കിറതു. തമിഴ്കണക്കിൽ 952 വൈകാശി മാതം 22-ാം തേതി ഞായിറ്റുകിഴമൈ. ഇവരുക്കാക ശരുവേശുരനൈപ്പാർത്തു മന്നാടി പിരാർത്തിത്തു ഇനതു ആത്തുമത്തുക്കാക ഒരു പരമണ്ടലമന്തിരം ചൊല്ലിക്കളവും".

ചരിത്രപ്രാധാന്യമർഹിക്കുന്ന ഈ സ്മാരകലിഖിതങ്ങളുടെ പരിഭാഷ ശ്രീ. എം.ഒ. ജോസഫ് നെടുംകുന്നം വലിയ കപ്പിത്താൻ എന്ന ഗ്രന്ഥത്തിൽ (പുറം 67, 68) ചേർത്തിരിക്കുന്നത് താഴെ ചേർക്കുന്നു.

കർത്താവു വിധിക്കുവാൻ വരുമ്പോൾ ഈ അടയാളം ആകാശത്തിലുണ്ടായിരിക്കും.

"യാത്രക്കാരാ, നിൽക്കുക! തിരുവിതാംകൂർ പട്ടാളത്തിന്റെ സർവ്വസൈന്യാധിപനായിരുന്ന്, ഉദ്ദേശം 37 സംവത്സരക്കാലം ഏറ്റവും അന്യാദൃശമായ വിശ്വസ്തതയോടെ, (തിരുവിതാംകൂർ) രാജാവിനെ സേവിച്ച്, ആയുധബലത്താലും(തന്നെപ്പറ്റി അന്യർക്കുള്ള) ഭയപ്പാടിനാലും, കായംകുളം മുതൽ കൊച്ചിവരെയുള്ള രാജ്യങ്ങളെല്ലാം(സ്വരാജാവിനു) സ്വാധീനമാക്കിക്കൊടുത്ത യുസ്റ്റേഷ്യസ് ബനിഡിക്ട് ഡിലെനോയി ഇതാ ഇവിടെ ശയിക്കുന്നു. അറുപത്തിരണ്ടു വർഷവും 5 മാസവും ജീവിച്ചിരുന്ന് അദ്ദേഹം 1777 ജൂൺ മാസം 1-ന് നിര്യതനായി. അദ്ദേഹത്തിന്റെ ആത്മാവു ശാശ്വത ശാന്തിയിൽ വിശ്രമിക്കട്ടെ."

"ഈ ലോകത്തിലിരിക്കുന്ന മനുഷ്യാ കേൾക്കുക! ബഹുമാനപ്പെട്ട യജമാനനായ എവുസ്താക്കിയൂസ് ബനദക്തൂസ് ലെനോയി തിരുവിതാംകോട്ടു വലിയ തമ്പുരാന്റെ സേനകൾക്കും പടകൾക്കുമെല്ലാം പ്രധാനാധിപനായ വലിയ കപ്പിത്താനായിരുന്നു മുപ്പത്തേഴു വർഷം വലിയ വിശ്വാസത്തോടെ തമ്പുരാനെ സേവിച്ചു. കിഴക്കുനിന്നു വന്ന സൈന്യങ്ങളിൽ പ്രതിഫലിപ്പിച്ച പരാക്രമങ്ങൾക്കു പുറമെ, കായംകുളം മുതൽ കൊച്ചിവരെയും തിരുമനസ്സിലെ കാരുണ്യംകൊണ്ടും ആയുധങ്ങളുടെ ബലത്തെക്കൊണ്ടും തന്റെ മഹത്തായ യശസ്സിനെക്കൊണ്ടും ശത്രുക്കളായി വന്നവരെ നടുനടുങ്ങുമാറ് ഭയപ്പെടുത്തി അവരെ തന്റെ രാജാവിനു കീഴ്പ്പെടുത്തിക്കൊടുത്തു. ഈ ബഹുമാനപ്പെട്ട സേവനത്തിൽ മരണംവരെ അശ്രാന്തം യത്നിച്ചു സകലവിധ നന്മകളും ലഭിക്കുന്നതിനു പാത്രവാനുമായിരുന്നു രാജകടാക്ഷത്താൽ അനുഗൃഹീതനായി 62 വർഷവും 5 മാസവും സുഖമായിരുന്നു 1777 ആനി മാസം 1-ാം തീയതി മരിച്ച് ഈ സ്ഥലത്ത് അടക്കപ്പെട്ടിരിക്കുന്നു. തമിഴ്

www.malankaralibrary.com

കണക്കിന് 952 വൈകാശിമാസം 22-ാം തിയതി ഞായറാഴ്ച. ഇദ്ദേഹത്തിനുവേണ്ടി സർവ്വേശ്വരനേ നോക്കി അപേക്ഷിച്ച് ഈ ആത്മാവിനുവേണ്ടി ഒരു 'ആകാശങ്ങളിലിരിക്കുന്ന' എന്ന നമസ്കാരം ചൊല്ലുക.

മഹാരാജാവ് തന്റെ ഒരു ഉദ്യോഗസ്ഥനെപ്പററി ചെയ്തിരിക്കുന്ന ഒരു പ്രശംസയാണിത്. തിരുവിതാംകൂറിലെ മറ്റൊരു ഉദ്യോഗസ്ഥനും ഇത്രയും വിലപ്പെട്ട അഭിനന്ദനം മഹാരാജാക്കന്മാരിൽനിന്നും ലഭിച്ചിട്ടില്ല.

1939 ജനുവരി 29-ന് മലബാർ മെയിൽ ഡിലെനോയിയുടെ അന്ത്യ വിശ്രമത്തെപ്പറ്റി എഴുതിയ ലേഖനത്തിലെ ഒരുഭാഗം താഴെ ചേർക്കുന്നു.

"...ചെറിയ ഒരു സുഖക്കേടുമൂലം ഉദയഗിരിയിലെ ബംഗ്ലാവിൽ വെച്ചുതന്നേ തിരുവിതാംകൂർകാരുടെ വലിയ കപ്പിത്താൻ വിഗതപ്രാണനായി ത്തീർന്നു. സകലജാതിമതസ്ഥരും ആ മഹാരഥന്റെ ആകസ്മിക നിര്യാണത്തിൽ ഹൃദയമുരുകി വിലപിച്ചു. 37 കൊല്ലത്തെ വിശ്വസ്തവും സമർത്ഥവും നിർദുഷ്ടവുമായ അദ്ദേഹത്തിന്റെ നിഷ്കാമസേവനം; നാട്ടുകാരുടെ ഇടയിൽ, മലയാളക്കരയിലെ കറുത്ത മണ്ണിൽ കിളുത്ത ഒരു വെളുത്ത കല്പക മരമായിട്ടാണ് ഡിലെനോയിയുടെ വീരസ്മരണയേ അവശേഷിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ മൃതശരീരം ഉദയഗിരിയിലെ ദേവാലയത്തിൽ സകല സൈനികാഡംബരങ്ങളോടുംകൂടി യഥാവിധി സംസ്കരിക്കപ്പെട്ടു. ആ ദേവാലയം ഇന്നു കാണ്മാനില്ല. ചുറ്റുമുള്ള ചുവരുകളുടെ അവശിഷ്ടം മാത്രം അതിനെ അനുസ്മരിപ്പിക്കുന്നു. ... സായിപ്പിന്റെ ബംഗ്ലാവിന്റെ തറ വേറെ കാണുന്നുണ്ട്. ഡിലെനോയി വാർത്തുണ്ടാക്കിയ പീരങ്കിയുണ്ടകൾ അവിടവിടെ ചിലതു കാണാമെങ്കിലും ഒട്ടേറെ നഷ്ടപ്പെട്ടുപോയിരിക്കുന്നു. ഇരുമ്പുരുക്കിയ മൂശകളുടെ ചില ഭാഗങ്ങളും അങ്ങിങ്ങു കിടക്കുന്നു. അദ്ദേഹം പണിയിച്ചിട്ടുള്ള "പുല്ലിക്കുറിച്ചിക്കോട്ട'യുടെ നടുക്കായി സ്ഥിതി ചെയ്യുന്ന ഉദയഗിരിക്കുന്നിന്റെ മുകളിൽ ഒരു മണ്ഡപത്തിന്റെയും അവശിഷ്ടങ്ങൾ കാണുന്നുണ്ട്. അതിൽ ഒരു കൊടിമരം നിന്നിരുന്നു. ഏറെ ദൂരത്തല്ലാതെ നിൽക്കുന്ന പ്രസിദ്ധവും പ്രാചീനവുമായ പത്മനാഭപുരം കോട്ടയ്ക്ക് അടുത്ത വടക്കായുള്ള ഡിലെനോയിയുടെ "മരുന്നുകോട്ട"യും സന്ദർശകരെ ആകർഷിക്കുക തന്നെ ചെയ്യും. ദക്ഷിണേന്ത്യയിലെ അതിരമണീയമായ ഈ കോട്ട മുകളിൽനിന്നു പടിഞ്ഞാറോട്ടു നോക്കിയാൽ അലയടിച്ചിളകിക്കൊണ്ടിരിക്കുന്ന അറബിക്കടലും, കിഴക്കോട്ടു നോക്കിയാൽ നിശ്ചലമായി ഇതിനെല്ലാം സാക്ഷിയെന്നോണം ഹരിതോഷ്ണീഷം ധരിച്ചു തലയും പൊക്കി നിൽക്കുന്ന സഹ്യനുമാണ് കാണുന്നത്. ഇത്തരം മഹത്തരവും ചരിത്രപ്രസിദ്ധവും പ്രകൃതിരമണീയവുമായ ഒരു ദിവ്യസങ്കേതത്തെ ഏതൊരു നാടും നാട്ടുകാരും അഭിമാനപൂർവ്വം സൂക്ഷിച്ചു മോടികൂട്ടിവയ്ക്കും! അത് അത്യാവശ്യമാണെന്ന് ഏതൊരു കലാപ്രേമിയായ രാജ്യാഭിമാനിയും നിസ്സങ്കോചം പ്രസ്താവിക്കും.

ഹൈദരാലിയുമായി യുദ്ധം നടക്കുമ്പോൾ ഡിലെനോയി രോഗഗ്ര

www.malankaralibrary.com

സ്തനായിത്തീർന്ന കാര്യവും ഉദയഗിരിക്കോട്ടയിലേയ്ക്ക് മടങ്ങിപ്പോയ കാര്യവും ഇതിനുമുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഡിലെനോയിയെ തുടർന്ന് യുദ്ധത്തിന്റെ ചുമതല വഹിച്ചത് ഡച്ചുകാരനായ ലഫ്റ്റനന്റ് പീറ്റർ ഫ്ളോറിയും ഡിലെനോയിയുടെ ശിഷ്യനായിരുന്ന രാജാ കേശവദാസനുമായിരുന്നു.

തിരുവിതാംകൂർ സ്റ്റേറ്റ് മാനുവലിൽ കേശവപിള്ളയെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു. (പുറം 387). "കേവലം നിസ്സഹായനും നിരാശ്രയനുമായി കൊട്ടാരത്തിലെത്തിച്ചേർന്ന കേശവനെ രാമവർമ്മ മഹാരാജാവ് സ്വന്തം സംരക്ഷണയിലെടുക്കുകയും ആവശ്യമായ വിദ്യാഭ്യാസവും പരിശീലനവും നൽകുകയും 24-ാമത്തെ വയസ്സിൽ കൊട്ടാരം രായസമായി നിയമിക്കുകയും ചെയ്തു. ബുദ്ധിമാനും പ്രാപ്തനുമായ ആ ചെറുപ്പക്കാരന് പടിപടിയായി ഉദ്യോഗകക്കയറ്റം കിട്ടിക്കൊണ്ടിരുന്നു. ക്യാപ്റ്റൻ ഡിലെനോയിക്ക് കേശവപിള്ളയോട് അത്യന്തം വാത്സല്യമുണ്ടായിരുന്നു. തനിക്കറിയാവുന്ന സകല യുദ്ധതന്ത്രങ്ങളും ഡിലെനോയി കേശവപിള്ളയെ അഭ്യസിപ്പിച്ചിരുന്നു. ഭരണതന്ത്രത്തിൽ മഹാരാജാവെന്നപോലെ രണതന്ത്രത്തിൽ ഡിലെനോയി ആയിരുന്നു കേശവപിള്ളയുടെ ഗുരു. അത്യാവശ്യഘട്ടത്തിൽ വിജയകരമായി സേനയെ നയിക്കുന്നതിനുള്ള വിദഗ്ദ്ധമായ പരിശീലനം ഡിലെനോയിയിൽനിന്ന് കേശവപിള്ളയ്ക്ക് ലഭിച്ചിരുന്നു. ഡച്ച്, പോർട്ടുഗീസ് തുടങ്ങിയ ഭാഷകളും കേശവപിള്ള ഡിലെനോയിയിൽനിന്നുമാണ് പഠിച്ചത്. ഡിലെനോയി, രാജാകേശവദാസൻ, തച്ചിൽ മാത്തുതത്തരകൻ എന്നിവരുടെ സംയുക്തപ്രവർത്തനങ്ങളും തിരുവിതാംകൂറിന്റെ ചരിത്രത്തിൽ നിർണ്ണായകമായിരുന്നു.

## 10. ഡിലെനോയിയുടെ കുടുംബജീവിതം.

1741ൽ നടന്ന തിരുവിതാംകൂർ - ഡച്ച് ആക്രമണത്തിൽ തടവുകാരനായി പിടിക്കപ്പെട്ട ഫ്ളമിഷ് വംശജനായ യൂസ്റ്റേഷ്യസ് ഡിലെനോയിയുടെ ജനനത്തെപ്പററിയും കുടുംബത്തെപ്പറ്റിയും വിശദവിവരണങ്ങളൊന്നും നമുക്ക് ലഭ്യമല്ല. 1715 ജനുവരിയിൽ ആണ് ജനനം. 26-ാമത്തെ വയസ്സിലാണ് അദ്ദേഹം തടവുകാരനായി പിടിക്കപ്പെട്ടത്. തുടർന്ന് 38 വർഷക്കാലം അദ്ദേഹം തിരുവിതാംകൂറിനെ വിശ്വസ്തതാപൂർവ്വം സേവിച്ചു.

അഞ്ചുതെങ്ങിൽ താമസിച്ചിരുന്ന ഇംഗ്ലീഷ് വണിഗ്വരന്മാരുടെ പ്രമാണിയായ ഒരുദ്യോഗസ്ഥന്റെ പുത്രിയേയാണ് അദ്ദേഹം വിവാഹം ചെയ്തത്. അക്കാലത്ത് കേരളം സന്ദർശിച്ച പരന്ത്രീസ് ദേശസഞ്ചാരിയുടെ സെൻഡവസ്താ എന്ന ഗ്രന്ഥത്തിൽ ഡിലെനോയിയുടെ വിവാഹത്തെപ്പറ്റ രേഖപ്പെടുത്തിയിരിക്കുന്ന രസകരമായ കഥ തിരുവിതാംകൂർ സ്റ്റേറ്റു മാനുവലിൽ രണ്ടാം വാല്യത്തിൽ (പുറം 193) ഇപ്രകാരം ചേർത്തിരിക്കുന്നു. "അഞ്ചുതെങ്ങിലുള്ള ഇംഗ്ലീഷ് സെറ്റിൽമെന്റിലെ പ്രമാണിയുടെ പുത്രിയെ വിവാഹം കഴിക്കുന്നതിന് ഡിലെനോയി ആഗ്രഹിച്ചു. പെൺകുട്ടിയുടെ അച്ഛ

www.malankaralibrary.com

ന് ഈ വിവാഹം തീരെ സമ്മതമല്ലായിരുന്നു. അതിനാൽ ഇംഗ്ലീഷുകാരോട് യുദ്ധം ചെയ്യുമെന്ന് അവരെ ഭയപ്പെടുത്തുവാൻ ഡിലെനോയി മഹാരാജാവിനെ പ്രേരിപ്പിക്കുകയും അങ്ങനെ തന്റെ പ്രേമഭാജനത്തെ വിവാഹം കഴിക്കുകയും ചെയ്തു."

ഈ കഥയിൽ എത്രമാത്രം സത്യം ഉണ്ടെന്ന് നമുക്കറിയില്ല. ഏതായാലും മാർഗരററ് എന്നുപേരുള്ള ആ ആംഗ്ലേയവനിതയെത്തന്നെ അദ്ദേഹം വിവാഹം ചെയ്തു. സൽഗുണസമ്പന്നയും വിശ്വസ്തയുമായിരുന്ന മാർഗരറ്റ് ദീനാനുകമ്പയാലും പരസ്നേഹപ്രവർത്തിയാലും ജീവിതകാലത്തുതന്നെ എല്ലാവരുടെയും ആദരവ് നേടിയിരുന്നു.

ക്യാപ്റ്റൻ ഡിലെനോയിയുടെ ഭാര്യ മർഗ്ഗരീത്തയ്ക്ക് ആദ്യവിവാഹത്തിൽ ഒരു പുത്രിയുണ്ടായിരുന്നു. ഡിലെനോയിയുമായുള്ള വിവാഹത്തിൽ ഒരു പുത്രനും ഉണ്ടായിരുന്നു. 1745 ഓഗസ്റ്റ് 5-നാണ് പുത്രൻ ജനിച്ചത്. ജോൺ എന്നായിരുന്നു ആ പുത്രന്റെ പേര്. 20 വയസ്സാകുന്നതിനുമുമ്പുതന്നെ തിരുവിതാംകൂർ സൈന്യത്തിൽ ജനറൽ എന്ന മഹനീയ പദവിയിലേയ്ക്ക് ജോൺ ഉയർത്തപ്പെട്ടു. തിരുവിതാംകൂർ ചരിത്രത്തിൽ പി. ശങ്കുണ്ണിമേനോൻ എഴുതിയിരിക്കുന്ന ഒരു ഭാഗം കൂടി (പുറം 194, 195) ഉദ്ധരിക്കട്ടെ. "കർണ്ണാടക നവാബിന്റെ കീഴിൽ പാണ്ഡ്യൻ രാജ്യവിഭാഗത്തിന്റെ ഗവർണ്ണറായിരുന്ന മഹസ്ഖാന് സാഹിബ്ബ് തന്റെ യജമാനനുമായി കലഹമുണ്ടാക്കുകയും അതേത്തുടർന്ന് തിരുനൽവേലിയുടെ പടിഞ്ഞാറു ഭാഗത്ത് തിരുവിതാംകൂർ മഹാരാജാവിനുണ്ടായിരുന്ന കളക്കോട്ട എന്ന ദുർഗ്ഗം കൈവശപ്പെടുത്തുകയും ചെയ്തു. മഹാരാജാവിന്റെ നിവേദനഫലമായി നവാബ് മഹസ്സ്ഖാനെ സ്ഥാനഭ്രഷ്ടനാക്കി പകരം യൂസഫ് ഖാനെ ഗവർണ്ണറായി നിയമിച്ചു. പക്ഷെ മുഹസ്സ്ഖാൻ കീഴടങ്ങിയില്ല. അയാളെ കീഴടക്കുവാൻ നവാബും ഈസ്റ്റ് ഇന്ത്യാ കമ്പനിയും തിരുവിതാംകൂറിന്റെ സഹായം അഭ്യർത്ഥിച്ചു. അദ്ദേഹം തോവാളനിന്നും കൊല്ലത്തുനിന്നുമായി 15000 ഭടന്മാരെ അയച്ചുകൊടുത്തു. കളക്കോട്ട സമരം മൂന്നു നാലു കൊല്ലത്തേയ്ക്കു നീണ്ടുനിന്നു. ഈ ദുർഗ്ഗോപരോധത്തിൽവച്ച് തിരുവിതാംകൂർ സൈന്യത്തിലെ ഒരു ജനറൽ ആയിരുന്ന മേജർ ഡിലെനോയിക്ക് മരണകാരണമായ മുറിവേൽക്കുകയും അധികം താമസിയാതെ 1765 സെപ്റ്റംബർ 16-ാം തീയതി ശനിയാഴ്ച അദ്ദേഹം കർത്താവിൽ നിദ്ര പ്രാപിക്കുകയും ചെയ്തു." ക്യാപ്റ്റൻ ഡിലെനോയി നിർമ്മിച്ച ഉദയഗിരിക്കോട്ടയിൽ ജോൺ ഡിലെനോയിയുടെ മൃതദേഹം സംസ്കരിക്കപ്പെട്ടു. ക്യാപ്റ്റൻ ഡിലെനോയിയുടെ കുഴിമാടത്തിന്റെ ഇടതുഭാഗത്താണ് അദ്ദേഹത്തിന്റെ കുഴിമാടം സ്ഥിതിചെയ്യുന്നത്.

ജോൺ ഡിലെനോയിയുടെ കല്ലറയിൽ ലത്തീൻ ഭഷയിൽ എഴുതിയിരിക്കുന്നു ശിലാശാസനത്തിന്റെ പരിഭാഷ എം.ഒ. ജോസഫ് നെടുംകുന്നം വലിയ കപ്പിത്താൻ എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം ചേർത്തിരിക്കുന്നു. (പുറം 77).

www.malankaralibrary.com

"ഈ അടയാളത്തിൽ ആത്മാവുകൾ സ്വർഗ്ഗത്തിലേയ്ക്കു പോകുന്നു. ഭക്തനും സാംയത്രകനുമായ ക്രിസ്ത്യാനീ, നിന്നു ശ്രദ്ധിക്കുക; തിരുവിതാംകൂർ രാജ്യത്തിലെ സൈന്യത്തിലെ നിർഭീകനും ധീരനുമായ ജനറൽ ജോൺ എവുസ്താക്കിയൂസ് ബനദിക്തൂസ് ഡിലെനോയി ഇവിടെ ശയിക്കുന്നു. അദ്ദേഹം 1745 ഓഗസ്റ്റ് മാസം 5-ാം തീയതി ബുധനാഴ്ച ജാതനായി. മധുരാതിർത്തിയിൽപ്പെട്ട കളക്കോട്ട എന്ന ദുർഗ്ഗം ഉപരോധിച്ചുകൊണ്ടിരിക്കേ മരണകാരകമായ മുറിവേറ്റു. ആ മുറിവുകൊണ്ടു തന്നെ 1765 സെപ്റ്റംബർ 16-ാം തീയതി ശനിയാഴ്ച പരിശുദ്ധ റോമാസഭയുടെ എല്ലാ സംസ്കാരകർമ്മങ്ങളാലും സുരക്ഷിതനായി മരണം പ്രാപിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ആത്മാവിന്റെ രക്ഷയ്ക്കുവേണ്ടി ക്രിസ്തീയ പരസ്നേഹം അനുശാസിക്കുന്നപോലെ സർവ്വശക്തനോട് പ്രാർത്ഥിക്കുവാൻ മറക്കരുതേ. സമാധാനത്തിൽ ആശ്വസിക്കട്ടെ, ആമ്മേൻ.

തന്റെ ഏകമകന്റെ വേർപാട് ഡിലെനോയിയെ വല്ലാതെ ദുഃഖത്തിലാഴ്ത്തി. ആ ദുഃഖത്തോടുകൂടിയാണ് ഡിലെനോയിയും ഭാര്യ മർഗരററും കാലം തള്ളിനീക്കിയത്.

ഡിലെനോയിയുടെ മരണശേഷവും അദ്ദേഹത്തിന്റെ ഭാര്യയും ആദ്യ വിവാഹത്തിലെ പുത്രിയും ഉദയഗിരിക്കോട്ടയിൽ തന്നെ താമസിച്ചിരുന്നു. പാറേമ്മാക്കൽ തോമ്മാക്കത്തനാർ വർത്തമാനപ്പുസ്തകത്തിൽ (പുറം 67,68) ഇപ്രകാരം എഴുതിയിരിക്കുന്നു. "എന്നാൽ കപ്പിത്താൻ മരിച്ചതിന്റെ ശേഷം തന്റെ കെട്ടിയവളും ഇവൾക്കു മുമ്പിലത്തെ കെട്ടിലുണ്ടായിരുന്ന ഒരു മകളും ഉണ്ടായിരിക്കകൊണ്ട് വീട്ടുകാര്യം ക്ലേശിപ്പാനും കപ്പിത്താന്റെ കെട്ടിയവൾക്കുള്ള മകളെ കെട്ടുവാനുമായിട്ട് കോഴിക്കോട്ട് നല്ല തറവാട്ടിലുള്ള മത്തായി എന്നുപേരുള്ള ഒരു കുപ്പായക്കാരൻ വന്നു കപ്പിത്താന്റെ വീട്ടിൽ കൂടെ പാർത്തുവരികയും ചെയ്യുന്നു. വിശേഷിച്ചും കപ്പിത്താന്റെ കാലം കഴിഞ്ഞതിനുശേഷം, രാജാവി കപ്പിത്താൻ ജീവിച്ചിരുന്ന നാൾ കൊടുത്തിരുന്ന മാസപ്പടിയും ബഹുമാനവും തന്റെ കെട്ടിയവൾക്ക് കൊടുക്കുന്നതിലും ഈഴൽ വരുത്തിയില്ല. എങ്കിലും കോട്ടയിലുള്ള കല്പനയും യജമാനസ്ഥാനവും വേറെ ഒരു പറങ്കിക്ക് കൊടുക്കുകയും ചെയ്തു."

ഗോവർണ്ണദോർ എഴുതിയിരിക്കുന്ന പറങ്കി ലഫ്റ്റനന്റ് പീറ്റർ ഫ്ളോറി ആകാനാണ് സാദ്ധ്യത. തിരുവിതാംകൂർ സൈന്യത്തിന്റെ നായകനും ഉദയഗിരിക്കോട്ടയുടെ മേധാവിയുമായിരുന്ന പീറ്റർ ഫ്ളോറി 1780 മാർച്ച് 16-ാം തീയതി നിര്യാതനായി. അദ്ദേഹത്തിന്റെ കുഴിമാടവും ഉദയഗിരിക്കോട്ടയിലാണ്. തിരുവിതാംകൂർ സൈന്യത്തിന്റെ ഒരു പ്രധാന സേനാനായകനായിരുന്ന മേജർ പി. ചാറൽസ് എവറാർട്ട് എന്ന വീരപരാക്രമി (33-ാമത്തെ വയസ്സിൽ മരണം) യുടെ കുഴിമാടവും ഈ കോട്ടയിൽ തന്നെയാണ്. ഇതുകൂടാതെ കർണ്ണൽ റൗസിന്റെ ഭാര്യ ആനിറോസ്, ക്യാപ്റ്റൻ ആർതർ

www.malankaralibrary.com

ഹുജസ്സിന്റെ രണ്ടു പുത്രിമാർ എന്നിവരെയും അടക്കം ചെയ്തത് ഉദയഗിരി ക്കോട്ടയിൽ തന്നെയാണ്.

മാർഗരററ് ഡിലെനോയി സമൂഹത്തിൽ വളരെ സ്വാധീനം ചെലുത്തിയ സ്ത്രീ ആയിരുന്നു. പുത്രന്റെയും ഭർത്താവിന്റെയും നിര്യാണത്തിനു ശേഷവും സാധുക്കളുടെ മാതാവ് എന്ന പേരിന് അനുയോജ്യമാം വിധം പ്രവർത്തിച്ചുകൊണ്ടിരുന്നു.

1782 സെപ്റ്റംബർ 11-ാം തീയതി അവർ നിര്യാതയായി. ഉദയഗിരി ക്കോട്ടയിൽ ഭർത്താവിന്റെ കല്ലറയ്ക്കു സമീപം അവളുടെ മൃതദേഹം സംസ്കരിച്ചു.

ആ കല്ലറയിൽ ലത്തീൻ ഭാഷയിൽ എഴുതിയിരിക്കുന്ന ശിലാശാസ നത്തിന്റെ പരിഭാഷ താഴെ കൊടുത്തിരിക്കുന്ന വിധം എം. ഒ. ജോസഫ് നെടുംകുന്നം രേഖപ്പെടുത്തിയിട്ടുണ്ട്.

"നാം കുരിശാൽ മഹത്വീകരിക്കപ്പെടും. അതിപ്രഖ്യാതനും അത്യ ജയ്യനുമായ ജനറൽ ബനഡിക്ട് യൂസ്റ്റേഷ്യസ് ഡിലെനോയിയുടെ അതി വിശ്വസ്തയായ പത്നി ലേഡി മർഗരീത്താ ഡിലെനോയിയുടെ കുഴിമാടോപ രിയാണ് ഈ ശിലാശാസനം സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. അവരുടെ നിരന്തരവും മഹത്തുമായ ദാനധർമ്മാദികളാൽ അവർ എല്ലാവരാലും "സാധുക്കളുടെ മാതാവ്" എന്ന് ആത്മാർത്ഥമായി വിളിക്കപ്പെട്ടിരുന്നു. ഇതിനാലും മററു സൽഗുണങ്ങളാലും അവർ ശാശ്വതസ്മരണയ്ക്ക് അർഹയായിരിക്കുന്നു. 1782 സെപ്റ്റംബർ മാസം 11-ാം തീയതി അവർ മരിച്ചു. സമാധാനത്തിൽ ആശ്വസിക്കട്ടെ. ആമ്മേൻ."

ക്യാപ്റ്റൻ ഡിലെനോയി മാതൃകാപരമായ ജീവിതം നയിച്ച ഒരു ക ത്തോലിക്കനായിരുന്നു. തന്റെ ബഹുമുഖമായ ഔദ്യോഗിക ജോലിത്തിരക്കി നിടയിലും തന്റെ മതപരമായ ജീവിതത്തെ ഉപര്യുപരി പരിപുഷ്ടമാക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു.

സ്വന്തം ആവശ്യത്തിനായി സ്വന്തം ചിലവിൽ ഉദയഗിരിക്കോട്ടയിൽ അദ്ദേഹം ഒരു ദേവാലയം നിർമ്മിക്കുകയും ചെയ്തു. കേരളത്തിലെ പല ദേവാലയങ്ങൾക്കും രാജകീയ സംഭാവനകൾ വാങ്ങിക്കൊടുക്കുന്നതിനും ഡിലെനോയി ശ്രമിക്കുകയുണ്ടായി. വരാപ്പുഴ മിഷ്യന്, കൊച്ചി രാജാവ് കൊടുത്തിരുന്ന സ്ഥലങ്ങൾക്ക് കരം ഒഴിവായി വിട്ടുകൊടുത്തതും ഡിലെ നോയിയുടെ ശ്രമഫലമായിട്ടാണ്.

ക്യാപ്റ്റൻ ഡിലെനോയി നീലകണ്ഠപ്പിള്ള എന്നയാളെ ദത്തു പുത്രനായി സ്വീകരിച്ചു. അദ്ദേഹമാണ് പിന്നീട് ദേവസഹായം പിള്ള എന്ന പേരിൽ അറിയപ്പെട്ടത്. പത്മനാഭപിള്ള ക്രിസ്തുമതം സ്വീകരിച്ചത് ഡിലെനോയിയുമായുള്ള ബന്ധത്തിനുശേഷമാണ്. 1745-ൽ ക്രിസ്തുമതം സ്വീകരിച്ച ദേവസഹായംപിള്ള 1752-ൽ രക്തസാക്ഷിത്വം വരിച്ചു. ക്യാപ്റ്റൻ ഡിലെനോയിയുടെ ജീവിതത്തിലെ ഏറ്റവും ദുഃഖകരമായ ഒരു സംഭവ

www.malankaralibrary.com

മായിരുന്നു ദേവസഹായം പിള്ളയുടെ രക്തസാക്ഷിത്വം. അതുപോലെ ദുഃഖകരമായ ഒന്നായിരുന്നു തന്റെ മകന്റെ മരണം. താങ്ങാനാവാത്ത ദുഃഖം പേറിക്കൊണ്ടാണ് നിരന്തരമായ സൈനികസേവനം നിർവ്വഹിച്ചത്.

## 11. ചരിത്രഗ്രന്ഥങ്ങളിൽ

ക്യാപ്റ്റൻ ഡിലെനോയിയെപ്പററി 1947 ഓഗസ്ററിൽ ഒരു ഗ്രന്ഥം പ്രമുഖ ചരിത്രകാരനായ ശ്രീ. എം.ഒ. ജോസഫ് നെടുങ്കുന്നം രചിക്കുകയുണ്ടായി. ക്യാപ്റ്റൻ ഡിലെനോയി തിരുവിതാംകൂറിന് ചെയ്തിരിക്കുന്ന മഹത്തായ സേവനങ്ങളെപ്പറ്റി പല അംഗീകൃതങ്ങളായ ചരിത്രഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഗ്രന്ഥത്തിൽ എടുത്ത് ഉദ്ധരിച്ചിട്ടുണ്ട്. അവ താഴെ ചേർക്കുന്നു.

### 1. തിരുവിതാംകൂർ സ്റ്റേറ്റ്മാനുവൽ വാല്യം 3.

(നാഗമയ്യ പുറം 457, 458)

ആധുനികരീതിയിലുള്ള തോക്കുകളും വാളുകളും പീരങ്കികളും മറ്റും അദ്ദേഹം പണികഴിപ്പിച്ചു. ഉദയഗിരിക്കോട്ടയിൽ ഒരു കോട്ട കെട്ടുകയും ആയുധനിർമ്മാണശാല ഏർപ്പെടുത്തുകയും ചെയ്തു. തിരുവിതാംകൂർ സൈന്യത്തിന് യുദ്ധതന്ത്രപരിശീലനം നൽകി. രാജ്യത്തിന്റെ സംരക്ഷണത്തിന് അത്യാവശ്യമായ എല്ലാം അദ്ദേഹം ഉണ്ടാക്കി. തന്റെ സ്വദേശീയരിൽത്തന്നെ ചിലരെ സൈനികോദ്യോഗസ്ഥന്മാരായി നിയമിച്ചു. സൈന്യത്തെമുഴുവൻ നവീനരീതിയിൽ പുർണ്ണമായി സംഘടിപ്പിച്ചു. ആലുവാപ്പുഴയ്ക്ക് അപ്പുറത്ത് ആലങ്ങാടുമുതൽ കൊടുങ്ങല്ലൂർ വരെയുള്ള സ്ഥലങ്ങളിൽനിന്ന് സാമൂതിരിയെ അദ്ദേഹം ഓടിച്ചു. ഒരു ചെറിയ വിഭാഗം കൊച്ചീരാജാവിന്റെ സഹായത്തിന് വിട്ടുകൊണ്ട് എല്ലാ കോട്ടകളുടെയും മേധാവിത്വം അദ്ദേഹം കൈവശപ്പെടുത്തി. സൈന്യത്തെ യൂറോപ്യൻ സൈന്യങ്ങൾക്ക് തുല്യമാക്കി. കീഴടക്കിയ ഭൂപ്രദേശങ്ങളെ പല വിഭാഗങ്ങളായി തിരിച്ച് അവിടേയ്ക്ക് സൈന്യങ്ങളെ അയയ്ക്കുകയും അവരെ സൈനികരീതിയിൽ രാജ്യത്തിൽക്കൂടെ മാർച്ചു ചെയ്യിപ്പിച്ച് ജനങ്ങളെ കീഴമർത്തി വെച്ചുകൊണ്ടിരിക്കുകയും ചെയ്തു. മാർത്താണ്ഡവർമ്മ മഹാരാജാവ് നാടുനീങ്ങിയപ്പോൾ പരിപൂർണ്ണസമാധാനവും ശാന്തിയും പ്രതിഷ്ഠിതമായിട്ടുള്ള രാജ്യത്തെ.... രാമവർമ്മ മഹാരാജാവിന് ഏൽപ്പിച്ചുകൊടുത്തു.

### 2. ആധുനിക തിരുവിതാംകൂർ ചരിത്രം

(തിരുവിതാംകൂർ ഗവൺമെന്റ് പ്രസിദ്ധീകരണം പുറം116,117)

ആയുസ്സിന്റെ ഭൂരിഭാഗവും പ്രയോജനകരമായ സേവനത്തിനായി തിരുവിതാംകുറിനുവേണ്ടി അർപ്പിച്ച ആ മഹായോദ്ധാവിന്റെ സ്മരണ ഈ നാട്ടുകാർ കൃതജ്ഞതാപുർവ്വം പുലർത്തുന്നു. 916-ന് ശേഷം തിരുവിതാംകൂറിനുണ്ടായിട്ടുള്ള വിജയം മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ

www.malankaralibrary.com

വ്യക്തിഗതമായ മഹത്വത്തെയെന്നപോലെ, തിരുവിതാംകൂർ സൈന്യത്തിന്റെ ശൗര്യപരാക്രമണങ്ങളെയും ഡിലെനോയിയുടെ ശിക്ഷണത്തെയും കൂടി ആശ്രയിച്ചിരിക്കുന്നു.... കേരളത്തിൽ പല സ്ഥലങ്ങളിലും ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലും വെച്ച് തിരുവിതാംകൂർ സൈന്യം നേടിയ വിജയങ്ങൾ ഈ രാജ്യത്തിന് അത്യന്തം യശസ്കരങ്ങളായിരുന്നു. അവർ സമ്പാദിച്ച കീർത്തിയുടെ ഒരു ഭാഗത്തിന് ഡിലെനോയിയും അവകാശിയാണ്. തിരുവിതാംകൂറിന്റെ വികസനദശയെന്നു പറയാവുന്ന ആ ഘട്ടത്തിൽ രാജ്യത്തിന്റെ സ്ഥാപനത്തിനും സ്ഥിരീകരണത്തിനുംവേണ്ടി സഹായിച്ച പ്രശസ്തവ്യക്തികളിൽ ഒരാളായി ഡിലെനോയിയെ എന്നും സ്മരിക്കുന്നതാണ്.

**3. തിരുവിതാംകൂർ ചരിത്രം (എം.ആർ. ബാലകൃഷ്ണപിള്ള പുറം.73)**

ഇംഗ്ലീഷുകാരുടെ പ്രശംസയ്ക്കുപോലും പാത്രീഭവിക്കത്തക്കവിധത്തിൽ തിരുവിതാംകൂർ സൈന്യത്തെ ഉത്തമരീതിയിൽ പരിശീലിപ്പിച്ചത് സ്വധർമ്മനിരതനായിരുന്ന ഈ സേനാനായകനാണ്. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെയും രാമവർമ്മ മഹാരാജാവിന്റെയും ഭരണകാലങ്ങളിൽ തിരുവിതാംകൂറിനുണ്ടായ വിജയങ്ങൾക്ക് ഏക കാരണഭൂതൻ ഈ കപ്പിത്താനായിരുന്നു. രണ്ടു മഹാരാജാക്കന്മാരെയും ഭക്തിയോടെ സേവിച്ച ഈ സേനാധിപതിയുടെ ദേഹത്തെ വലിയ ബഹുമാനത്തോടുകൂടി ഉദയഗിരി ക്കോട്ടയിൽതന്നേ അടക്കം ചെയ്യുകയും അയാളുടെ സേവനത്തെപ്പറ്റി സൂചിപ്പിച്ച് ഒരു ശിലാലേഖനം സ്ഥാപിക്കുകയും ചെയ്തു.

**4. മലബാർ മെയിൽ ലേഖനം (1939 ജനുവരി 29)**

ഡിലെനോയിയുടെ യശഃശരീരം ഇന്നും എന്നും അനശ്വരമായിത്തന്നെ അവശേഷിക്കുന്നു. എന്നാൽ വീരതയുടെയും, വിശ്വസ്തതയുടെയും സ്വാമി ഭക്തിയുടെയും കേളീരംഗമായിരുന്ന ആ വെളുത്തു ചുമന്നു മാംസളമായിരുന്ന മാംസശരീരമോ ഇതാ തെക്കൻ തിരുവിതാംകൂറിലെ ഒരു പഴയ കുന്നിന്റെ മുകളിലെ ഏകാന്തതയിൽ, ഭീകരതയുടെ പ്രശാന്തതയിൽ നിത്യദുഃഖത്തിന്റെ പച്ചപിടിച്ചുകാണുന്ന ആ ശവകുടീരത്തിൽ അനങ്ങാതെ കിടക്കുന്നു! അനേകദിവസത്തെ വഴിക്കപ്പുറം, കരകാണാൻ പാടില്ലാത്ത കടലിന്നക്കരെ, ചക്രവാളത്തിന്റെ ഏകാന്തമായ അങ്ങേച്ചെരുവിൽ, എങ്ങോ ജനിച്ച ഒരു വെറും വെള്ളക്കാരൻ, ഒരു നാട്ടുരാജാവിന്റെ വിശ്വസ്തമിത്രവും വാത്സല്യപാത്രവുമായി ജീവിച്ച്, ഒരു യഥാർത്ഥ രാജഭക്തനുചേർന്ന ശാന്തിയും സമാധാനവും കൈക്കൊണ്ട്, മലയാളക്കരയിലെ ഒരു പച്ചക്കുന്നിൽ കൃതകൃത്യനായി ദീർഘനിദ്ര കൊള്ളുന്നു. ഇത്തരം മഹത്തരമായ ജീവിതത്തിന് അവകാശികളായി ലോകചരിത്രത്തിൽ അധികം പേരെ കാണാൻ കഴിയുകയില്ല. ജനറൽ ഡിലെനോയി തിരുവിതാംകൂറുകാരുടെ മാത്രമല്ല, കേരളീയരുടെ മുഴുവൻ വലിയകപ്പിത്താനാണെന്ന് നാം അഭിമാനപൂർവ്വം സ്മരിക്കണം."

www.malankaralibrary.com

5. **വർത്തമാനപ്പുസ്തകം (പാറേമ്മാക്കൽ ഗോവർണ്ണദോർ പുറം 67,68)**

ക്യാപ്റ്റൻ ഡിലെനോയി ദിവംഗതനായി അനേകവർഷങ്ങൾക്കു ശേഷം രചിക്കപ്പെട്ട ഗ്രന്ഥത്തിലെ ഉദ്ധരണികളാണ് മുമ്പ്ചേർത്തിട്ടുള്ളത്. ഡിലെനോയിയുടെ മരണത്തിന്റെ പിറ്റേകൊല്ലം അദ്ദേഹത്തിന്റെ ഭവനം സന്ദർശിച്ച ഒരു സഞ്ചാരിയാണ് പാറേമ്മാക്കൽ തോമ്മാ ഗോവർണ്ണദോർ)

"തൃപ്പാപ്പൂസ്വരൂപമെന്ന മഹാരാജാവ് ഉടേതമ്പുരാൻ തനിക്ക് അനുവദിച്ച മുഷ്കരത്വത്താലെയും വലിമയാലെയും മലങ്കര ഒക്കെയും പിടിച്ചതിന്റെ ശേഷം തന്റെ മുഷ്കരത്വത്തിൻകീഴ് ആകുന്ന നാളുകളിൽ തന്റെ പടപ്പുരുഷാരമൊക്കെയ്ക്കും ആകമാനമായ വലിയ യജമാനനും ഭരിക്കുന്നവനുമായി എവുസ്താക്കിയോ, ബെനദിക്തോ സാലണുവെ, എന്ന പേരു കേട്ട ഒരു ഫ്രാൻസുകാരൻ ആയിരുന്നു. എന്നാൽ ഈ ഫ്രാൻസുകാരൻ പടത്തായം നല്ലവണ്ണം അറിഞ്ഞിരിക്കുകയും പടയ്ക്ക് വളരെ പരിജ്ഞാനം ഉണ്ടായിരിക്കുകയും ചെയ്തതുകൊണ്ട് രാജാവിന്റെ പടപ്പുരുഷാരത്തെ നല്ല ക്രമത്തുംവഴി ഭരിച്ചു മറ്റു മലങ്കരെയുള്ള രാജാക്കളിൽ പലരുടെയും നാടു പിടിച്ചടക്കി രാജാവിന്റെ നാടു വളർമ്മിച്ചതിനെക്കൊണ്ട് തന്റെ പ്രയത്നവും വിശ്വാസവും രാജാവു കണ്ട് സമ്മതിച്ചു തന്റെ നാടൊക്കെയും മേലും മുഷ്കരത്വവും യജമാനസ്ഥാനവും തന്റെ രാജിതത്തിന്റെ നാമത്തിൽ വേണാട്ടു കപ്പിത്താനെന്നുള്ള പേരും തനിക്കുകൊടുത്തതുമല്ലാതെ തനിക്കു തന്നോടുകൂടെ രാജാവിനു ചിറ്റാഴ്മ ചെയ്യുന്ന എറോപ്പക്കാററു ചിലർക്കും ഇരിപ്പിടമായിട്ട് തന്റെ രാജിതത്തിന്റെ തെക്കേ അറുതികളിലുള്ള ഉദയഗിരി എന്ന കോട്ട ഒഴിഞ്ഞുകൊടുക്കുകയും ചെയ്തു.

ഇങ്ങനെ വേണാട്ടുകപ്പിത്താൻ പലനാൾ ആ കോട്ടയിൽ പാർത്തു രാജാവിന് ചിറ്റാഴ്മ ചെയ്തതിന്റെ ശേഷം തനിക്കുണ്ടായിരുന്ന തന്യൻ പുത്രൻ രാജാവിനുവേണ്ടിയുള്ള പടയിൽ മരിക്കുകയും, കപ്പിത്താൻ വയസ്സു കാലമാകകൊണ്ടും മകൻ മരിച്ചുപോയ ക്ലേശംകൊണ്ടും വളരെ താമസം കൂടാതെ മരിച്ചു ഉദയഗിരിയിൽ പള്ളിക്കൽ തന്റെ മകന്റെ അരികേതന്നെ താനും അടക്കപ്പെടുകയും ചെയ്തു. .. അപ്പോഴോ കാര്യമൊക്കെയും ഇങ്ങനെ ഇരിക്കുന്ന മദ്ധ്യേ വലിയ കപ്പിത്താൻ മരിച്ചു ആണ്ടു കഴിയുംമുമ്പിൽ ബഹുമാനപ്പെട്ട കരിയാറ്റിൽ മല്പാനും ശേഷം ഞങ്ങൾ എല്ലാവരും ഉദയഗിരിക്കോട്ടയിൽ ചെല്ലുകയും ചെയ്തു."

6. **കേരളവും ലന്തക്കാരും (സർദാർ കെ.എം. പണിക്കർ പുറം 90,91)**

മാർത്താണ്ഡവർമ്മയുടെ രാജ്യതന്ത്രജ്ഞതയുടെ അസ്തിവാരം തന്നെ എതിർക്കുന്ന ദേശവാഴികളെ കീഴടക്കുന്നതിൽ വൈദേശികസഹായം ഉപയോഗിക്കുക എന്നതായിരുന്നു. തന്റെ നിലയെ ഉറപ്പിക്കുന്നതിനായി ; സ്വജീവിതകാലത്തിൽ രണ്ടു പ്രാവശ്യം, വിദേശരാജ്യങ്ങളുടെ സഹായത്തെ അദ്ദേഹം തേടിയിട്ടുണ്ട്. കൂലി കൊടുത്താൽ കിട്ടുന്ന ഒരുസൈന്യം

www.malankaralibrary.com

അനിയന്ത്രിതശാസിതരായ ചില വൈദേശിക ഭരണാധികാരികൾ എന്നി അസ്തിവാരദ്വന്ദ്വങ്ങളിലാണ് ഈ സ്വേച്ഛാധികാരപ്രമത്തമായ രാജ്യം അധിഷ്ഠിതമായിരുന്നത്. പ്രസ്തുത അസ്തിവാരങ്ങൾ രണ്ടും, കേരളത്തിലെ ജനസാമാന്യത്തിന്റെ ശത്രുക്കളും അതിലെ സ്ഥാപനങ്ങളോട് അനുഭാവമില്ലാത്തവരുമായിരുന്നു. തിരുവിതാംകൂർ സ്ഥാപനം യഥാർത്ഥത്തിൽ തമിഴരുടെ ഭാവനിലമാകുന്നു. ഉത്തരദിക്കിലേക്കുള്ള അതിന്റെ പുരോഗമനം കേരളസംസ്കാരത്തിന്മേൽ തമിഴ് സംസ്കാരത്തിനുള്ള ഒരു വിജയമാകുന്നു. തന്റെ വംശത്തെ അഭിവൃദ്ധിപ്പെടുത്തുവാനുള്ള ആഗ്രഹത്തിൽ മാർത്താണ്ഡവർമ്മ, രാമയ്യനെപ്പോലെയുള്ള വിദഗ്ദ്ധന്മാരെ തമിഴന്മാരുടെയും, ഡിലെനോയിയെപ്പോലുള്ള യശസ്കാമികളായ സാഹസികന്മാരെയും കൂട്ടുപിടിച്ചു.

തന്റെ രാജ്യത്തിലെ നായർ പ്രഭുക്കന്മാരെ ഉന്മൂലനം ചെയ്യുന്നതിനും, ഉത്തരഭാഗങ്ങളിലെ നായർ രാജ്യങ്ങളെ കീഴടക്കുന്നതിനും മാർത്താണ്ഡവർമ്മ സ്വീകരിച്ച ഉപകരണങ്ങൾ പ്രധാനമായും വൈദേശികമായിരുന്നു. കൂലിക്കുവേണ്ടി സമരം നടത്തുന്ന ഒരു വൈദേശികസൈന്യത്തിലാണ് അദ്ദേഹം തന്റെ രാജ്യം വിസ്തീർണ്ണപ്പെടുത്തിയത്. പ്രധാനമായി തമിഴരെന്നു പറയാവുന്ന ഏതാനും സ്വേച്ഛാപ്രഭുക്കളുടെ സഹായത്തോടു കൂടിയാണ് അദ്ദേഹം തന്റെ രാജ്യം ഭരിച്ചത്."

**7. വലിയകപ്പിത്താൻ (എം.ഒ. ജോസഫ് നെടുങ്കുന്നം പുറം 91,92)**

മുകളിൽപറഞ്ഞിരിക്കുന്ന അഭിപ്രായത്തെ വിലയിരുത്തിക്കൊണ്ട് വലിയ കപ്പിത്താൻ എന്ന എം.ഒ. ജോസഫ് നെടുങ്കുന്നത്തിന്റെ ഗ്രന്ഥത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"എട്ടുവീട്ടിൽ പിള്ളമാർ മുതലായ നായർ പ്രഭുക്കന്മാർ രാജ്യത്തിൽ അസമാധാനമുണ്ടാക്കുന്നതിനും, 'രാജവംശത്തെ തന്നെ ഉന്മൂലനാശം ചെയ്യുന്നതിനും എടുത്തിരുന്ന തന്ത്രങ്ങളെന്തൊക്കെയാണെന്ന് തിരുവിതാംകൂർ ചരിത്രം വിശദമാക്കുന്നുണ്ട്. മലയാള സാഹിത്യത്തിലെ അദ്വിതീയ മഹാകാവ്യമായ "ഉമാകേരളവും" അദ്വിതീയാഖ്യായികയായ "മാർത്താണ്ഡവർമ്മയും" ആ ഇടപ്രഭുക്കന്മാരുടെ കുനയങ്ങളെ ഒരിക്കലും മാഞ്ഞുപോകാത്തക്കവണ്ണം ചിത്രീകരിച്ചിട്ടുണ്ട്. വേണാടിന് പുറമേയുള്ള നായന്മാർ തങ്ങളുടെ രാജാക്കന്മാരെ സഹായിക്കുകയും തദ്വാരാ മാർത്താണ്ഡവർമ്മയെ എതിർക്കുകയും ചെയ്തതല്ലാതെ സ്വാമിദ്രോഹം ചെയ്ത് ശത്രുപക്ഷത്തിൽ ചേർന്നുവെന്ന് കരുതുന്നത് അക്ഷന്തവ്യമായ ഒരു അപരാധമായിരിക്കുമല്ലോ. എന്നുതന്നെയല്ല കീഴടക്കിയ രാജ്യങ്ങളിലെ നായന്മാർ വളരെക്കാലത്തേയ്ക്ക് മാർത്താണ്ഡവർമ്മയെ എതിർത്തുകൊണ്ടിരുന്നുവെന്നും ഈ നിലയിൽ ആധുനിക തിരുവിതാംകൂറിന്റെ നിർമ്മാണത്തിൽ നായന്മാർക്കോ സ്വദേശീയരായ മറ്റു സവർണ്ണഹിന്ദുക്കൾക്കോ പറയത്തക്ക കൈയ്യൊന്നുമില്ലെന്നുള്ളത് അനിഷേധ്യമായ ഒരു ചരിത്രവസ്തുതയായിരിക്കുന്നു.

www.malankaralibrary.com

മാർത്താണ്ഡവർമ്മയുടെ വലത്തു കൈയ്യും ഇടത്തുകൈയ്യും പോലെ അദ്ദേഹത്തെ സഹായിച്ചുകൊണ്ടിരുന്നത് തമിഴനായ രാമയ്യനും ഐറോപ്യനായ ഡിലെനോയിയുമായിരുന്നു. അദ്ദേഹം കൂലിക്ക് വരുത്തിയിരുന്ന മറവപ്പടയും, തെക്കൻ തിരുവിതാകൂറിലെ മത്സ്യവേധികളിൽനിന്ന് ഡിലെനോയി സജ്ജമാക്കിയ ഏതദ്ദേശീയസൈന്യവുമാണ് ആധുനിക തിരുവിതാംകൂറിന്റെ വികാസത്തിൽ മാർത്താണ്ഡവർമ്മയെ സഹായിച്ചിട്ടുള്ളത്. രാമയ്യൻ, ഡിലെനോയി, എന്ന രണ്ടു വ്യക്തികളുടെ സഹായം അക്കാലത്ത് വേണാടിന് ലഭിച്ചില്ലായിരുന്നുവെങ്കിൽ വേണാട് ഒരിക്കലും ഇന്നത്തെ തിരുവിതാംകൂറായി വികസിക്കുകയില്ലായിരുന്നു. അതുകൊണ്ടാണ് ഡിലെനോയി ആധുനിക തിരുവിതാംകൂറിന്റെ സൃഷ്ടാവ് എന്ന് വിളിക്കപ്പെടുന്നത്."

## 12. രാമയ്യൻ ദളവയും ഡിലെനോയിയും

തമിഴ് ബ്രാഹ്മണനായ രാമയ്യൻ ദളവായും വിദേശിയായ ഡിലെനോയിയും തിരുവിതാംകൂറിന്റെ സൃഷ്ടാക്കളാണെന്ന് പറഞ്ഞല്ലോ. അവർ ഇരുവരും രാജ്യത്തിന് ചെയ്ത സേവനങ്ങളെ വിസ്മരിക്കുവാനും സാദ്ധ്യമല്ല. ഡിലെനോയി മാതൃകാപരമായ ജീവിതം നയിച്ച ഒരു കത്തോലിക്കനായിരുന്നു. മുപ്പത്തിയാറു വർഷം തിരുവിതാംകൂറിനെ വിശ്വസ്തതാപൂർവ്വം സേവിച്ച ഡിലെനോയ തന്റെ സ്വാധീനമുപയോഗിച്ച് എന്തെങ്കിലും നേട്ടമുണ്ടാക്കുവാൻ ശ്രമിച്ചില്ല. അർപ്പണബോധത്തോടെയുള്ള പ്രവർത്തനമാണ് നടത്തിയത്. ഒരു കത്തോലിക്കനായിരുന്ന അദ്ദേഹം കത്തോലിക്കാ സമുദായത്തിന്റെ വളർച്ചയിൽ അതീവ തല്പരനായിരുന്നു. പക്ഷെ തന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ അക്കാര്യത്തിനു വേണ്ടി വിനിയോഗിച്ചിട്ടില്ല. മഹാരാജാവിന് എല്ലാ കാര്യത്തിലും ഡിലെനോയിയെ വിശ്വാസമായിരുന്നു. ഹിന്ദു ക്രൈസ്തവ മൈത്രിക്കു വേണ്ടി ഡിലെനോയി ശ്രമിച്ചു. ആ രംഗത്തെ ഡിലെനോയിയുടെ ശ്രമങ്ങളുടെ സ്മരണയ്ക്കായിട്ടാണ് തക്കല കുമാരകോവിൽ കൊടിമരത്തിന്റെ ഒരു മൂലയിൽ അദ്ദേഹത്തിന്റെ സ്മരണാചിഹ്നം ഉണ്ടാക്കിയിരിക്കുന്നത്.

രാമയ്യൻ ദളവ, ഡിലെനോയിയിൽനിന്നും തികച്ചും വ്യത്യസ്തനായിരുന്നു. വള്ളിയൂരിനടുത്തുള്ള ഏർവാടി എന്ന ഗ്രാമത്തിലാണ് രാമയ്യൻ ജനിച്ചത്. അദ്ദേഹത്തിന്റെ അച്ഛൻ തിരുവട്ടാർ കോവിലിൽ പൂജാരിയായി ജോലി നോക്കി. തന്മൂലം 6-ാമത്തെ വയസ്സിൽ ഏർവാടിയിൽനിന്നും തിരുവട്ടാർ കോവിലിനുസമീപംവന്ന് താമസമാക്കി. പിതാവിന്റെ മരണശേഷം തിരുവനന്തപുരം വഞ്ചിയൂരിൽവന്ന് "അടിത്തറപോറ്റി" എന്നയാളിന്റെ വീട്ടിൽ അഭയം തേടി. മാർത്താണ്ഡവർമ്മ അടിത്തറപോറ്റിയുടെ വീട്ടിൽ വന്നപ്പോൾ രാമയ്യനെ കാണുകയും രാമയ്യന്റെ പെരുമാറ്റത്തിൽ സംതൃപ്തനാവുകയും ചെയ്തു. രാമയ്യന് കൊട്ടാരത്തിൽ ഒരു ജോലി കൊടുത്തു. ഏറെത്താമസിയാതെ രാമയ്യനെ ദളവായാക്കി ഉയർത്തി. പല യുദ്ധങ്ങളിലും

www.malankaralibrary.com

അദ്ദേഹം നേതൃത്വം നൽകിയിരുന്നു. ഭരണരീതിയിൽ സാമർത്ഥ്യം തെളിയിച്ചിരുന്ന രാമയ്യൻ, പണം കൊടുത്ത് ശത്രുക്കളെ വശത്താക്കാൻ ശ്രമിച്ചിരുന്നു. യുദ്ധത്തിൽ ജയിക്കുന്നതിന് ഏതു തന്ത്രവും സ്വീകരിക്കാൻ അദ്ദേഹം മടിച്ചിരുന്നില്ല.

അദ്ദേഹത്തിന് തിരുവിതാംകൂർ മഹാരാജാവിൽ ഉണ്ടായിരുന്ന സ്വാധീനം ഉപയോഗിച്ച് തമിഴ്നാട്ടിൽനിന്നും സ്വന്തപ്പെട്ടവരും നാട്ടുകാരുമായ അനവധി ബ്രാഹ്മണരെ തിരുവിതാംകൂറിൽ നല്ല ജോലിയിൽ നിയമിച്ചു. അവർ പിൽക്കാലത്ത് രാജഭരണത്തിൽ സ്വാധീനം ചെലുത്തി. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധമായപ്പോഴേയ്ക്കും തിരുവിതാംകൂറിലെ ഉയർന്ന ഉദ്യോഗങ്ങളെല്ലാം തമിഴ് ബ്രാഹ്മണരുടെ കുത്തകയായിത്തീരുകയും മലയാളികൾക്ക സർക്കാർ സർവ്വീസിൽ പ്രവേശനം നിഷേധിക്കുകയും ചെയ്തു. ഈ പശ്ചാത്തലത്തിലാണ് മലയാളി മെമ്മോറിയൽ പ്രക്ഷോഭണം ആരംഭിച്ചത്.

ഈ പ്രക്ഷോഭണത്തിന്റെ പശ്ചാത്തലം തേടി പോകുമ്പോൾ രാമയ്യൻ ദളവാ എന്ന തമിഴ് ബ്രാഹ്മണന്റെ രാഷ്ട്രീയമുതലെടുപ്പ് മനസ്സിലാക്കുവാൻ സാധിക്കും.

രാമയ്യൻ ഒരു സനാതന ബ്രാഹ്മണനായിരുന്നു. ക്രൈസ്തവരോട് ക്രൂരമായിട്ടാണ് അദ്ദേഹം പെരുമാറിയിരുന്നത്. അദ്ദേഹത്തിൽനിന്ന് പീഡനങ്ങൾ ഏറ്റിട്ടുള്ള കത്തോലക്കർ നിരവധിയാണ്. ദേവസഹായംപിള്ളയുടെ രക്തസാക്ഷിത്വത്തിന് പ്രധാനകാരണം രാമയ്യൻ ദളവായായിരുന്നു. രാമയ്യന്റെ ക്രൈസ്തവദ്രോഹനടപടികളെപ്പറ്റി ദേവസഹായംപിള്ളയെപ്പറ്റിയുള്ള ചരിത്രത്തിൽ പ്രതിപാദിക്കുന്നതിനാൽ ഇവിടെ വിശദീകരിക്കുന്നില്ല. രാമയ്യൻ ദളവായുടെ പീഡനങ്ങളേറ്റ് നാടുവിട്ടുപോയ ക്രൈസ്തവർ നിരവധിയാണ്. എല്ലാ ക്രൈസ്തവരും ഭസ്മമണിയണമെന്നും അമ്പലത്തിലെ ദേവന് ചാർത്തപ്പെട്ട പൂമാലകൾ ക്രൈസ്തവസ്ത്രീകൾ തലയിലണിയണമെന്നും ഇതിനു വഴങ്ങാത്തവരെ ശിക്ഷിക്കുമെന്നും രാമയ്യൻ ഉത്തരവിറക്കി. എതിർപ്പ് പ്രകടിപ്പിച്ച ക്രൈസ്തവർ നിരവധി പീഡനങ്ങൾക്കിരയായി.

www.malankaralibrary.com

## ഭാഗം - 2

# ദൈവദാസൻ ദേവസഹായംപിള്ള

പ്രഥമ ഇന്ത്യൻ വേദസാക്ഷിയാണ് ദൈവദാസൻ ദേവസഹായം പിള്ള. 1752 ജനുവരി 14-ാം തീയതി കാറ്റാടിമലയിൽ വെച്ച് വെടിയുണ്ടയേറ്റ രക്തസാക്ഷി ദേവസഹായംപിള്ളയുടെ നാമകരണത്തിനായുള്ള രൂപതാ നടപടികൾ 1993 ഡിസംബർ 8-ാം തീയതി ആരംഭിച്ചു. ദേവസഹായം പിള്ളയെപ്പറ്റി രചിച്ച വിശ്വാസദീപം എന്ന ഗ്രന്ഥത്തിന്റെ അവതാരികയിൽ ബ്രദർ പോൾ ചിന്നപ്പൻ എസ്സ്.ജെ. ഇപ്രകാരം എഴുതിയിരിക്കുന്നു. "നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ, ദൈവമേ, എന്റെ ഹൃദയം അങ്ങയെ തേടുന്നു. എന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു; ജീവിക്കുന്ന ദൈവത്തിനുവേണ്ടിത്തന്നെ. എപ്പോഴാണ് എനിക്ക് ദൈവസന്നിധിയിൽ എത്തി അവിടുത്തെ കാണുവാൻ കഴിയുക" (സങ്കീർത്തകൻ 42:43) എന്നുൽഘോഷിച്ച സങ്കീർത്തകനെപ്പോലെ എപ്പോഴും ദൈവത്തിനുവേണ്ടി കാത്തിരുന്ന വ്യക്തിയായിരുന്നു ദൈവദാസനായ ദേവസഹായംപിള്ള. ദൈവത്തിന്റെ സാന്നിദ്ധ്യം അടയാളങ്ങളിലും സൂചനകളിലുംകൂടി മനസ്സിലാക്കി വിശ്വാസത്തിലൂടെ അവിടുത്തെ പക്കലേയ്ക്ക് പ്രയാണം നടത്തുന്ന ഒരു ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. ദൈവവുമായി നിരന്തര സ്നേഹബന്ധത്തിന് പരിശ്രമിച്ച വ്യക്തിത്വത്തിന്റെ ഉടമയാണദ്ദേഹം. ദൈനംദിനജീവിതത്തിലെ എല്ലാ സാഹചര്യങ്ങളും പ്രത്യേകിച്ച് കഷ്ടപ്പാടുകളും ദൈവത്തെ കണ്ടെത്താനുള്ള മാർഗ്ഗങ്ങളായി അദ്ദേഹം സ്വീകരിച്ചിരുന്നു. ഏതു സ്ഥലത്തായാലും ദൈവത്തിൽ ഐക്യപ്പെട്ട് ജീവിതം നയിച്ചിരുന്നു. പ്രകൃതിയിലെ പ്രതിഭാസങ്ങളിലും അദ്ദേഹം ദൈവത്തെ കണ്ടെത്തി. പക്ഷികളുടെ കളകൂജനങ്ങളും മനോഹരപുഷ്പങ്ങളും ഗാനങ്ങളുമൊക്കെ ദൈവത്തിലേയ്ക്ക് തന്റെ ഹൃദയത്തെ ഉയർത്തുവാനുള്ള മാർഗ്ഗങ്ങളായി അദ്ദേഹം കണ്ടു. അദ്ദേഹത്തിന്റെ ജീവിതവ്യാപാരങ്ങളെല്ലാം തന്നെ പ്രാർത്ഥനയിൽനിന്നും ഉരുത്തിരിഞ്ഞ ദൈവസ്നേഹത്തിന്റെ പ്രകാശമായിരുന്നു.

ദേവസഹായം പിള്ളയുടെ ത്യാഗോജ്ജ്വല ജീവിതത്തിന്റെ സത്ഫലങ്ങൾ ഇന്നും നാം അനുഭവിക്കുകയാണ്. അനേകർ ക്രിസ്തുമതം ആശ്ലേഷിക്കുകയും അതുവഴി രക്ഷയുടെ മാർഗ്ഗത്തിലൂടെ ജീവിയ്ക്കുകയും ചെയ്യുന്നു. രോഗശാന്തിക്കായി മാദ്ധ്യസ്ഥ്യം അപേക്ഷിക്കുന്നു. ആത്മീയവും ശാരീരികവുമായ സൗഖ്യം നേടുന്നു." ആ പുണ്യപുരുഷന്റെ ജീവിതത്തിലേയ്ക്ക് നമുക്ക് ഒന്നു കണ്ണോടിക്കാം.

www.malankaralibrary.com

## 1. ജനനവും ബാല്യവും

തിരുവിതാംകൂർ രാജ്യത്തിന്റെ അന്നത്തെ തലസ്ഥാനം പത്മനാഭപുരം ആയിരുന്നു. അതിനു സമീപമുള്ള നാട്ടാലം എന്ന ഗ്രാമത്തിൽ വാസുദേവൻ നമ്പൂതിരിയുടെ മകനായി 1712-ൽ നീലകണ്ഠപ്പിള്ള ജനിച്ചു. നാട്ടാലത്തെ നായർ കുടുംബാംഗമായിരുന്ന ദേവകിയമ്മയായിരുന്നു മാതാവ്. നീലകണ്ഠപ്പിള്ള സംസ്കൃതം, തമിഴ്, മലയാളം എന്നീ ഭാഷകളിൽ പാണ്ഡിത്യം നേടി. തർക്കം, വ്യാകരണം, പുരാണപാരായണം ആയുധാഭ്യാസം മുതലായവയും കരസ്ഥമാക്കിയിരുന്നു. രാജവംശജനായിരുന്ന അദ്ദേഹത്തിന് തിരുവിതാംകൂർ രാജാവിന്റെ കൊട്ടാരത്തിൽ അത്യധികമായ സ്വാധീനശക്തിയും സമുദായത്തിൽ സമുന്നതമായ നിലയും ഉണ്ടായിരുന്നു. എല്ലാവർക്കും പ്രിയങ്കരനായി വളർന്നുവന്ന നീലകണ്ഠപിള്ളയെ ദീനദയാലുവെന്നും ധർമ്മതല്പരൻ എന്നും എല്ലാവരും വിളിക്കുമായിരുന്നു. മേക്കോട്ടു കുടുംബത്തിലെ ഭാർഗ്ഗവി എന്ന ഒരു യുവതിയെ നീലകണ്ഠപിള്ള വിവാഹം ചെയ്തു.

## 2. ക്യാപ്റ്റൻ ഡിലെനോയി

കുളച്ചൽ യുദ്ധത്തിൽ തടവുകാരനായി പിടിച്ച ഡച്ചുസൈന്യാധിപതിയായിരുന്ന യുസ്റ്റേസിയൂസ് ബനഡിക്ട് ഡിലനായി മാർത്താണ്ഡവർമ്മ രാജാവിന്റെ വിശ്വസ്തനും സർവ്വസൈന്യാധിപനുമായി തീർന്നു ആധുനിക തിരുവിതാംകൂറിന്റെ സ്രഷ്ടാവാണ് ഡിലെനോയി എന്ന് എല്ലാവരും അംഗീകരിച്ചു. അദ്ദേഹത്തിന്റെ ബുദ്ധിസാമർത്ഥ്യവും സൈനികപാരമ്പര്യവും ശരിക്ക് വിനിയോഗിക്കുവാൻ മാർത്താണ്ഡവർമ്മ മഹാരാജാവിന് സാധിച്ചു. തിരുവിതാംകൂർ സംസ്ഥാനത്തിന്റെ അന്നത്തെ തലസ്ഥാനമായ പത്മനാഭപുരത്തിന് അടുത്തുള്ള ഉദയഗിരി കോട്ടയ്ക്കുള്ളിലായിരുന്നു 37 വർഷക്കാലം ഡിലനായ് താമസിച്ചിരുന്നത്. ഇക്കാലത്ത് ഡിലനായിയുടെ കീഴിൽ ഒരു സൈന്യാധിപനായിരുന്നു ശ്രീ നീലകണ്ഠപ്പിള്ള. പത്മനാഭപുരത്തിനുള്ള മരുന്നുകോട്ടയുടെ പണിയും ക്ഷേത്രം, കൊട്ടാരം എന്നിവകളുടെ ചുമതലയും വഹിക്കേണ്ടിവരുന്നതിനാൽ നീലകണ്ഠപ്പിള്ളയും ഡിലനോയിയും ആത്മമിത്രങ്ങളായിത്തീർന്നു.

ഡിലനായി ഉദയഗിരിയിലും സമീപത്തമായി നാലു കരിങ്കൽകോട്ടകൾ നിർമ്മിച്ചു. ഉദയഗിരിയിൽ പീരങ്കികളും വെടിക്കോപ്പുകളും നിർമ്മിച്ചു. ഒരു വെടിമരുന്നുശാലയും തയ്യാറാക്കി. ഇന്ത്യയിലെ ആദ്യത്തെ വെടിമരുന്നുശാലയായിരുന്നു ഇത്. പാശ്ചാത്യരീതിയിൽ സൈന്യത്തെ നവീകരിക്കുകയും ചെയ്തു. ആ കാര്യങ്ങളിൽ ഡിലനായിയെ സഹായിക്കുവാൻ രാജാവിന്റെ കാര്യസ്ഥനായ നീലകണ്ഠപ്പിള്ളയേയും ചുമതലപ്പെടുത്തി. ഡിലനായിയുടെയും നീലകണ്ഠപ്പിള്ളയുടെയും സ്വഭാവശദ്ധിയും

www.malankaralibrary.com

ആത്മൈക്യമുള്ള ജീവിതവും രണ്ടുപേരെയും കൂടുതൽ അടുപ്പിച്ചു.

തിരുവിതാംകൂറിനെ പുരോഗതിയുടെ പാതയിലേയ്ക്കു നയിച്ച ഡിലനായിയ്ക്കുവേണ്ടി ഉദയഗിരിക്കോട്ടയ്ക്കുള്ളിൽ ഒരു ദേവാലയം നിർമ്മിക്കുവാനും പുരോഹിതകർമ്മങ്ങൾക്കായി ഒരു പുരോഹിതനെ നിയമിക്കാനും ഏർപ്പാടു ചെയ്തു. ഉദയഗിരിക്കോട്ടയിൽ ഒരു മാളികയും നിർമ്മിച്ചുകൊടുത്തു. നാടിന്റെ ഏഴുവകപടകളുടെയും ദളപതിയായ വലിയ കപ്പിത്താൻ പദവിയും അദ്ദേഹത്തിന് രാജാവ് നൽകി.

## 3. നീലകണ്ഠപ്പിള്ളയുടെ മാനസാന്തരം

ഉന്നതകുലജാതനും അത്യധികസമ്പന്നനുമായിരുന്ന നീലകണ്ഠപ്പിള്ള നിർഭാഗ്യവശാൽ ദരിദ്രനായിത്തീർന്നു. കുടുംബത്തിൽ പല ദുഃഖകരമായ സംഭവങ്ങളും നടന്നു. ഭൂമിയിൽനിന്നുള്ള വരുമാനം കുറഞ്ഞു. പശുക്കൾ ചത്തുവീഴുന്നു. രോഗങ്ങൾ വർദ്ധിക്കുന്നു. തന്റെ സമ്പത്ത് ഒന്നിനു പുറകേ ഒന്നായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ വിഷമതകളെപ്പററി നീലകണ്ഠപ്പിള്ള ഡിലനോയിയോട് പറഞ്ഞു. കത്തോലിക്കാ വിശ്വാസത്തിൽ അടിയുറച്ച് ജീവിതം നയിച്ച ഡിലനോയി ഭൗതിക സമ്പത്തുക്കളുടെ അസ്ഥിരതയേയും സ്വർഗ്ഗീയ സമ്പത്തിന്റെ സുസ്ഥിരതയേയും സ്നേഹിതന് വിവരിച്ചുകൊടുത്തു. ഈ തത്വം നീലകണ്ഠപ്പിള്ളയെ ചിന്താധീനനാക്കി. അധികം കഴിയുന്നതിനുമുമ്പ് തന്നെയും കത്തോലിക്കാ മതത്തിൽ ചേർക്കണമെന്ന് നീലകണ്ഠപ്പിള്ള ഡിലെനോയിയോട് അഭ്യർത്ഥിച്ചു.

ഡിലെനോയി നീലകണ്ഠപ്പിള്ളയെ ഒരു എഴുത്തോടുകൂടി തന്റെ സുഹൃത്തും വടക്കൻകുളം എന്ന സ്ഥലത്തെ വികാരിയുമായ ഫാ. ബുത്താരി എസ്. ജെയുടെ അടുക്കലേയ്ക്കയച്ചു.

കാൽനടയായി വടക്കൻ കുളത്ത് ചെന്നെത്തിയ പിള്ള ഫാ. പുട്ടാരിയുടെ കൈയിൽ ഡിലനായ് കൊടുത്തുവിട്ട കത്ത് ഏല്പിച്ചു. തുടർന്ന് തന്റെ ആഗ്രഹം ഫാ. പുട്ടാരിയെ അറിയിച്ചു. എന്നാൽ ഫാ. പുട്ടാരി ഉടനെ ജ്ഞാനസ്നാനം നൽകിയില്ല. രാജകുടുംബത്തോട് ബന്ധപ്പെട്ടിരുന്ന പിള്ള ഉയർന്ന ഉദ്യോഗം വഹിക്കുന്നവനായതിനാൽ ഇദ്ദേഹം മതം മാറിയാൽ പല പ്രശ്നങ്ങളും ഉണ്ടാകുമെന്ന് എല്ലാവർക്കുമറിയാമായിരുന്നു. പുട്ടാരിയച്ചന്റെ മനസ്സിലെ ചിന്തകൾ മനസ്സിലാക്കാൻ പിള്ളയ്ക്കും കഴിഞ്ഞു. പിള്ളയുടെ വിശ്വാസത്തെ ഫാ. പുട്ടാരി പലരീതിയിലും പരീക്ഷിച്ചറിഞ്ഞു. വിശ്വാസദീപം എന്ന ഗ്രന്ഥത്തിന്റെ 84-ാം പേജിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ഫാ. പുട്ടാരിയോട് ബന്ധം പുലർത്താൻ പിള്ള വളരെയധികം കഷ്ടപ്പെട്ടു. വടക്കൻകുളത്തുള്ള ജ്ഞാനപ്രകാശം പിള്ള എന്ന ഉപദേശിയോട് ബന്ധം പുലർത്തി. 40 ദിവസം ദേവസഹായം പിള്ള വടക്കൻകുളത്തിനടുത്തുള്ള പട്ടാപുരം എന്ന സ്ഥലത്തുചെന്ന് വേദജപങ്ങൾ പഠിച്ച് ഉപവാസമിരുന്ന് ദൈവത്തോട് പ്രാർത്ഥിച്ചു. എന്നിട്ടും ഫാ. പുട്ടാരിയുടെ മനസ്സിന്

www.malankaralibrary.com

തൃപ്തിയാവാത്തതിനാൽ ജ്ഞാനസ്നാനം കൊടുക്കാൻ അദ്ദേഹം വിസമ്മതിച്ചു. പിള്ള ദൈവീകജ്ഞാനത്താൽ നിറഞ്ഞവനായതിനാൽ ഫാ. പുട്ടാരിയോട് വാഗ്വാദം നടത്തി."

"ജ്ഞാനിയായ സന്യാസി ശ്രേഷ്ഠനേ! സത്യജ്ഞാനമില്ലാത്ത എനിക്കും എന്റെ നാട്ടിലെ ജനങ്ങൾക്കും ജ്ഞാനം നിറഞ്ഞ ദൈവത്തെക്കുറിച്ച് പഠിപ്പിച്ച് സ്വർലോക ജീവിതസുഖം തരാൻ അങ്ങ് ഇവിടെ വന്നെത്തിയിരിക്കുന്നു. കടൽകടന്നെത്തിയ അങ്ങ് ലോകസുഖങ്ങളെ ഉപേക്ഷിച്ച് മാതാപിതാക്കളേയും ബന്ധുക്കളേയും മറന്ന് ആത്മാക്കളെക്കുറിച്ചുള്ള ദാഹത്താൽ ഈ മണ്ണിൽ വന്ന് ജീവിക്കുന്നു.

അങ്ങ് ചെയ്യുന്ന ഈ പരിശുദ്ധിയുടെ ഫലം അനുഭവിക്കാൻ എനിക്കും അവകാശമുണ്ടല്ലോ. ഞാൻ ആരുടേയും നിർബന്ധത്തിന് വഴങ്ങി ഇവിടെ വന്നതല്ല. ദൈവചിത്തമനുസരിച്ചാണ് ഞാൻ ഈ തീരുമാനം എടുത്തത്. പരിശുദ്ധാത്മാവ് എന്റെ സഹായത്തനുണ്ട്. എന്റെ വിശ്വാസം തെളിയിക്കാനായ് ഞാൻ യേശുവിന്റെ ഗാഗുൽത്താ യാത്രയെ പിൻതുടരും. എന്റെ സ്വന്തം സുഖങ്ങളും ബന്ധുമിത്രാദികളേയും മാതാപിതാക്കളേയും എന്റെ ശരീരവും ആത്മാവും പോലെ ഞാൻ ദൈവത്തിനായ് സമർപ്പണം ചെയ്യാൻ തയ്യാറാണ്."

പിള്ളയുടെ ഈ ഹൃദയസ്പർശിയായ അഭ്യർത്ഥന പുട്ടാരിയച്ചന്റെ മനസ്സിനെ സ്പർശിച്ചു. 1745 മെയ് മാസം 17-ാം തീയതി പുട്ടാരിയച്ചൻ വേണ്ട ഉപദേശങ്ങൾ നൽകി.

നീലകണ്ഠപ്പിള്ളയെ ജ്ഞാനസ്നാനപ്പെടുത്തി കത്തോലിക്കാ സഭയിലേയ്ക്ക് സ്വീകരിച്ചു. മാനസാന്തരത്തിനുശേഷം ലാസറസ് എന്ന പേരാണ് നീലകണ്ഠപ്പിള്ള സ്വീകരിച്ചത്. ലാസറസ് എന്ന പദത്തിന്റെ അർത്ഥം ദേവസഹായം എന്നാണ്. 32-ാം വയസ്സിലാണ് ജ്ഞാനസ്നാനം നടന്നത്.

നീലകണ്ഠപ്പിള്ളയെ സ്നാനപ്പെടുത്തിയ ജെ.പി. പുട്ടാരിസ്വാമി എന്ന ഈശോസഭാവൈദികൻ റോം നഗരത്തിലുള്ള ഒസിമോ എന്ന സ്ഥലത്ത് 1707ൽ ആണ് ജനിച്ചത്. റോം നഗരത്തിലെ ഈശോസഭാ കോളേജിൽ ബിരുദപഠനം നടത്തിയ പുട്ടാരി 1739-ൽ ദൈവശാസ്ത്രപഠനം നടത്തി. 1939-ൽ പുട്ടാരം 13 സ്നേഹിതരോടൊപ്പം ഈശോസഭയുടെ കൊച്ചി പ്രോവിൻസിൽ ജോലി നോക്കാനെത്തി. 5 പേർ കൊടുങ്ങല്ലൂരിനടുത്തുള്ള അമ്പലക്കാട്ടിലും 8 പേർ കുളച്ചൽ തുറമുഖത്തിനടുത്തുള്ള കോട്ടാർ എന്നസ്ഥലത്തും ജോലിയിൽ ഏർപ്പെട്ടു. ദേവസഹായം പിള്ളയെപ്പറ്റി അമലഗിരി പി. അന്തോനി മുത്തു രചിച്ച തമിഴ് കൃതി ഫാ. തോമസ് പവ്വത്തുപറമ്പിലും സി. മെർളിൻ എഫ്.സി.സി.യുംകൂടി മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തി. ആ ഗ്രന്ഥത്തിന്റെ 82-ാം പേജിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "അക്കാലത്ത് തെക്കൻ തിരുവിതാംകൂറിൽ കോട്ടാർ

www.malankaralibrary.com

സഭയിൽ ഒരു പതിനായിരം കത്തോലിക്കരുണ്ടായിരുന്നു. 1741ൽ കുളച്ചൽ യുദ്ധം അവസാനിച്ചു. ഡിലനോയി തിരുവിതാങ്കോട്ട് മഹാരാജാവിന്റെ വലിയകപ്പിത്താനായി നിയമിക്കപ്പെട്ടു. 1741 മുതൽ 1750 വരെയുള്ള ഒൻപതു വർഷക്കാലം തെക്കൻ തിരുവിതാംകൂറിലെ വടക്കൻകുളം നേമം എന്ന സ്ഥലത്ത് സ്ഥാപിച്ചിരുന്ന ഇടവകയിൽ പുരോഹിതനായി ജോലി നോക്കി. ദേവസഹായം പിള്ളയ്ക്ക് നൽകിയ പീഡനങ്ങളുടെ അന്ത്യനാളുകളിൽ 1752-ൽ അദ്ദേഹം തഞ്ചാവൂരിനടുത്തുള്ള അരൂർ എന്ന സ്ഥലത്തേയ്ക്കു മാറ്റപ്പെട്ടു. അവിടെവച്ച് കൊച്ചി അതിരുപതയിലെ ആദ്യ ബിഷപ്പിനോടും മററ് ഈശോസഭയിലെ വൈദികരോടും മധുര അതിരൂപതയിലെ ഈശോസഭയിലെ അധികാരികളോടും അദ്ദേഹം ബന്ധം പുലർത്തിയിരുന്നു.

പല പ്രാവശ്യം ദേവസഹായം പിള്ളയെ തന്റെ ശിഷ്യന്മാരുടെ കൂടെയും വിദേശീയ അധികാരികളുടെ കൂടെയും വന്ന് സന്ദർശിച്ച് ആശ്വസിപ്പിക്കുമായിരുന്നു. ഫാ. പുട്ടാരി ദേവസഹായം പിള്ളയുടെ ക്രൈസ്തവജിവിതത്തെപ്പറ്റിയുള്ള വാർത്തകൾ റോമാ നഗരത്തിലെ ഈശോസഭാ ആസ്ഥാനത്തേയ്ക്ക് കത്തുകൾ വഴി അറിയിച്ചിരുന്നു. കൂടാതെ തന്റെ ഡയറിയിലും ദേവസഹായം പിള്ളയുടെ ജീവിതത്തെക്കുറിച്ച് അദ്ദേഹം എഴുതിയിരുന്നു.

## 4. ഭാര്യയുടെ വാദമുഖങ്ങൾ

ദേവസഹായം പിള്ള താൻ ജ്ഞാനസ്നാനം സ്വീകരിച്ചതിനെപ്പറ്റി ഭാര്യ ഭാർഗ്ഗവിയോടു സംസാരിച്ചു. നാം ഇരുവരും ആത്മാവും ശരീരവുമുള്ള ഒരേ ജീവനാണെന്നും അതിനാൽ നീയും സത്യദൈവത്തെ മനസ്സിലാക്കി എന്നെന്നും സന്തോഷവും ഭാഗ്യവും നിറഞ്ഞ ജീവിതം നയിച്ച് നിത്യ മോക്ഷമടയാൻ ശ്രമിക്കണമെന്നും ഭാര്യയോടു പറഞ്ഞു.

നമ്മുടെ പിതാക്കന്മാരും രാജാക്കന്മാരും സന്യാസിമാരും ആരാധിച്ചിരുന്ന ദൈവങ്ങളെ ഉപേക്ഷിക്കുന്നത് ശരിയാണോയെന്നും ചണ്ഡാലരും അടിമകളും കീഴ് ജാതിക്കാരും ഉള്ള ക്രിസ്തുമതത്തിൽ നാം ചേർന്നാൽ നമ്മെ എല്ലാവരും കുറ്റപ്പെടുത്തുകയും ഒറ്റപ്പെടുത്തുകയും ചെയ്യുകയില്ലേയെന്ന സംശയം പിള്ളയുമായി ഭാർഗ്ഗവി പങ്കുവെച്ചു.

മനുഷ്യരെ പരസ്പരം ഹീനജാതിക്കാരനെന്നും അടിമയെന്നും കരുതുന്നത് ശരിയല്ല. ദരിദ്രന് ഒരു ദൈവം. ധനികന് വേറൊരു ദൈവം എന്ന് ദൈവത്തെ വേർതിരിക്കുന്നതും ശരിയല്ലയെന്ന് പിള്ള ഭാര്യയെ ധരിപ്പിച്ചു. ഏറെനേരത്തെ ചിന്തയ്ക്കുശേഷം ഭാർഗ്ഗവിയും ക്രിസ്തുമതത്തിൽ ചേരാൻ തീരുമാനിച്ചു. ഭാർഗ്ഗവിയമ്മ തന്റെ ഭർത്താവിനോടൊപ്പം വടക്കൻകുളത്തു ചെന്ന് ത്രേസ്യാമ്മ എന്ന അർത്ഥം വരുന്ന ജ്ഞാനപ്പൂ എന്ന പേരിൽ ജ്ഞാനസ്നാനം സ്വീകരിച്ചു. അവർ ഇരുവരും വീട്ടിൽ തിരിച്ചെത്തി. ഭക്തജീവിതം നയിച്ചു. ബന്ധുക്കൾക്കും അയൽക്കാർക്കും നാട്ടുകാർക്കും ദൈവത്തെ മനസ്സിലാക്കിക്കൊടുക്കുന്നതിനായി വേദസത്യങ്ങൾ പറഞ്ഞുകൊടുത്തു.

www.malankaralibrary.com

മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ വിശ്വസ്തനായിരുന്നുവല്ലോ ദേവസഹായം പിള്ള. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ വികസനോന്മുഖമായ പദ്ധതികൾ നടപ്പിലാക്കാൻ ദേവസഹായംപിള്ള പ്രത്യേകം ശ്രദ്ധിച്ചിരുന്നു. രാജ്യത്ത് കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും ധാരാളം ഉപ്പളങ്ങളും ഉപ്പുനിർമ്മാണ ശാലകളും നിർമ്മിക്കുന്നതിനും കൃഷിവികസനത്തിനുവേണ്ടി അണക്കെട്ടുകൾ നിർമ്മിക്കുന്നതിനുമെല്ലാം മാർത്താണ്ഡവർമ്മയോടൊപ്പം പിള്ള പ്രവർത്തിച്ചിരുന്നു. അണക്കെട്ടുകൾ നിർമ്മിച്ച് നാട്ടിൽ നെൽകൃഷി വളർത്താനും പരിശ്രമിച്ചു. ജനങ്ങളുടെ നന്മ ലക്ഷ്യമാക്കി ബഹുവിധ പദ്ധതികൾ നടപ്പിലാക്കുന്നതിൽ പിള്ള മുഖ്യപങ്കു വഹിക്കുകയുണ്ടായി.

## 5. സന്യാസ ജീവിതം

എന്നാൽ ക്രിസ്തുമതസ്വീകരണത്തിനുശേഷം ദേവസഹായം പിള്ളയും ഭാര്യയും ലോകത്തിലെ സുഖഭോഗങ്ങളെല്ലാം ഉപേക്ഷിച്ച് സന്യാസജീവിതം നയിക്കാൻ ശ്രമിച്ചു. തങ്ങളുടെ സമ്പത്തിൽ നല്ല ഭാഗം ആശ്രിതന്മാർക്കും ബന്ധുക്കൾക്കും വിട്ടുകൊടുത്തു. സുഖദുഃഖങ്ങൾ സമഭാവനയോടെ സ്വീകരിക്കുവാനുള്ള ശക്തി സംഭരിച്ചു. ദേവസഹായംപിള്ളയുടെ മതംമാററം ആണ് ആ കുടുംബത്തിന്റെ ദാരിദ്ര്യത്തിനു കാരണമെന്ന് ബന്ധുക്കളും വീട്ടുകാരും വിചാരിച്ചു. അവരുടെ മനംമാറ്റത്തിനായി പൂജകളും മന്ത്രവാദങ്ങളും നടത്തിക്കൊണ്ടിരുന്നു. തന്റെ കുടുംബത്തിൽപ്പെട്ടവരുടെ ചിന്താഗതികൾ മാററുവാനും സത്യമതത്തിലേയ്ക്ക് ആളുകളെ ചേർക്കുവാനും പിള്ള ശ്രമിച്ചു. രാജാവ്, മന്ത്രി തുടങ്ങിയവരിൽ നിലനിന്ന അന്ധവിശ്വാസങ്ങൾ ഇല്ലാതാക്കാനും ശ്രമിച്ചു. തന്നോട് തർക്കിച്ചവരുടെ മുമ്പിൽ തന്റെ ഉപദേശങ്ങൾ മുഖാന്തിരം ദേവസഹായം പിള്ള സത്യം തെളിയിച്ചു. ദേവസഹായം പിള്ളയുടെ നാലു വർഷത്തെ പ്രവർത്തികളാൽ വടക്കൻകുളം, രാജാവൂർ, രാമപുരം, രാമനാദിച്ചൻ പൂതൂർ, ആശാരിപള്ളം, നെയ്യാറ്റിൻകര തുടങ്ങിയ സ്ഥലങ്ങളിൽ മൂവായിരത്തിലധികം ജനങ്ങൾ ക്രിസ്തുമതം സ്വീകരിക്കാൻ ഇടയായി എന്ന് ഫാ. പുട്ടാരി രേഖപ്പെടുത്തിയിട്ടുണ്ട്.

കുടുംബത്തിലുണ്ടായ എല്ലാ അനിഷ്ടസംഭവങ്ങൾക്കും കാരണമായ ദേവസഹായംപിള്ളയെ തങ്ങളുടെ കുടുംബത്തിൽനിന്നും നിഷ്കാസനം ചെയ്യാൻ ചിലർ തയ്യാറായി. അതേതുടർന്ന് നിരവധി പീഡനങ്ങൾ അദ്ദേഹം സഹിക്കേണ്ടി വന്നു. വേദധർമ്മങ്ങൾ ശരിയായി അനുഷ്ഠിച്ച് വന്നിരുന്ന ദേവസഹായം കീഴ്ജാതിക്കാരുമായി ഇടപഴകി ജീവിച്ചിരുന്നു. താഴ്ന്ന ജാതിക്കാർ അദ്ദേഹത്തോട് കൂടുതൽ താല്പര്യം കാണിച്ചു. മേൽജാതിക്കാരുടെ വിരോധത്തിന് ഇത് കാരണമായി.

ദേവസഹായംപിള്ളയുടെ മാതൃകാപരമായ ജീവിതവും ഉൽബോധ

www.malankaralibrary.com

ജനകമായ പ്രഭാഷണങ്ങളും അനേകം ക്രൈസ്തവരെ സഭാമാതാവിന്റെ മടിയിലേയ്ക്ക് ആനയിച്ചു.

ക്രിസ്തുമതത്തിന്റെ അദൃഷ്ടപൂർവ്വമായ ഈ പ്രചാരം, രാജ്യത്തിൽ വളരെ സ്വാധീനശക്തി ഉണ്ടായിരുന്ന ബ്രാഹ്മണരെ അത്യധികം ക്ഷോഭിപ്പിച്ചു. ഉന്നതകുലജാതനും അഭ്യസ്തവിദ്യനുമായ ദേവസഹായം പിള്ളയെപ്പോലുള്ള ഒരാൾ, ഹിന്ദുമതം ഉപേക്ഷിച്ചാൽ അതെങ്ങനെ സഹിക്കും. അവർ രഹസ്യമായും പരസ്യമായും ദേവസഹായംപിള്ളയോട് ന്യായവാദം ചെയ്തുനോക്കി. മതത്യാഗം ചെയ്യുവാൻ ഉപദേശിച്ചു നോക്കി. എല്ലാം നിഷ്ഫലമായതേയുള്ളൂ. ഇങ്ങനെ നാലു വർഷം കഴിഞ്ഞു. പലരേയും ഇതിനകം അദ്ദേഹം ക്രിസ്തുമതത്തിലേയ്ക്ക് ആകർഷിച്ചു കഴിഞ്ഞിരുന്നു. പത്മനാഭപുരത്ത് ക്രൈസ്തവസമുദായത്തിന് ഒരു നിലയും സ്ഥാനവും ലഭിച്ചു. ദേവസഹായംപിള്ളയുമായി ന്യായവാദം ചെയ്തതു കൊണ്ട് ഫലമില്ലെന്നു മനസ്സിലാക്കിയ ബ്രാഹ്മണർ അവസാനപ്രയോഗം തന്നെ സ്വീകരിക്കുവാൻ നിശ്ചയിച്ചു. രാജ്യത്തിലെ ദളവായും രാജാവും ആരാധിക്കുന്ന ദേവന്മാരെ വന്ദിക്കാത്ത ഈ ധിക്കാരിയെ നല്ല പാഠം പഠിപ്പിക്കുകതന്നെവേണമെന്ന് ആ ഭൂദേവന്മാർ നിശ്ചയം ചെയ്തു.

അന്നത്തെ ദിവാൻ രാമയ്യൻ എന്ന ബ്രാഹ്മണനായിരുന്നു. അദ്ദേഹത്തിന്റെ പക്കൽ ദേവസഹായംപിള്ളയുടെ ക്രൈസ്തവമതപ്രചരണത്തെപ്പറ്റി പരാതി ബോധിപ്പിച്ചു. ദളവാ ഉചിതമായ സന്ദർഭത്തിൽ തന്നെ കാണാൻ വരുമെന്ന് കരുതി കാത്തിരുന്നു. വടക്കുംകുളം പള്ളിയുടെ ആവശ്യാർത്ഥം ദേവസഹായം ദിവാനെ സന്ദർശിക്കാനായി ഒരു ദിവസം ചെന്നു. ദേവന്മാരെയും ബ്രാഹ്മണരെയും അപഹാസ്യരാക്കുന്ന മതപ്രചരണസംരഭങ്ങളിൽ നിന്ന് പിൻതിരിയാത്തപക്ഷം ക്രിസ്ത്യാനികളുടെ രക്തം ചീന്തുമെന്നും ബ്രാഹ്മണനായ ദളവാ ദേവസഹായം പിള്ളയെ അറിയിച്ചു. ക്രിസ്ത്യാനികളുടെ രക്തം ആവശ്യമെങ്കിൽ തന്റേതു തന്നെ ആദ്യം ചൊരിഞ്ഞുകൊള്ളുകയെന്നതായിരുന്നു ആ ധീരാത്മാവിന്റെ പ്രത്യുത്തരം. കോപിഷ്ഠനായ ദളവാ മഹാരാജാവിന്റെ പക്കൽ ദേവസഹായം പിള്ളയെപ്പറ്റി പരാതി ബോധിപ്പിച്ചു.

മഹാരാജാവും രാമയ്യൻദളവായും അമ്പലങ്ങളിലെ ആചാര്യന്മാരും കോപിഷ്ഠരായി. ദേവസഹായത്തെയും ക്രിസ്ത്യാനികളെയും പീഡിപ്പിക്കുന്ന പല നടപടികളും ആരംഭിച്ചു. ദേവസഹായത്തെപ്പറ്റി പല കള്ളക്കഥകളും രാജാവിന്റെ മുമ്പിൽ ദളവാ നിരത്തിവെച്ചു. രാജാവ് കോപിഷ്ഠനായി. ഉടൻതന്നെ നീലകണ്ഠപ്പിള്ളയെ രാജസന്നിധിയിൽ ഹാജരാക്കാൻ ഉത്തരവിട്ടു. ദേവസഹായം താമസിച്ചിരുന്ന പത്മനാഭപുരത്ത് ഏതാനും ഭടന്മാർ ചെന്ന് രാജകല്പന അറിയിച്ചു. മഹാരാജാവ് എന്തിനാണ് തന്നെ ഹാജരാക്കാൻ ഉത്തരവിട്ടതെന്ന് ദേവസഹായം പിള്ളയ്ക്ക് ബോദ്ധ്യമായി. ഉടൻതന്നെ പിള്ള ഉദയഗിരിയിൽ താമസിച്ചിരുന്ന ഡിലനായിയെ ചെന്നു

www.malankaralibrary.com

കണ്ടു. പത്മനാഭപുരത്തിനു തെക്കുവശം താമസിച്ചിരുന്ന ഫാ. ബരീര്യസ് എന്ന പുരോഹിതന്റെ അടുക്കലേയ്ക്ക് ദേവസഹായത്തെ പറഞ്ഞയച്ചു. അവിടെനിന്നും അദ്ദേഹം ദിവ്യകൂദാശകൾ സ്വീകരിച്ചു. വിശ്വാസത്തിൽ ഉറച്ചു നിൽക്കുവാനും ക്രിസ്തുവിനുവേണ്ടി, ആവശ്യമെന്നുകണ്ടാൽ ജീവൻ ബലികഴിക്കുവാനും ഡിലെനോയി കൂട്ടുകാരനെ ഉപദേശിക്കുകയും ചെയ്തു. അവർ പരസ്പരം ആലിംഗനം ചെയ്ത് കണ്ണീർ വാർത്തു.

അന്നത്തെ തിരുവിതാംകോട്ടിൽ ഭരണഭാരം ഇല്ലാത്ത ചില ചെറുകിട രാജാക്കന്മാരായ ക്ഷത്രിയരിൽ ഒരു വിഭാഗം അടിമകളെപ്പോലെ ജീവിച്ചിരുന്നു. നായർ ജാതിയിൽ ഒരു വലിയ പങ്ക് ഭരണം നടത്തുന്ന ക്ഷത്രിയർക്കും ബ്രാഹ്മണർക്കും ദാസ്യപ്പണി ചെയ്തിരുന്നു. അവർ ശൂദ്രർ എന്നാണ് അറിയപ്പെട്ടിരുന്നത്. അതുപോലെ ആശ്രിതന്മാരായ ക്ഷത്രിയരെ "ചാണാർകൾ" എന്നു പേരുനൽകി അടിമവേല ചെയ്യിച്ചിരുന്നു. ഇതു മനസ്സിലാക്കിയ ദേവസഹായംപിള്ള എല്ലാവരേയും യേശുവിന്റെ ആശ്രിതരാക്കി സഭയിൽചേർത്തു അടിമപ്പട്ടം ഇല്ലാതാക്കാൻ ആഗ്രഹിച്ചു. ഈ സത്യം മനസ്സിലാക്കിയവർ സംഘം സംഘമായി സത്യവേദം സ്വീകരിച്ചു. ഇതുകണ്ട ബ്രാഹ്മണർ "ഊട്ടുപ്പുരയിലെ സൗജന്യഭക്ഷണം" ഇല്ലാതായിപ്പോകുമോ എന്നു ഭയന്നു. അതിനാൽ ദേവസഹായംപിള്ളയുടെ മേൽ കുറ്റം ചുമത്തി. ക്രൈസ്തവരായ നായർ, നാടാർ തുടങ്ങിയവരെ വധിക്കാനും തീരുമാനിച്ചു. ഇതു മനസ്സിലാക്കിയ ദേവസഹായംപിള്ള തന്റെ പ്രാർത്ഥനാശക്തിയാൽ ദൈവബലം തന്റേതാക്കിയെടുത്തു.

## 6. രാജസന്നിധിയിൽ

ഭടന്മാർ ദേവസഹായംപിള്ളയെ അറസ്റ്റുചെയ്ത് രാജസമക്ഷം ആനയിച്ചു. ഇത് കൊല്ലവർഷം 923-ലായിരുന്നു. ദേവസഹായം ക്രിസ്ത്യാനിയായിട്ട് നാലു വർഷം കഴിഞ്ഞിരുന്നു. ക്രിസ്തുമതം ഉപേക്ഷിച്ച് പഴയതുപോലെ ദേവന്മാർക്ക് പൂജ നൽകുന്നതായാൽ മഹാരാജാവിന്റെ പ്രീതിയും അനവദ്യമായ സമ്പത്തും ലഭിക്കുന്നതാണെന്ന് കൊട്ടാരം ഉദ്യോഗസ്ഥന്മാർ ദേവസഹായത്തോട് പറഞ്ഞിരുന്നു. സ്വർഗീയ മഹാരാജാവിന്റെ പ്രീതിയും ഒരിക്കലും നശിക്കാത്ത സമ്പത്തും ലഭിക്കുന്നതിനുവേണ്ടിയാണ് താൻ ക്രിസ്തുമതം സ്വീകരിച്ചിരിക്കുന്നതെന്നായിരുന്നു ദേവസഹായം പിള്ളയുടെ മറുപടി.

ഭടന്മാർ അദ്ദേഹത്തിന്റെ ഉദ്യോഗവസ്ത്രങ്ങൾ മാറ്റി സാധാരണക്കാരന്റെ വേഷത്തിൽ കുറ്റക്കാരനെപ്പോലെ രാജസന്നിധിയിലേയ്ക്ക് കൊണ്ടുപോയി. പോകുംവഴി ബന്ധുക്കളും ഉദ്യോഗസ്ഥന്മാരും സ്നേഹിതരും ക്രിസ്തുമതത്തെ ഉപേക്ഷിക്കാൻ നിർബന്ധിച്ചുകൊണ്ടിരുന്നു. അതേസമയം ദേവസഹായം ക്രിസ്തുവിന്റെ നടപടികളെയും തത്വങ്ങളെയും അവർക്ക് ഉപദേശിച്ചുകൊണ്ടിരുന്നു.

www.malankaralibrary.com

വിശ്വാസദീപംഎന്ന പുസ്തകത്തിൽ രാജാവും ദേവസഹായം പിള്ളയുമായി നടത്തിയ വാഗ്വാദം ഗ്രന്ഥകാരന്റെ ഭാഷയിൽ തയ്യാറാക്കിയത് താഴെ ചേർക്കുന്നു.

"കലാനയത്തോടെ നിർമ്മിക്കപ്പെട്ട പത്മനാഭപുരം കൊട്ടാരത്തിലുള്ള രാജകീയ സിംഹാസനത്തിൽ രാജാവ് ഇരുന്നിരുന്നു. അദ്ദേഹത്തിനരുകിൽ പ്രധാനമന്ത്രിയും ഉണ്ടായിരുന്നു. ആ സമയത്ത് രാജകിങ്കരന്മാർ ദേവസഹായം പിള്ളയെ രാജസന്നിധിയിലെത്തിച്ചു. കുറ്റവാളിയെപ്പോലെ നിൽക്കുന്ന പിള്ളയിൽ അനേകം കുറ്റങ്ങൾ ചുമത്തപ്പെട്ടു.

രാജാവ് പിള്ളയോട് "നീലകണ്ഠാ, നിന്റെ ബുദ്ധിയ്ക്കെന്തു സംഭവിച്ചു? നമ്മെയും ദേവന്മാരെയും കുറ്റം പറയാൻ എന്തു കാരണമാണുണ്ടായത്? ബുദ്ധിയും ശക്തിയും ഉള്ള നിനക്ക് എന്തുകൊണ്ടാണ് ഈ അറിവില്ലായ്മ വന്നുപെട്ടത്? വളരെക്കാലമായി നാം തൊഴുതിരുന്ന ദൈവങ്ങളെ പഴിക്കാൻ നിനക്കെങ്ങനെ മനസ്സുവന്നു. ഇങ്ങനെ ചെയ്താൽ നിന്നെ നാടു കടത്തി നരബലിയിടും" എന്നു ഇടിമുഴക്കം പോലെ ഗർജ്ജിച്ചു.

"രാജാവേ ഞാൻ ആരേയും കുറ്റപ്പെടുത്തുന്നില്ല. നമുക്ക് ഉയർച്ച തന്ന് സ്വർഗ്ഗ ഭാഗ്യങ്ങൾക്കർഹനാക്കിയ ലോകരക്ഷകനെ ഞാൻ വിശ്വസിക്കുന്നു."

"അങ്ങനെ ഒരാളെപ്പറ്റി ഞാൻ ഇതുവരെ കേട്ടിട്ടില്ലല്ലോ? ഇതു വിചിത്രമായിരിക്കുന്നുവല്ലോ." എന്നു പറഞ്ഞു രാജാവ് ചിരിച്ചു. സഭയിലെല്ലാവരും മൗനമായിരുന്നു.

"ഇങ്ങനെയുള്ള കുറ്റം ചെയ്യരുത് എന്ന് നിനക്കറിഞ്ഞുകൂടേ?" രാജാവ് ഗംഭീരസ്വരത്തിൽ ചോദിച്ചു.

" മഹാരാജാവേ അങ്ങ് അരുളിച്ചെയ്ത എല്ലാ ജോലികളും ഞാൻ സ്വീകരിച്ച് ഉത്തരവാദിത്വത്തോടെ ചെയ്തു തീർത്തു. അങ്ങേയ്ക്ക് ഞാൻ ഒരു രീതിയിലും ഉപദ്രവം ചെയ്തിട്ടില്ല എന്നുമങ്ങേയ്ക്കറിയാം" തന്റെ നിലപാട് അദ്ദേഹം വ്യക്തമാക്കി.

"എനിക്കെല്ലാം അറിയാം! നീ നമ്മുടെ സർവ്വസൈന്യാധിപനെ അനുസരിക്കാൻ മടിക്കുന്നു. ഉയർന്ന ജാതിയിലുള്ളവർ ക്രിസ്തുമതത്തിൽ ചേരരുത് എന്നത് ഈ നാടിന്റെ നിയമമാണ്. നീ അതു ലംഘിച്ചു ക്രിസ്തുമതം സ്വീകരിച്ചു. നമ്മുടെ കൊട്ടാരത്തിലെ ഉത്സവങ്ങളിൽ പങ്കെടുക്കുന്നില്ല. ഇതെല്ലാം നീ ചെയ്ത കുറ്റമല്ലേ?" രാജാവ് ചോദിച്ചു.

"അടിയന്റെ ആത്മതൃപ്തിയ്ക്കായി ഞാൻ രക്ഷകനായ യേശുവിനെ പിന്തുടർന്നു. ഞാൻ ക്രൈസ്തവനായി ജീവിക്കാൻ ഈ നാട്ടിലെ നിയമം അനുവദിക്കുന്നില്ലെങ്കിൽ ഞാൻ ഏതു ശിക്ഷയും സ്വീകരിക്കാൻ തയ്യാറാണ്." എന്നു വിനയത്തോടുകൂടി പിള്ള പറഞ്ഞു.

രാജാവ് പിള്ളയ്ക്ക് വിധി പ്രസ്താവിക്കാനാകാതെ കുഴങ്ങി. സത്യം പറയുന്ന പിള്ള ഉത്തമനാണെന്ന് രാജാവിനറിയാം. വർഷങ്ങളോളം കൊട്ടാരം

www.malankaralibrary.com

കാര്യദർശിയായും ഉപസൈന്യാധിപനായും ജോലി നോക്കിയ ഒരു ഉത്തമനെ കുറ്റവാളിയെന്ന് വിധി പ്രസ്താവിക്കാൻ അദ്ദേഹം തയ്യാറായില്ല.

ഈ വിചാരണ കഴിഞ്ഞയുടനെ ദേവസഹായം പിള്ളയെ വീണ്ടും രാജസന്നിധിയിൽ കൊണ്ടുവന്ന് യേശുവിനെ നിഷേധിച്ച് തങ്ങളുടെ ചൊൽപ്പടിയിൽ കൊണ്ടുവരുവാൻ അദ്ദേഹം പ്രയത്നിച്ചു. എന്നാൽ ദൃഢമായ ചിന്തയും മനസ്സും കൈമുതലായുണ്ടായിരുന്ന പിള്ള തന്നെ സമീപിച്ചവരെ തന്റെ സുദൃഢമായ തീരുമാനം അറിയിച്ചു.

“നീ ക്രിസ്തുമതം വിട്ട് പോരു. അതു നമുക്കു വേണ്ട. നിന്റെ തലയിൽ നീ തന്നെ മണ്ണിടരുത്.” എന്നു രാജാവ് പറഞ്ഞു

“മഹാരാജാവേ നമ്മുടെ പൂർവ്വികരുടെ വംശത്തിൽ തന്നെയാണ് ഉത്തമനായ യേശുവും പിറന്നത്. ഞാൻ അദ്ദേഹത്തെ ആശ്രയിച്ചു ജീവിക്കാൻ തീരുമാനിച്ചു. യേശു ദൈവപുത്രനാണ് എന്നു ഞാൻ മനസ്സിലാക്കി. അദ്ദേഹത്തെ സ്വീകരിച്ചതിനാൽ ഞാൻ രാജാവിനെ ബഹുമാനിക്കാതിരിക്കുന്നില്ല. ദയവുചെയ്ത് എന്നെ ക്രൈസ്തവനായി ജീവിക്കാൻ അനുവദിക്കുക.” എന്ന് ദേവസഹായം പിള്ള രാജാവിനോട് വിനീതമായി അഭ്യർത്ഥിച്ചു.

“ഇവൻ രാജാവിന്റെ മുമ്പിൽ വാദിക്കുന്നതു കണ്ടില്ലേ? നമ്മളേയും, നാടിനേയും, നാട്ടിലെ നിയമങ്ങളേയും ഇവൻ അപമാനിക്കുന്നു. തോളത്തിരുന്നു കാതുകടിക്കുന്ന ഇവന്റെ ധർമ്മ പരീക്ഷ നാടിന്റെ ഇപ്പോഴത്തെ പ്രശ്നങ്ങൾ കൂടുതലാകാൻ കാരണമാകും. അതു നാടിനും നമുക്കും ആപത്തായി മാറും” എന്ന് സർവ്വ സൈന്യാധിപൻ മനമുരുകി കണ്ണുനീർ തുള്ളികൾ ഉതിർത്തു.

## 7. കാരാഗൃഹത്തിൽ

അക്കാലത്തെ രീതിയനുസരിച്ച് കുറ്റം ആരോപിച്ച് ജയിലിലടയ്ക്കുന്ന ചെറുകിട രാജാക്കന്മാരെയും ആശാന്മാരെയും മറ്റു കുറ്റവാളികളേയും ഇരുമ്പുകൊണ്ടുണ്ടാക്കിയ കൂടുകളിൽ അടച്ച് ദേഹോപദ്രവമേല്പിച്ച് അല്പപ്രാണനാക്കി തൂക്കിലിട്ടു കൊല്ലുമായിരുന്നു. അതിനുശേഷം മൃതശരീരം കഴുകന്മാർക്ക് തിന്നാൻ കൊടുക്കുമായിരുന്നു. ഇപ്രകാരം ചെയ്യാനുപയോഗിച്ചിരുന്ന ഇരുമ്പുകൂടുകൾ ഇന്നും പത്മനാഭപുരം കൊട്ടാരത്തിൽ കാണാം.

പിള്ളയെ തടവുകാരനാക്കി പത്മനാഭപുരം കൊട്ടാരത്തിലെ ദർബാർ ഹാൾ എന്ന മണ്ഡപത്തിനകത്തേയ്ക്ക് കൂട്ടിക്കൊണ്ടുവന്നു. മഹാരാജാവിന്റെ മുമ്പിൽ വച്ച് വിചാരണ തുടങ്ങി. സാധാരണ ഇത്തരം വിചാരണകളിൽ രാജ്യദ്രോഹകുറ്റം ചുമത്തി കൊല്ലുകയാണ് പതിവ്. എന്നാൽ പിള്ളയെ ഉടനെ വധിച്ചാൽ കലാപം പൊട്ടിപ്പുറപ്പെടുമെന്നതിനാൽ അതിനും സാധിക്കുകയില്ല. പിള്ള രാജാവിനും കൊട്ടാരത്തിനും അടുപ്പമുള്ളവനാണ് മാത്രമല്ല കൊട്ടാരത്തിലെ കാര്യദർശിയുമാണ്.

കൂടാതെ പിള്ള തലസ്ഥാനത്തുള്ള നാടാർ വംശജരുടെ ബഹുമാന

www.malankaralibrary.com

ത്തിന് പാത്രമായവനാണ്. നാട്ടിൽ ഉണ്ടായിരുന്ന അമ്പതിനായിരം നായർ പടയാളികൾക്ക് കൂലി കൊടുക്കുന്ന ജോലി ചെയ്തിരുന്നവനാണ്. അങ്ങനെയിരിക്കെ, നാട്ടിലുള്ള ബ്രാഹ്മണർ ഉൾപ്പെടുന്ന എല്ലാവിഭാഗത്തിലുള്ള ജനങ്ങളും ബഹുമാനിക്കുന്നവനായ പിള്ളയുടെ വിചാരണ ആരംഭിച്ചു.

രാജകല്പന പ്രകാരം 1749 ഫെബ്രുവരി 23-ാം തീയതി പിള്ളയുടെ കൈകളിൽ വിലങ്ങിട്ട് തടവുകാരനാക്കി ജയിലിൽ ഇട്ടു.

ഈ വിവരം എല്ലാ ഗ്രാമങ്ങളിലും കാട്ടുതീ പോലെ പടർന്നു പിടിച്ചു. വിവരമറിഞ്ഞ ജനങ്ങളെല്ലാം ദുഃഖത്തിൽ മുഴുകി. ഡിലനായിയാകട്ടെ ജയിലിൽ ആളയച്ച് രഹസ്യമായി ദേവസഹായം പിള്ളയുടെ വിവരങ്ങൾ അന്വേഷിച്ചു വന്നു. അദ്ദേഹം ഒരു യൂറോപ്യൻ പടയാളിയെ പിള്ളയ്ക്ക് കൂട്ടായിരിക്കാൻ അയച്ചു.

പാവപ്പെട്ടവരുടെ വിളി ദൈവം കേൾക്കുന്നു. തടവുകാരനായ തന്റെ മക്കളെ അദ്ദേഹം ഉപേക്ഷിക്കുന്നില്ല. ദൈവത്തിന്റെ കരങ്ങൾ എല്ലാവർക്കും സമാധാനം നൽകുന്നു. രക്ഷകനായ യേശുവിന്റെ കാൽവരിയിലെ കഷ്ടപ്പാടുകൾക്ക് ഭാരതമണ്ണിലും ഫലം ലഭിക്കാൻ പോകുന്നുവെന്ന് ഡിലനായ് കരുതി. അതിനുവേണ്ടി അദ്ദേഹം പ്രാർത്ഥിക്കുകയും ചെയ്തു.

പത്മനാഭപുരം ജയിലിൽ പിള്ള ധാരാളം ക്രൂരതകൾക്കിരയായി. പുറം ലോകം അറിയാത്തവിധം അദ്ദേഹത്തെ ഹിംസപ്പെടുത്തി. ശരിയായ സമയത്ത് ഭക്ഷണം കൊടുക്കാതെയും ക്രിസ്തുമതത്തിനെതിരായി സംസാരിച്ചും അദ്ദേഹത്തെ വേദനിപ്പിച്ചു. ദളവായുടെ വാക്കുകൾ അനുസരിച്ച് ക്രിസ്തുമതം ഉപേക്ഷിക്കുകയാണെങ്കിൽ കൈവിട്ടുപോയപദവിയും അധികാരവും വീണ്ടും ലഭിക്കുമെന്നും വിശ്വസിപ്പിക്കാൻ ശ്രമിച്ചു.

## 8. കവിയോടൊപ്പം ജയിലിൽ

തിരുവിതാംകൂർ രാജാവിന്റെ തടവറയിൽ ദേവസഹായം പിള്ള അടയ്ക്കപ്പെട്ടിരുന്നു. തടവറയുടെ അടുത്തുതന്നെയാണ് അദ്ദേഹത്തിന്റെ ഭാര്യ താമസിച്ചിരുന്നത്. അവർ ഇടയ്ക്കൊക്കെ തന്റെ ഭർത്താവിനെ ജയിലിൽ വന്ന് സന്ദർശിക്കുമായിരുന്നു. വിമ്മിക്കരയുന്ന അവരെ പിള്ള ആശ്വസിപ്പിക്കുമായിരുന്നു. ഡിലനായിയും പലപ്പോഴും തന്റെ സുഹൃത്തിനെ സന്ദർശിക്കുമായിരുന്നു.

ആ സമയത്ത് തിരുവിതാംകൂർ പ്രധാനജയിലിൽ തൊമ്മമുത്തു എന്ന ഒരു കവിയേയും അടച്ചിരുന്നു. ഈ കവിയാകട്ടെ; തന്റെ പൂർവ്വികരുടെ പരമ്പരയിൽ ഭക്തിപ്പാട്ടുകളെഴുതുന്ന വ്യക്തിയായിരുന്നു. മൂന്നു രാജാക്കന്മാരുടെ ചരിത്രം, സെന്റു തോമസിന്റെ ചരിത്രം, സെന്റ് എസ്താക്കിയാർ, സെന്റ് അലേസിയാർ എന്നിവരുടെ ചരിത്രവും രചിച്ച വ്യക്തിയാണ്. ഇദ്ദേഹത്തിന്റെ അടുത്ത് നാട്ടിലെ ദേവന്മാരെപ്പറ്റി എഴുതി പാടാനായി പറഞ്ഞു. അദ്ദേഹം വിസമ്മതിച്ചു. അതിനാൽ ദേവസഹായം പിള്ളയോടൊപ്പം ജയി

www.malankaralibrary.com

ലിൽ ഇട്ടു. അദ്ദേഹത്തിന്റെ സഹവാസം ദേവസഹായം പിള്ളയുടെ മനസ്സിൽ ശാന്തിയും സമാധാനവും നൽകി. പിള്ളയും കവിയും ചേർന്ന് ദൈവത്തെ പുകഴ്ത്തിപാടുമായിരുന്നു. വളരെ സമാധാനത്തോടെ ദൈവത്തെപുകഴ്ത്തി സംസാരിക്കുകയും ചെയ്തിരുന്നു. സമാധാനവും ആനന്ദവും നിറഞ്ഞ ഒരു ധ്യാനാലയമായി ജയിൽ മാറി.

കോപാകുലരായ ഉദ്യോഗസ്ഥന്മാർ ദേവസഹായത്തെ കുറ്റപ്പെടുത്തി രാജാവിനോടു സംസാരിച്ചു. ദേവസഹായംപിള്ളയ്ക്ക് ഭ്രാന്താണെന്നും മഹാരാജാവിനെ ധരിപ്പിച്ചു. ജയിലിൽ ക്രൂരവും നിന്ദ്യവുമായ പെരുമാറ്റമാണ് അദ്ദേഹത്തിന് അനുഭവപ്പെട്ടത്. വളരെ നിന്ദ്യമായ വിധത്തിൽ ദേഹോപദ്രവം ഏൽപ്പിച്ചു. കാലിനും കൈയ്ക്കും വിലങ്ങുവെച്ചു. പല കാരാഗൃഹത്തിലും മാറി മാറി താമസിപ്പിക്കുകയും കല്ലും മുള്ളും നിറഞ്ഞ ഇടവഴികളിലൂടെ നടത്തി വേദനപ്പെടുത്തുകയും ചെയ്തു.

കുറെദിവസങ്ങൾ കഴിഞ്ഞപ്പോൾ ഡിലെനോയി ജയിലിൽ ചെന്ന് ദേവസഹായംപിള്ളയെ സന്ദർശിച്ചു. ഈ ജയിൽ സന്ദർശനം രാജാവിനെ കുപിതനാക്കി. ഡിലെനോയിയുടെ ഉദ്യോഗം പട്ടാളത്തിലാണെന്നും ഇതരകാര്യത്തിൽ വ്യാപൃതനാകേണ്ട കാര്യമില്ലെന്നും രാജാവ് അദ്ദേഹത്തെ അറിയിച്ചു. ഈ സാഹചര്യത്തിൽ പരസ്യമായി അദ്ദേഹത്തെ കാണാൻ സാധിക്കാതെ വന്നു.

ശ്രീ. എം.ഒ. ജോസഫ് നെടുംകുന്നം വലിയകപ്പിത്താൻ എന്ന ഗ്രന്ഥത്തിൽ (പേജ് 99) ഇപ്രകാരം എഴുതിയിരിക്കുന്നു. "ദേവസഹായത്തെ വധിക്കുവാൻ കല്പനയായിരിക്കുന്നതായി മുരിശടിച്ചു പരസ്യപ്പെടുത്തുവാൻ രാജാവ് കല്പിച്ചു. ക്രിമിനൽ പുള്ളികളെ ശിരച്ഛേദനം ചെയ്തിരുന്ന സ്ഥലത്തേയ്ക്ക് ദേവസഹായത്തെ വിലങ്ങുവച്ചു കൊണ്ടുപോയി. ചെണ്ടക്കാർ മുമ്പിൽ നടന്ന് അദ്ദേഹത്തിന്റെ പേരിലുള്ള ശിക്ഷാവിധി ഉച്ചത്തിൽ പരസ്യം ചെയ്തുകൊണ്ടിരുന്നു. വധസ്ഥലത്തേയ്ക്ക് അദ്ദേഹത്തെ നയിച്ചിരുന്ന ഭടന്മാർ ക്രൂരമായ വിധത്തിലാണ് അദ്ദേഹത്തോട് പെരുമാറിയത്. വധസ്ഥലത്ത് എത്തിയപ്പോൾ ശിക്ഷ നീട്ടിവച്ചിരിക്കുന്നതായുള്ള രാജകല്പന ഭടന്മാർക്ക് കിട്ടി.

അവർ ദേവസഹായത്തെ തിരികെ ജയിലിൽ കൊണ്ടുവന്ന് അടച്ചു. തന്റെ അയോഗ്യതനിമിത്തമായിരിക്കണം വേദസാക്ഷിമുടി തനിക്ക് ലഭിക്കാതെ പോയതെന്ന് ആ ധീരൻ ശങ്കിച്ചു. ശിക്ഷാവിധി നീട്ടിവയ്ക്കാനുള്ള കാരണം വെറും കാരുണ്യമായിരുന്നില്ല. തടവുകാരനെ നല്ലവണ്ണം പീഡിപ്പിക്കപ്പെടുന്നപക്ഷം അദ്ദേഹം മതത്യാഗം ചെയ്യാതിരിക്കുകയില്ലായെന്നുള്ള ദളവായുടെ അഭിപ്രായം ഒന്ന് പരീക്ഷിച്ചുനോക്കണമെന്നേ രാജാവ് കരുതിയുള്ളു.

അതിനാൽ അടുത്ത ദിവസം ദേവസഹായംപിള്ളയെ ഒരു കഴുതപ്പുറത്തുകയറ്റി. തെരുവീഥികളിലൂടെ കൊണ്ടുനടന്നു പ്രദർശിപ്പിച്ചു. മുക്കാലും

www.malankaralibrary.com

മൂഢരായ ബഹുജനങ്ങൾ, രാജകോപത്തിന് പാത്രമായ ഈ കുററപ്പുള്ളിയെ തങ്ങളാൽ ആവുംവിധം പരിഹസിക്കുകയും അപമാനിക്കുകയും ചെയ്തിരുന്നു.

ജനങ്ങളുടെ സാന്നിദ്ധ്യത്തിൽ ദിനംപ്രതി ചൂരൽവടികൊണ്ട് മുപ്പത ടിവീതം കൊടുത്ത് വെയിലിൽ കെട്ടിയിടുകയെന്നതായിരുന്നു സാമാന്യ ശിക്ഷാസമ്പ്രദായം. കണ്ണിലും മൂക്കിലും കുരുമുളക്പൊടി തിരുമുക തുടങ്ങി പോലീസുകാർ സ്വീകരിക്കാറുള്ള അടവുകളെല്ലാം ദേവസഹായത്തിന്റെ മേലും പ്രയോഗിച്ചുനോക്കി. പക്ഷെ അത്ഭുതകരമായ ശാന്തതയോടും ക്ഷമാശീലത്തോടുംകൂടി എല്ലാ പീഡകളെയും ക്രിസ്തുവിനുവേണ്ടി അദ്ദേഹം സഹിച്ചു.

പക്ഷെ ദളവായും മഹാരാജാവും പ്രതീക്ഷിക്കാത്ത പ്രത്യാഘാതങ്ങളാണ് ഈ മർദ്ദനപരിപാടി ഉളവാക്കിയത്. ദേവസഹായംപിള്ളയെ മതത്യാഗിയാക്കുന്നതിനാണല്ലോ ഈ പീഡനപദ്ധതി അവർ അംഗീകരിച്ചത്. അദ്ദേഹത്തിന്റെ സഹനശക്തിയും വിശ്വാസസ്ഥിരതയും ദൈവഭക്തിയും അക്രൈസ്തവരിൽ പലരെയും ക്രിസ്ത്യാനികളാക്കിതീർക്കുകയാണ് യഥാർത്ഥത്തിലുണ്ടായത്. ഇപ്പണി പന്തിയല്ലന്ന് അവർ മനസ്സിലാക്കി. ദേവസഹായത്തെ എത്രയുംവേഗം ജയിലിൽ കോണ്ടുവന്ന് അടയ്ക്കുവാൻ ദളവാ കല്പനയായി.

ഈ ക്രൈസ്തവഭക്തനെ ജയിലിൽ വന്ന് പലരും രഹസ്യമായി സന്ദർശിച്ചുകൊണ്ടിരുന്നു. പല ഉദ്ദേശങ്ങളോടുകൂടിയാണ് അദ്ദേഹത്തെ ജനങ്ങൾ സന്ദർശിച്ചിരുന്നത്. ചിലർ അദ്ദേഹത്തെ ആശ്വസിപ്പിക്കുന്നതിനാണ് വന്നതെങ്കിൽ മറ്റുചിലർ അദ്ദേഹത്തിന്റെ പ്രാർത്ഥനയെ തങ്ങൾക്കായി അഭ്യർത്ഥിക്കുന്നതിനുവേണ്ടിയായിരുന്നു. മർദ്ദനത്തിന്റെ കാഠിന്യം വർദ്ധിക്കുന്തോറും ദേവസഹായംപിള്ളയുടെ വിശ്വാസസ്ഥിരത കൂടുകയും, വിശ്വാസികളുടെ സംഖ്യ പെരുകുകയുമാണെന്നുള്ള യാഥാർത്ഥ്യം രാജാവിനും ദളവായ്ക്കും മനസ്സിലായി. എങ്ങനെയെങ്കിലും പിള്ളയെ മതത്യാഗം ചെയ്യിക്കാൻ ശ്രമം തുടർന്നു. പീഡനങ്ങൾ അനുദിനം വർദ്ധിച്ചുകൊണ്ടിരുന്നു. അധികാരികൾ മാറിമാറി വന്ന് ശിക്ഷാവിധികൾ വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. പിള്ളയിൽ യാതൊരുവിധ ഭാവവ്യത്യാസവും ഉണ്ടാകാത്തതിനാൽ കരിഞ്ചുരമുള്ളുകൊണ്ട് പ്രഹരിക്കുവാൻ ഏർപ്പാടുചെയ്തു. തന്മൂലം ഉണ്ടായ മുറിപ്പാടുകളിൽ കുരുമുളക് അരച്ചുതേച്ച് പുലിയൂർക്കുറിച്ചികാട്ടിൽ ഒരു പാറപ്പുറത്ത് കൊണ്ടുപോയി ഇരുത്തി. പാറപ്പുറത്തെ ഇരുപ്പ് അദ്ദേഹത്തെ അവശനാക്കി. ദാഹിച്ചുവലഞ്ഞു. കുടിവെള്ളം അദ്ദേഹം ആവശ്യപ്പെട്ടു. ചവറുകൾ വീണ് അഴുകിനാറിയ വെള്ളം മൺചട്ടിയുടെ ഓട്ടുകഷണത്തിൽ കൊണ്ടുവന്ന് അദ്ദേഹത്തിനു നൽകി. അതുകൊണ്ട് അദ്ദേഹത്തിന്റെ ദാഹം ശമിച്ചില്ല. വീണ്ടും അദ്ദേഹം ജലം ആവശ്യപ്പെട്ടു. കുപിതരായ ഭടന്മാർ അദ്ദേഹത്തെ മർദ്ദിക്കുകയും പാറപ്പുറത്ത് തള്ളിയിടുകയും ചെയ്തു. ആ

www.malankaralibrary.com

പാറപ്പുറത്ത് മുട്ടിന്മേൽ നിന്ന് അദ്ദേഹം പ്രാർത്ഥിച്ചു. മുട്ടുകുത്തിയസ്ഥലത്ത് പാറപിളരുകയും അവിടെ നിന്ന് അത്ഭുതകരമായ ഒരു ഉറവ ഒലിച്ചു വരുകയും ചെയ്തു. പുലിയൂർകുറിച്ചി മുട്ടുഇടിച്ചാൽ പാറയെന്നാണ് അവിടം അറിയപ്പെടുന്നത്. ഈ സ്ഥലത്താണ് മിഖായേൽ മാലാഖയുടെ ദേവാലയം സ്ഥിതിചെയ്യുന്നത്. ഇന്നും ഭക്തജനങ്ങൾ ഈ നീരുറവയിലെ ജലം കണ്ട് നിർവൃതിയടയുന്നു.

## 9. ഉണക്കമരം തളിർക്കുന്നു

ദേവസഹായംപിള്ളയെ മാറിമാറി ഓരോ സ്ഥലങ്ങളിൽ പാർപ്പിച്ച് പീഡിപ്പിക്കുകയാണ് ചെയ്തത്. അങ്ങനെ പല പ്രദേശങ്ങളിൽ ചുറ്റിയടിച്ച് പെരുവിള ആരാച്ചാരുടെ കസ്റ്റഡിയിൽ കൊണ്ടുപോയി. ഒരു ഉണക്കവേപ്പുമരത്തിൽ അദ്ദേഹത്തെ കെട്ടിയിട്ടു. തണൽ ലഭിക്കാതിരിക്കുന്നതിനാണ് ഉണങ്ങിയ മരത്തിൽ അദ്ദേഹത്തെ കെട്ടിയിട്ടത്. പക്ഷെ ആ മരം അത്ഭുതകരമായി തളിർത്തു. ഈ കാഴ്ചകണ്ട് ആരാച്ചാരും അനുയായികളും അത്ഭുതപ്പെട്ടു. കാറ്റും മഴയും വെയിലും തണുപ്പും ഒന്നുപോലെ അനുഭവിച്ചുകൊണ്ട് അദ്ദേഹം അവിടെ കഴിച്ചുകൂട്ടി. ഒരു മൃഗത്തെപ്പോലെയാണ് അദ്ദേഹം കഴിഞ്ഞുകൂടിയത്. ഡിലനായി ഒരുമിഷനറി മുഖാന്തിരം ദേവസഹായംപിള്ളയുമായി ആശയവിനിമയം ചെയ്തുകൊണ്ടിരുന്നു. മർദ്ദനവിധേയനായ തന്റെ സുഹൃത്തിനെ ആശ്വസിപ്പിക്കുന്നതിനും സാദ്ധ്യമായ ലഘുസഹായങ്ങൾ ചെയ്തുകൊടുക്കുന്നതിനും ഡിലനായി പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

ദേവസഹായത്തെ മർദ്ദിക്കുന്നതിൽ ദളവായോ അക്രൈസ്തവരെ ക്രിസ്തുവിലേക്ക് ആകർഷിക്കുന്നതിൽ ദേവസഹായമോ യാതൊരു അലംഭാവവും പ്രദർശിപ്പിച്ചില്ല. പക്ഷേ സംഗതികളുടെ ഈ പോക്ക് ദേവസഹായത്തെ കൂടുതൽ പ്രശാന്തചിന്തനാക്കിയപ്പോൾ ദളവായെ അത്യധികം ക്ഷോഭിപ്പിക്കുകയാണ് ചെയ്തത്. കഴിയുന്നത്ര ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിലും അവരുടെ വസ്തുവകകൾ അപഹരിക്കുന്നതിനും തന്ത്രജ്ഞനായ ആ പരദേശബ്രാഹ്മണൻ മടിച്ചില്ല. തന്മൂലം പല ക്രിസ്ത്യാനികളും സമീപരാജ്യങ്ങളിലേക്ക് കുടിയേറിപ്പാർത്തു.

ഓരോ സ്ഥലം മാറുമ്പോഴും അധികാരികളുടെ മനോഭാവം അനുസരിച്ചുള്ള പീഡനങ്ങൾ ഏൽക്കേണ്ടിവന്നു. അതേസമയം വളരെയധികം രോഗികൾ അദ്ദേഹത്തിന്റെ പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു. സന്താനമില്ലാതിരുന്ന പെരുവിള ആരാച്ചാരുടെ അപേക്ഷയനുസരിച്ച് ദേവസഹായം പ്രാർത്ഥിച്ചതിന്റെ ഫലമായി അയാൾക്ക് ഒരു ആൺകുട്ടി ജനിച്ചു.

ഒരു ദിവസം രാത്രി ഉറങ്ങിക്കിടക്കുമ്പോൾ തിരുക്കുടുംബം ദേവസഹായത്തിന് പ്രത്യക്ഷപ്പെട്ടു. ആ വിവരം വടക്കൻകുളംപള്ളി വികാരിയെ അറിയിച്ചു. വടക്കൻകുളംപള്ളിയിലെ തിരുക്കുടുംബം നേരിട്ടുവന്ന് അദ്ദേഹത്തെ അനുഗ്രഹിച്ചതാണെന്ന് വികാരി ദേവസഹായത്തെ ബോദ്ധ്യപ്പെടി

www.malankaralibrary.com

ത്തി. കോട്ടാർപള്ളി വികാരി തൊമ്മാസിനി അച്ചൻ ദേവസഹായത്തിന് കുമ്പസാരവും കുർബാനയും കൊടുത്തു.

ഇതിനിടയിൽ ദേവസഹായത്തെ വിഷം കൊടുത്തു കൊല്ലണമെന്ന് അധികാരികൾ രഹസ്യമായി തീരുമാനിച്ചു. ഈ വിവരം രഹസ്യമായി ദേവസഹായത്തെ ആരാച്ചാർ അറിയിച്ചു. തടങ്കലിൽ നിന്നും രക്ഷപെടുവാനും ഉപദേശിച്ചു. ആരാച്ചാരുടെ ഉപദേശം സ്വീകരിക്കാതെ സ്വജീവനെ ക്രിസ്തുവിനുവേണ്ടി ഉപേക്ഷിക്കുവാൻ ദേവസഹായം തീരുമാനിച്ചു. ദേവസഹായം അറിയാതെതന്നെ വിഷം കലർന്ന പാനം കൊടുത്തു. കുരിശടയാളം വരച്ച് അദ്ദേഹം വിഷം പാനം ചെയ്തു. പക്ഷെ ആ വിഷം അദ്ദേഹത്തിന് ഒട്ടും ഏറ്റില്ല. അപ്പോഴേക്കും മർദ്ദനം തുടങ്ങിയിട്ട് മൂന്നുവർഷം കഴിഞ്ഞിരുന്നു. ദേവസഹായം സ്വർഗ്ഗീയസന്ദേശം എപ്പോഴും അനുഭവിച്ചുകൊണ്ടിരുന്നു.

തടവിൽ കഴിഞ്ഞ സന്ദർഭത്തിൽ ഈശോസഭയുടെ സുപ്പീരിയറായിരുന്ന റവ. ഫാ. പിമാന്റൽ അച്ചൻ ദേവസഹായത്തെ വന്ന് സന്ദർശിച്ചു. ദേവസഹായത്തിന്റെ കൈകാലുകൾ ബന്ധിച്ചിരുന്ന ചങ്ങല കൈയിലെടുത്ത് മുത്തിക്കൊണ്ട് "ഈ ചങ്ങലകൾ കാലാന്തരത്തിൽ സ്വർഗ്ഗീയ വളകളായി ശോഭിക്കുമെന്ന് ഫാ. പിമാന്റൽ അച്ചൻ പ്രവചിച്ചു.

പെരുവിളയിലെ കന്നുകാലിതൊഴുത്തിലെ ദേവസഹായത്തിന്റെ ജീവിതം കുറെ സ്വാതന്ത്ര്യത്തോടുകൂടിയായിരുന്നു. ഈ വിവരം അറിഞ്ഞ അധികാരികൾ തിരുവിതാംകൂറിന്റെയും പാണ്ടിയുടെയും അതിർത്തിയായ ആരുവാമൊഴിയിൽ കൊണ്ടുവന്ന് ഒരു പൂവരശുവൃക്ഷത്തിൽ കെട്ടിയിട്ടു. കാറ്റും മഴയും വെയിലും കൊണ്ട് വിലങ്ങുമായി അവിടെകിടന്ന് നരകയാതന അനുഭവിച്ചു. ഇരിക്കാനും കിടക്കാനും സാധിക്കാത്ത നിലയിലായിരുന്നു അദ്ദേഹം. ആഹാരംപോലും അദ്ദേഹത്തിന് നൽകുന്നതിൽ അധികാരികൾ വിമുഖത കാണിച്ചു. ആരുവാമൊഴിയിലെ ജീവിതം ജനങ്ങൾ അറിഞ്ഞു. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ സ്വീകരിക്കുവാനും പ്രാർത്ഥനാസഹായം അഭ്യർത്ഥിക്കുവാനുമായി ജനങ്ങൾ കൂട്ടംകൂട്ടമായി വന്നുകൊണ്ടിരുന്നു. അവശരും രോഗികളും സന്ദർശിച്ച് സമാധാനം കൈക്കൊണ്ടു. ഭയങ്കര മർദ്ദനങ്ങൾ ഏറ്റിട്ടും ദേവസഹായത്തിൽ യാതൊരു മാറ്റവും ഉണ്ടാകാത്തതിൽ അധികാരികൾ അത്ഭുതപ്പെട്ടു. ഈ നില തുടർന്നാൽ ഈ നാട്ടിലെ ജനങ്ങൾ മുഴുവൻ ക്രിസ്തുമതത്തിൽ ചേരാൻ സാദ്ധ്യതയുണ്ട് എന്ന് അധികാരികൾക്ക് തോന്നി. വിവരങ്ങൾ എല്ലാം രാജാവിനെ അവർ അറിയിക്കുകയും ചെയ്തു.

തന്നെ ക്രിസ്തുവിന്റെ ഒരു അനുയായിയായി സ്വീകരിച്ച ഫാ. പുത്താരി എസ്.ജെ. യോട് ദേവസഹായംപിള്ളയ്ക്ക് പിതൃനിർവിശേഷമായ ഭക്തിബഹുമാനങ്ങളുണ്ടായിരുന്നു. മർദ്ദനങ്ങൾ കൊണ്ടൊന്നും ദേവസഹായത്തിന്റെ വിശ്വാസത്തെ ഇളക്കുവാൻ സാധിക്കുന്നില്ലെന്നു കണ്ടപ്പോൾ അദ്ദേഹത്തെ വധിക്കുന്നതിനുള്ള അനുവാദം രാജാവ് നൽകി. നീലകണ്ഠനെ

www.malankaralibrary.com

കാറ്റാടി മലയിൽ കൊണ്ടുപോയി ആരും അറിയാതെ വധിക്കുന്നതിനുള്ള ഉത്തരവാണ് നൽകിയത്.

രഹസ്യമായിട്ടാണ് മരണവിധി പുറപ്പെടുവിച്ചതെങ്കിലും പരിശുദ്ധാരൂപിയുടെ സഹായത്താൽ ദേവസഹായം മരണവിധി കൃത്യമായി അറിഞ്ഞിരുന്നു. ഈ സന്ദർഭത്തിൽ ദേവസഹായത്തിന്റെ ഭാര്യ ത്രേസ്യാമ്മ പലസ്ഥലങ്ങളിലും ചുറ്റിസഞ്ചരിച്ച് അദ്ദേഹത്തിന്റെ സമീപമെത്തി. സുന്ദരികളിൽ സുന്ദരിയായി കഴിഞ്ഞിരുന്ന ത്രേസ്യാമ്മ ദുഃഖിച്ച് എല്ലുംതോലുമായി തീർന്ന കാഴ്ച വളരെ ദയനീയമായിപോയി. ഭർത്താവിന്റെ പാദങ്ങളിൽ മുട്ടുകുത്തി വീണുവണങ്ങി അവൾ കരഞ്ഞു. ദേവസഹായം ഭാര്യയോടു പറഞ്ഞു. "നീ എന്നെ ഭർത്താവായി സ്വീകരിച്ചതിനുശേഷം ഒരിക്കലും സന്തോഷിച്ചിട്ടില്ല. എന്നും ക്ലേശങ്ങൾ മാത്രമാണ് നിനക്ക് അനുഭവപ്പെട്ടിട്ടുള്ളത്. എന്റെ സമ്പത്തുകൾക്ക് നീ അവകാശി ആയിരിക്കുന്നതുപോലെ എന്റെ കഷ്ടതകൾക്കും അപമാനത്തിനും നീ പങ്കാളിയായിരിക്കും. ഈ കഷ്ടപ്പാടുകൾ എല്ലാം സന്തോഷത്തോടെ സ്വീകരിച്ചു സ്വർഗ്ഗഭാഗ്യത്തിന് അവകാശിയാകണം." ത്രേസ്യാമ്മ കരഞ്ഞു കരഞ്ഞു തളർന്നു. ദേവസഹായത്തിന്റെ ആശ്വാസവാക്കുകളിൽ അവൾ സംതൃപ്തി കണ്ടെത്തി. അങ്ങനെ സ്വാന്തനമരുളി ത്രേസ്യാമ്മയെ പറഞ്ഞയച്ചു. തന്റെ മരണശേഷം വടക്കൻകുളത്തെത്തി ശിഷ്ടജീവിതം കഴിക്കണമെന്നും സർവ്വശക്തനായ ദൈവം നിന്നെ രക്ഷിക്കുമെന്നും അദ്ദേഹം ത്രേസ്യാമ്മയോടു പറഞ്ഞു.

മരണത്തിന് രണ്ടുനാൾ മുൻപ് ഒരു മഹോദരരോഗിയെ ദേവസഹായത്തിന്റെയടുക്കൽ എത്തിച്ചു. ദേവസഹായം മഹോദരരോഗിയുടെ തലയിൽ കൈവച്ച് കുരിശടയാളം വരച്ചു പ്രാർത്ഥിച്ചു. മഹോദരരോഗി അത്ഭുതകരമായി സുഖം പ്രാപിച്ചു. സത്യദൈവത്തെ ആരാധിക്കുകയും വിശ്വസിക്കുകയും ചെയ്യണമെന്ന് ഉപദേശിച്ച് ദേവസഹായം മഹോദരരോഗിയായ സ്ത്രീയെ പറഞ്ഞയച്ചു.

ആരുവാമൊഴി ഇടവകയിൽ ഭൂരിപക്ഷവും ഇവരുടെ സന്താനങ്ങളാണെന്നാണ് പറയുന്നത്. പിന്നീടുള്ള രണ്ടു ദിവസം പ്രാർത്ഥനക്കും ധ്യാനത്തിനുമായി അദ്ദേഹം ചിലവഴിച്ചു.

ദേവസഹായം പിള്ളയെ അറസ്റ്റ് ചെയ്ത് ജയിലിൽ പാർപ്പിച്ച സംഭവവും പല സ്ഥലങ്ങളിൽ മാറി മാറി പാർപ്പിച്ച സംഭവവും വിശ്വാസദീപം എന്ന ഗ്രന്ഥത്തിൽ തീയതികൾ സഹിതം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൃത്യമായ കാലം മനസ്സിലാക്കുന്നതിന് അവ സഹായിക്കുമെന്നതിനാൽ ആ കാര്യങ്ങൾ താഴെ ചേർക്കുന്നു. 1749 വരെ സുവിശേഷ വേല ചെയ്തു. 1949 ഫെബ്രുവരി 23-ാം തീയതി അറസ്റ്റു ചെയ്യപ്പെട്ടു. 11 മാസം ജയിൽ വാസവും 16 ദിവസം നടത്തിയും കഷ്ടപ്പെടുത്തി. 1750 ജനുവരി 23 മുതൽ ഫെബ്രുവരി 23 വരെ കൽക്കുളം താലൂക്കധികാരിയിൽ നിന്നും ശിക്ഷ അനുഭവിച്ചു. ഫെബ്രുവരി 24 മുതൽ മാർച്ച് 24 വരെ അഗസ്തീശ്വരം താലൂക്കധികാരി

www.malankaralibrary.com

യുടെ ശിക്ഷ അനുഭവിച്ചു. മാർച്ച് 25-ാം തീയതി മുതൽ ഏപ്രിൽ 26-ാം തീയതീ വരെ തോവാള താലൂക്കധികാരിയിൽ നിന്നും ശിക്ഷ അനുഭവിച്ചു. ഏപ്രിൽ 27-ാം മുതൽ മെയ് 26 വരെ വിളവങ്കോട് താലൂക്കധികാരിയിൽ നിന്നും ശിക്ഷ അനുഭവിച്ചു. മെയ് 28-ാം തീയതി മുതൽ ജൂൺ 27-ാം തീയതി വരെ നെയ്യാറ്റിൻകര താലൂക്കധികാരിയുടെ പീഢനത്തിന് പാത്രമായി. ജൂൺ 28 -ാം തീയതി മുതൽ ജൂലൈ 29 വരെ നെടുമങ്ങാട് താലൂക്കധികാരിയിൽ നിന്നും ശിക്ഷ അനുഭവിച്ചു. ജൂലൈ 30-ാം തീയതി മുതൽ ആഗസ്റ്റ് 31-ാം തീയതി വരെ ചിറയൻകീഴ് താലൂക്കധികാരിയുടെ പീഡനങ്ങൾ സഹിച്ചു. സെപ്റ്റംബർ 1-ാം തീയതി മുതൽ 30-ാം തീയതി വരെ തിരുവനന്തപുരം താലൂക്കധികാരിയുടെ പീഡനങ്ങൾക്ക് പാത്രമായി. ഒക്ടോബർ മുതൽ നവംബർ അവസാനം വരെ രണ്ടുമാസങ്ങൾ പത്മനാഭപുരം ജയിലിലും മണലി ചുണ്ണാമ്പു ചൂളയിലും ആയിരുന്നു താമസിച്ചിരുന്നത്. 1750 ഡിസംബർ മുതൽ 1751 മെയ് അവസാനം വരെ പുലിയൂർ കുറിച്ചിയും പെരുവിളയിലുള്ള ദുരാചാരന്മാരുടെ ജയിലിലും പാർത്തു. 1751 ജൂൺ മുതൽ ആഗസ്റ്റ് അവസാനം വരെ രാമൻ പുതൂർ ജയിലിലും സെപ്റ്റംബർ മുതൽ 1752 ജനുവരി 13-ാം തീയതി വരെ ആരൽ വായ്മൊഴി ജയിലിലും താമസിപ്പിച്ചു. 1752 ജനുവരി 14-ാം തീയതി കാറ്റാടി മലയിൽ വച്ച് വെടിയുണ്ടയേറ്റു മരിച്ചു.

## 10. ദേവസഹായംപിള്ളയുടെ രക്തസാക്ഷിത്വം

1752 ജനുവരി 14-ാംതീയതിയാണ് ദേവസഹായം രക്തസാക്ഷിത്വം വരിച്ചത്. അന്ന് വെളുക്കുന്നതിനു മുമ്പു തന്നെ ആരുവാമൊഴിയിൽ എത്തി ഒരു അധികാരി ദേവസഹായത്തെ തന്റെ മുമ്പിൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു അധികാരിയുടെ മുമ്പിൽ ദേവസഹായത്തെ ഭടന്മാർകൊണ്ടു വന്നു. താങ്കളെ മറ്റൊരു സ്ഥലത്തേക്കു മാറ്റിപ്പാർപ്പിക്കുവാൻ രാജകല്പനയുണ്ട് അദ്ദേഹം ദേവസഹായത്തോടു പറഞ്ഞു എന്നെ എവിടേയ്ക്കാണ് എന്തിനാണ് കൊണ്ടു പോകുന്നതെന്നും നിങ്ങൾ രഹസ്യമായി വച്ചിരിക്കുന്നകാര്യങ്ങൾ എല്ലാം എനിക്കറിയാമെന്നും ദേവസഹായം അധികാരിയോടു പറഞ്ഞു ഭടന്മാർ ദേവസഹായത്തെ വളരെ വേഗം നടക്കാൻ നിർബന്ധിച്ചു. കാലിലും കൈകളിലും വിലങ്ങു പൂട്ടിയിരുന്നതുകൊണ്ട് വേഗത്തിൽ നടക്കാൻ സാധിച്ചില്ല. കൈകാലുകളിൽ നിന്ന് രക്തം വാർന്ന് ഒലിച്ചു കൊണ്ടിരുന്നു നടപ്പിൽ വേഗതകുറവായിരുന്നുവെങ്കിലും പ്രസന്നനായിട്ടാണ് അദ്ദേഹം കാണപ്പെട്ടത്. കൈകാൽ വിലങ്ങുകൾക്കിടയിൽ ഒരു നീളമുള്ള കോൽ തിരുകി രണ്ടറ്റവും പൊക്കിക്കൊണ്ട് കാറ്റാടി മലക്ക് അദ്ദേഹത്തെ കൊണ്ടു പോയി. വേദന സഹിക്കാവുന്നതിലധികമായിരുന്നു കാറ്റാടി മലയിൽ അദ്ദേഹത്തെ എത്തിച്ചപ്പോൾ നിറതോക്കുകളുമായി ഭടന്മാർ അവിടെ നിൽപ്പുണ്ടായിരുന്നു.

പി. അന്തോനിമുത്തു രചിച്ച ദൈവദാസൻ ദേവസഹായം പ്രഥമ

www.malankaralibrary.com

ഇന്ത്യൻ രക്തസാക്ഷി എന്നഗ്രന്ഥത്തിൽ ദേവസഹായത്തിന്റെ അന്ത്യത്തെപ്പറ്റി (പേജ് 28,29) ഇപ്രകാരം എഴുതിയിരിക്കുന്നു."പുണ്യനായകൻ അവരോട് അനുവാദം വാങ്ങി മുട്ടു കുത്തിനിന്ന് പ്രാർത്ഥന തുടങ്ങി ഈശോയുടെ കാൽവരിപീഢനങ്ങളെപ്പറ്റി മുഴുവൻ ധ്യാനിച്ചു. ഇതേവരെ ചെയ്തിട്ടുള്ള നന്മകൾക്ക് ദൈവത്തിന് നന്ദിപറഞ്ഞു. കർത്താവേ എന്റെ ശരീരത്തെയും അത്മാവിനേയും ഒരുപോലെ സ്വീകരിക്കണമേ എന്ന് പ്രാർത്ഥിച്ചുകൊണ്ട് കണ്ണുകൾ മേല്പോട്ട് ഉയർത്തിനമസ്കരിച്ചിട്ട് അല്പനേരം മൗനമായി മുട്ടുമ്മേൽ നിന്നു. നിന്നസ്ഥലത്തുനിന്ന് എഴുന്നേറ്റപ്പോൾ അദ്ദേഹം മുട്ടുകുത്തിനിന്ന പാറയിൽ കാലിന്റെയും കൈമുട്ടിന്റെയും പാടുകൾ ദൃശ്യമായതു കണ്ട് അധികാരികൾ അമ്പരന്നുപോയി. ബലിയാടുപോലെ തലകുനിഞ്ഞു നിന്ന വേദസാക്ഷിയെ അവിടെ ഉണ്ടായിരുന്ന പൊക്കമുള്ള പാറയിൽ കയറ്റി നിർത്തി. ചുറ്റിലും നിറതോക്കുമായി നിന്ന മുന്നുഭടന്മാർക്കും അധികാരി നിറയൊഴിക്കാനുള്ള നിർദ്ദേശം നല്കി.

മൂന്നു ഭടന്മാരും ഒരേ സമയം നിറയൊഴിച്ചു. ആവെടികൾ വേദസാക്ഷിയുടെ ശരീരത്തിൽ കൊണ്ടിട്ടും മരിച്ചില്ല. അദ്ദേഹം മരിച്ചില്ല എന്നു മനസ്സിലാക്കിയ ഭടന്മാർ അമ്പരന്നു നിന്നു. അപ്പോൾ നേരം പാതിരാത്രി കഴിഞ്ഞിരുന്നു ഭടന്മാരും അധികാരികളും അവിടെ സംഘം ചേർന്ന് ആലോചിച്ചു. രാജകല്പന കിട്ടിയിട്ടും ഈ ആളിനെകൊല്ലാതെ മഹാരാജാവിന്റെ അടുത്തു ചെന്നാൽ എന്തായിരിക്കും നമ്മുടെ സ്ഥിതി അവർ വ്യാകുലപ്പെട്ടു. ചുണ്ണാമ്പു ചൂളയിലും മുളകു ചൂളയിലും തിളച്ച എണ്ണപ്പാത്രത്തിലും ഇട്ടിട്ടും ഇദ്ദേഹം ഇപ്പോൾ മരിച്ചില്ലായെങ്കിൽ നമ്മൾ കുഴപ്പത്തിലാകും എന്ന് ചിന്താകുലരായി തലപുകഞ്ഞ് ആലോചിച്ചു. മൂന്ന് വെടികൾ എറ്റ് പാറചുവട്ടിൽ പിടഞ്ഞു വീണ ദേവസഹായം ദീനസ്വരത്തിൽ ഈശോ മറിയം യൗസേപ്പേ എന്നെ രക്ഷിക്കണമേ ഈശോയെ എന്നെ മുഴുവനായി അങ്ങേക്ക് സമർപ്പിക്കുന്നു.പരിശുദ്ധമറിയമേ ലോകമാതാവേ എന്നെ രക്ഷിക്കണമേഎന്ന് വിളിച്ചപേക്ഷിച്ചു. വീണ്ടും ഭടന്മാർ അദ്ദേഹത്തിന്റെ നെഞ്ചു ലക്ഷ്യമാക്കി വെടിവെച്ചു. ഇങ്ങനെ ദേവസഹായം ഈശോ മിശിഹായുടെ ഛായയിൽ ഉള്ള മുറിവുകളോടു കുടിമഹനീയമായ വേദസാക്ഷി മകുടം സ്വീകരിച്ചു........... വേദസാക്ഷി മരിച്ചപ്പോൾ പടിഞ്ഞാറു വശത്തുണ്ടായിരുന്ന വലിയ പാറയുടെ ഒരു ഭാഗം പൊട്ടിയടർന്നുവീണു അതിന്റെ ശബ്ദം പള്ളിമണിയുടേതായിരുന്നു ആ അത്ഭുതകരമായ കാഴ്ച കണ്ട് ഭടന്മാരും അധികാരികളും നടുങ്ങി. ആ പാറയിൽ തട്ടിയാൽ ഇപ്പോഴും മണിനാദം കേൾക്കാൻ സാധിക്കും മാലാഖമാർ അദ്ദേഹത്തിന്റെ പുണ്യാത്മാവിനെസ്വർഗ്ഗത്തിലേക്ക് ആനയിച്ചതിന്റെ അടയാളമായിരുന്നു അത്. തിരുശരീരത്തെ വിലങ്ങോടുകുടി അവിടെ ഉപേക്ഷിച്ചിട്ട് ഭടന്മാർ തിരിച്ചു പോയി. വേദസാക്ഷി വെടിയേറ്റുവീണ സ്ഥലത്തിനടുത്ത് നിൽക്കുന്ന ആൽമരത്തിന്റെ ഇലകൾ അന്നു മുതൽ ഇന്നുവരെയും തീയുടെ മഞ്ഞനിറം പകർത്തി ആ സ്ഥലത്തിന്റെ വിശുദ്ധിയെ ചൂണ്ടികാ

www.malankaralibrary.com

ണിച്ചുകൊണ്ടു നിൽക്കുന്നു."

തങ്ങളുടെ ക്രൈസ്തവനായകനെ ബന്ധിച്ചിരുന്ന സ്ഥലത്ത് കാണാത്തതിനാൽ അദ്ദേഹത്തെ എവിടെ കൊണ്ടുപോയി എന്ന് ജനം സംശയിച്ചു. അന്വേഷണം തുടർന്നു. പത്തനാപുരം, കോട്ടാർ, വടക്കൻകുളം പള്ളികളിലെ ബഹു. വൈദീകരെയും ക്യാപ്റ്റൻ ഡി ലെനോയിയേയും വിവരങ്ങൾ അറിയിച്ചു. കാറ്റാടിമലയിൽ എത്തി ശരീരത്തിന്റെ അവശിഷ്ടങ്ങൾ തേടി കണ്ടുപിടിച്ച് കോട്ടാറ്റു വലിയപള്ളിയിൽ - വി. ഫ്രാൻസീസ് സേവ്യർ പുണ്യാളന്റെ നാമത്തിലുള്ള പള്ളിയിൽ പൂജ്യമായി അടക്കം ചെയ്തു. അന്ന് കോട്ടാറ്റുപള്ളി കൊച്ചി രൂപതയുടെ കീഴിലായിരുന്നു. കൊച്ചിമെത്രാൻ ദേവസഹായത്തിന്റെ മരണവിവരമറിഞ്ഞ് അദ്ദേഹത്തിനുവേണ്ടി പൊന്തിഫിക്കൽ കുർബ്ബാന അർപ്പിച്ചു. ദേവസഹായത്തിന്റെ സന്മാർഗധീരതയേയും സത്യവിശ്വാസത്തേയും പറ്റി പ്രസംഗിക്കുകയും ചെയ്തു.

ദേവസഹായംപിള്ളയുടെ ശവകുടീരത്തിൽ ആയിരങ്ങൾ എത്തി പ്രാർത്ഥിക്കുന്നു. ദേവസഹായംപിള്ള വധിക്കപ്പെട്ടതിനു ശേഷം ഭാര്യ ത്രേസ്യാമ്മ തന്റെ അമ്മയോടുകൂടി വടക്കൻകുളത്തുപോയി താമസിച്ചു. 14 വർഷം പ്രാർത്ഥനയിൽ കഴിച്ചുകൂട്ടിയ ത്രേസ്യാമ്മ അവിടെവച്ച് മരണം പ്രാപിച്ചു. ആശ്വാസമാതാവിന്റെ പള്ളിയുടെ ഇടതുവശത്ത് ത്രേസ്യാമ്മയുടെ ശരീരം അടക്കം ചെയ്തു. അവരുടെ ശവകുടീരത്തിലും ജനങ്ങൾ ഭക്തിയോടെ ചെന്ന് പ്രാർത്ഥിക്കുന്നതായി വടവൈമാതാ നൂറ്റാണ്ടുമലർ എന്ന ഗ്രന്ഥത്തിൽ 16-ാം പേജിൽ ചേർത്തിട്ടുണ്ട്.

ദേവസഹായം വെടിയേറ്റു മരിച്ച കാറ്റാടിമല അന്ന് ഒരു കാടായിരുന്നു. പിള്ളയോടുള്ള ബഹുമാനസൂചകമായി അവിടെ ധാരാളം ആളുകൾ കുടിയേറി പാർത്തു. ദേവസഹായം പിള്ള മരിച്ച സ്ഥലത്ത് വ്യാകുലമാതാവിന്റെ നാമത്തിൽ ഒരു ദേവാലയം നിർമ്മിക്കുകയും വെടിയേറ്റുമരിച്ചുകിടന്ന സ്ഥലത്ത് കരിങ്കല്ലുകൊണ്ട് ഒരു കുരിശുനാട്ടുകയും ചെയ്തു. അവിടെ രാത്രിതോറും വിശ്വാസികൾ വിളക്ക് കത്തിച്ച് പ്രാർത്ഥിച്ചുപോരുന്നു. വ്യാകുലമാതാവിന്റെ ദേവാലയത്തിൽ നിന്നും മുന്നൂറ് അടിയോളം അകലെയുള്ള സ്ഥലത്താണ് ദേവസഹായത്തെ വെടിവെച്ചത്. വ്യാകുലമാതാപള്ളിയിൽ നിന്നും ആളുകൾ മുട്ടുകുത്തിനടന്ന് നേർച്ച നിറവേറ്റുക പതിവാണ്.

ഇന്ത്യയിലുള്ള എല്ലാ ജാതിയിൽപ്പെട്ട ജനങ്ങളും വേദസാക്ഷിയുടെ കീർത്തിയും സമാധാനവും വിശ്വാസവും വീരമരണവും എന്നെന്നും കീർത്തിച്ചും പുകഴ്ത്തിയും വരുന്നവരാണ്. ഫാ. ജെ.പി. പുട്ടാരിയുടെ പുസ്തകത്തിൽ 77-ാം ഖണ്ഡികയിൽ പറയുന്നത് ഡച്ച്, ഇറ്റാലിയൻ, ലത്തീൻ, ഫ്രഞ്ച്, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, മലയാളം ഭാഷകളിൽ ദേവസഹായം പിള്ളയുടെ ചരിത്രം എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട് എന്നാണ് മാർ ജോസഫ്കരിയാറ്റിയും പാറേമാക്കൽ തോമ്മാകത്തനാരും കൂടി ദേവസഹായം പിള്ളയെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കുവാൻ അദ്ദേഹവുമായി

www.malankaralibrary.com

ബന്ധപ്പെട്ട സ്ഥലങ്ങളെല്ലാം കാൽ നടയായി സഞ്ചരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ജീവചരിത്രം ലത്തീനിൽ എഴുതി 1778 ഒക്ടോബർ മാസം 14-ാം തീയതി ആറാം പീയുസ് മാർപാപ്പായ്ക്ക് നേരിട്ടു സമർപ്പിച്ചു. പാറേമ്മാക്കൽ തോമ്മാക്കത്തനാർ രചിച്ച വർത്തമാന പുസ്തകം പേജ് 197-ൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ഞങ്ങൾ രണ്ടുപേരും റോമാപുരിയിൽ ആയിരിക്കുമ്പോൾ ദേവസഹായം പിള്ളയുടെ ജീവചരിത്രം മുഴുവൻ ലത്തീൻ ഭാഷയിൽ കരിയാറ്റി ജോസഫ് മാല്പാൻ ഭംഗിയായി എഴുതി. അതോടു കൂടി അധികാരമുള്ള കർദ്ദനാൾ ബോർജ്ജിയാ തിരുമേനിക്ക് ഒരു അപേക്ഷ എഴുതി ഞങ്ങൾ കൊടുത്തു. തിരുവിതാംകൂറിലെ മലങ്കര സഭയുടെ ശക്തി കുറവിനെയും പാപ്പരത്വത്തെയും ഞങ്ങൾ എടുത്തു പറഞ്ഞു ഈ വേദസാക്ഷിക്ക വിശുദ്ധപദവി കൊടുക്കുവാനുള്ള പ്രവർത്തനങ്ങളിൽ ശ്രദ്ധക്കുറവ് ഒന്നും വരരുത് എന്ന് കർദ്ദനാൾ തിരുമേനിയോടു വളരെ താഴ്മയായി അപേക്ഷിച്ചു. റോമാപുരിയിൽ കൊടുത്ത വേദസാക്ഷിയുടെ ജീവചരിത്രത്തിന്റെ ഒരു കോപ്പി ഞങ്ങളുടെ കൈവശമുണ്ടായിരുന്നു അത് പോർട്ടുഗലിലെ ഞങ്ങളുടെ സ്നേഹിതനായ യൂശെകായത് താനെചാമഡ് കിത്തേ എന്ന വൈദികൻ വായിക്കാൻ വാങ്ങിക്കൊണ്ടു പോയി. എന്നാൽ അദ്ദേഹത്തിന്റെ കൈയ്യിൽ നിന്നും അതു നഷ്ടപ്പെട്ടു".

ദേവസഹായം പിള്ളക്ക് ജ്ഞാനസ്നാനം നൽകിയ പുട്ടാരി അച്ചന്റെ ജീവചരിത്രം ഇറ്റാലിയൻ ഭാഷയിൽ ഒരു ഈശോസഭാ വൈദികൻ രചിക്കുകയുണ്ടായി. ആഗ്രന്ഥത്തിലാണ് പിള്ളയുടെ ജീവചരിത്രത്തെക്കുറിച്ചുള്ള കുറിപ്പ്ആദ്യമായി പ്രസിദ്ധീകരിച്ചത്. തിരുവിതാങ്കോട് ജയിലിൽ ദേവസഹായം പിള്ളയോടൊപ്പം താമസ്സിച്ച തൊമ്മ മുത്തുകവി പിള്ളയുടെ ചരിത്രം ഓലയിൽ എഴുതി. തുടർന്ന് പലനാടകങ്ങളും ഓലയിൽ എഴുതിയിട്ടുണ്ട് ഈശോ സഭയുടെ ശ്രേഷ്ഠനായിരുന്ന ആർ.എഫ്. പിമാന്റയും, മറ്റൊരു ഈശോസഭാ വൈദികൻ തമിഴിലും പിള്ളയുടെ ജീവചരിത്രം തമാശ്ശാക്കിയിട്ടുണ്ട്. കൊല്ലം രൂപതയിലെ ഏലിയാസ്സച്ചൻ വേദസാക്ഷിയെക്കുറിച്ചുള്ള വാർത്തകൾ ശേഖരിച്ച് റോമാപുരിയിലുള്ള ഒരു മാസികയിൽ ലേഖനപരമ്പര പ്രസിദ്ധീകരിക്കയുണ്ടായി. വിദ്വാൻ എ. മാധവടിയാനം ശ്രീമതി മേരി ജോണും ജീവചരിത്രം പ്രസിദ്ധീകരിക്കുകയുണ്ടായി. എം. എസ്.ജെ. തങ്കസ്വാമി MA BT, ഫാ.എസ് ജോസഫ്, ശ്രീമാൻ പി.ജെ. ദാസ്, പി. അന്തോനി മുത്തു തുടങ്ങിയവരും ദേവസഹായം പിള്ളയുടെ ജീവചരിത്രം എഴുതിയിട്ടുണ്ട്.

ദേവസഹായംപിള്ളയുടെ പ്രവർത്തനങ്ങളെപ്പറ്റി പഠിച്ച പലരും വിശുദ്ധപദവി കൊടുക്കാനുള്ള നടപടികൾ ആരംഭിക്കണമെന്ന് അഭിപ്രായപ്പെട്ടു 1993 ഡിസംബർ 8-ാം തീയതി നാമകരണത്തിനുവേണ്ടി രൂപതാനടപടികൾ ആരംഭിച്ചു. അനതി വിദൂരഭാവിയിൽ ആ പുണ്യപുരുഷനെ വിശുദ്ധപദവിയിലേക്ക് ഉയർത്തുവാൻ ഇടയാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# വലിയകപ്പിത്താനും ദൈവദാസൻ ദേവസഹായംപിള്ളയും



ജോൺ കച്ചിറമററം

ധീരന്മാരും ദേശസ്നേഹികളുമായ മഹദ് വ്യക്തികളുടെ ചരിത്രം പഠിക്കുമ്പോൾ മാത്രമേ, മുൻ തലമുറക്കാർ അനുഷ്ഠിച്ച ത്യാഗങ്ങളും അവർ നൽകിയ നേതൃത്വവും എത്ര മഹത്തരമായിരുന്നെന്ന് മനസ്സിലാകുകയുള്ളു. മതപരവും ദേശീയവും സാമൂഹികവുമായ മണ്ഡലങ്ങളിലെല്ലാം ചുരുക്കം ചില വ്യക്തികൾ അവസരത്തിനൊത്തു പരിശ്രമിച്ചിരുന്നില്ലെങ്കിൽ ഇന്നു വിവിധ മണ്ഡലങ്ങളിൽ നാം കൈവരിച്ചിട്ടുള്ള നേട്ടം ഉണ്ടാകുമായിരുന്നെന്ന് മനസ്സിലാകുകയുള്ളു. മതപരവും ദേശീയവും സാമൂഹികവുമായ മണ്ഡലങ്ങളിലെല്ലാം ചുരുക്കം ചില വ്യക്തികൾ അവസരത്തിനൊത്തു പരിശ്രമിച്ചിരുന്നില്ലെങ്കിൽ ഇന്നു വിവിധ മണ്ഡലങ്ങളിൽ നാം കൈവരിച്ചിട്ടുള്ള നേട്ടം ഉണ്ടാകുമായിരുന്നില്ല. എങ്കിലും ചരിത്രവസ്തുതകൾ എഴുതി സൂക്ഷിക്കുന്ന കാര്യത്തിൽ നാം എക്കാലവും പിന്നിലായിരുന്നു എന്നത് ഒരു പരമാർത്ഥമാണ്. അതുകൊണ്ട് അവശ്യം അറിഞ്ഞിരിക്കേണ്ട പല സംഭവങ്ങളെയും അവയ്ക്കെല്ലാം നേതൃത്വം കൊടുത്ത ആളുകളെയും പറ്റിയുള്ള വിവരങ്ങൾ ഇന്നു ലഭ്യമല്ല. ഇപ്രകാരം വിസ്മൃതിയിൽ ആണ്ടു കിടക്കുന്ന കാര്യങ്ങളെപ്പറ്റി അന്വേഷണം നടത്തി അവയെല്ലാം ജനമദ്ധ്യേ അവതരിപ്പിക്കുന്നതിന് ശ്രീ ജോൺ കച്ചിറമറ്റം ചെയ്യുന്ന പരിശ്രമം അഭിനന്ദനാർഹമാണ്.

മലയാള നാടിന്റെ നന്മയ്ക്കും വേണ്ടി പടപൊരുതുകയും വിശ്വാസസംരക്ഷണത്തിനുവേണ്ടി ജീവാർപ്പണം ചെയ്യുകയും ചെയ്ത ഈ മഹാത്മാക്കളെപ്പോലും ചില ആധുനികചരിത്രകാരന്മാർ അവഗണിക്കുകയാണ്. ചരിത്രകാരന്മാരുടെ നെറ്റിപ്പട്ടം കെട്ടുന്ന ചിലർ മൺമറഞ്ഞ മഹാന്മാരെ അംഗീകരിക്കാൻ മടിക്കുന്നത് ഖേദകരമാണ്. ഇന്നലെകളിലൂന്നിയാണ് ഇന്ന് നില്ക്കുന്നതെന്ന് അവർക്ക് മനസ്സിലാകുന്നില്ലെന്നു തോന്നുന്നു. ഇന്ന് ഇന്നലെകളായി നാളെ മാറുമ്പോൾ, ഇന്നത്തെ മാന്യമാരുടെ സ്ഥിതിയും വ്യത്യസ്ഥമായിരിക്കില്ലെന്ന് അവർ ഗ്രഹിച്ചിരുന്നെങ്കിൽ!

ഇവിടെയാണ് ശ്രീ. ജോൺ കച്ചിറമറ്റത്തിന്റെ വിജയം. ഉത്കൃഷ്ടസേവനം ചെയ്തവരെങ്കിലും വിസ്മൃതിയിലാണ്ടുപോയ മഹത് വ്യക്തികൾക്ക് പുനർജന്മം നൽകുകയാണ് ശ്രീ. കച്ചിറമറ്റം തന്റെ ഗവേഷണ പഠനങ്ങളിലൂടെ. ഗ്രന്ഥകർത്താവിന് അഭിനന്ദനങ്ങളും പുസ്തകത്തിന് പ്രചുരപ്രചാരവും ആശംസിക്കുന്നു.

ഡോ.കുര്യൻ മാതോത്ത്.

Distribution : വിമല പബ്ലിക്കേഷൻസ് കാഞ്ഞിരപ്പള്ളി 686507 ഫോൺ : 04828-202665, 202906

cover design : Joseph francis / Pala / 9447137342

www.malankaralibrary.com